120

Carmel Monastery.
P. O. Vazhakulam.
Kerala State

DHARMARAM COLLEGE
LIBRARY
BANGALORE-29

റൊസ പുണ്യവാളത്തിയു
ടെയും ലിദ്വീനാ
പുണ്യവാളത്തിയുടെയും

ചരിത്രങ്ങൾ.

—o—

ഇത

ക. ടി. മൂ. സ. മഞ്ഞുമ്മൽ
ആശ്രമവാസികളിൽ ഒരുവരാൽ

മലയാഴ്മയിൽ
പരിഭാഷപ്പെടുത്തപ്പെട്ടു,

വരാപ്പുഴെ
മെത്രാപ്പൊലീത്താസ്സുപ്പുട്ടുത്ത
അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടുത.
1883
Superiorum permissu.

ക. 2

VITÆ

SS. ROSÆ VITERB. ET LYDWINÆ

EX L. SURIO

AB UNO T. O. C. D.

Conventus Magnume

——oOo——

Superiorum perrmisu

Ex Typographia Archiepiscopali

VERAPOLI

1883.

DHARMARAM COLLEGE
LIBRARY
BANGALORE-29

CARMEL CONVENT

മുഖവുര

ംരം ഭൂമിയിൽ മനുഷ്യർ, ലൊകം പിശാ
ചു ശരീരം എന്നീ മൂന്നു ശത്രുക്കളൊടും ധീ
ര പൊരാട്ടം കഴിച്ചു ജയം പ്രാപിച്ച ശെ
ഷം, ംരം ജയസമ്മാനമായി നിത്യാനന്ദസ്വ
ർഗ്ഗവാസം ലഭിക്കുന്നതിനുവെണ്ടി, ദൈവം
മനുഷ്യരെ ഇപ്പുരദെശത്തിൽ സ്വല്പ കാല
ത്തെക്കു ജീവിപ്പിക്കയും, അതിനിടയിൽ സാ
ധാരെണ കഠിന പൊരാട്ടങ്ങളിൽ അവരെ
ഉൽപ്പെട്ടുത്തുകയും ചെയ്യുന്നു. യൊഗ്യമാംവ
ണ്ണം യുദ്ധംചെയ്തു ജയം പ്രാപിക്കുന്നവക്കു
മാത്രമെ മൊക്ഷകിരീടവും നിത്യജീവിത
വും സിദ്ധിക്കയുള്ളു.

നിത്യസമ്മാനത്തിനു യൊഗ്യമായ ംരം
തിരുപ്പൊരാട്ടം എങ്ങനെ കഴിക്കെണ്ടു എ
ന്നന്നായി ഗ്രഹിച്ചു, അത്യുത്സാഹത്തൊ
ംരം യുദ്ധം കഴിക്കുന്നതിനു സത്യവിശ്വാ
സൈന്യത്തിന്റെ ഉത്തമ നായകന്മാരാ
ശുദ്ധമാക്കപ്പെട്ടവർ ചെയ്ത ജ്ഞാന യുദ്ധ
ങ്ങളും അവയിൽ അവർ അനുസരിച്ച വി
ധങ്ങളും, പ്രാപിച്ച മഹത്വ ജയവിരുതുക

ളും മറ്റു എന്മാരും അറിയുമൊ, അതുയും
ഏവക്കു ംരം ജ്ഞാന യുദ്ധത്തിൽ പരിജ്ഞാ
നവും സൂക്ഷ്മവും ശ്രദ്ധാന്തിയും വർദ്ധിക്കുമെ
ന്നത നിശ്ചയമായിരിക്കുന്നു.

എന്നാൽ നമ്മുടെ കെരളത്തിൽ ഇങ്ങ
നെയുള്ള ശ്രുദ്ധിമാന്മാരുടെ ചരിത്രവിവര
മെന്നപ്പൂ പെരുക്രുടെയും സാധാരണകെട്ട
റിവുള്ളവരതുലൊം ചുരുക്കമായിരിക്കുന്നു.
ംരം പൊരായ്മ അല്പമായെകിലും നീങ്ങുന്ന
തിന്നും, സത്വതിരുസ്സുഭയിൽ ഓരൊ ജ്ഞാ
നയുദ്ധങ്ങളിലും പുണ്യാദ്ധ്യാസങ്ങളിലും അ
ത്ഭുത ശൊഭ ലഭിച്ചുരിക്കുന്നവരായ ഓരൊ
പുണ്യാത്മാക്കളുടെ അത്ഭുത ചരിത്രം അറിഞ്ഞു
അവരെ ംരം സുശ്രുതജീവിതമുഖയിൽ അനു
കരിക്കുന്നതിന്നു ഏവരെയും ആകർഷിപ്പാനു
മായിട്ടത്രെ ഓരൊ ചരിത്ര സംഗ്രഹമെകി
ലും പ്രസ്ഥാപിപ്പാൻ ശ്രമിക്കുന്നതു.

ഇതിന്നുമുമ്പിൽ "തിരുചർത്രമഞ്ജരി,, എ
ന്ന നാമമായി പന്ത്രണ്ടു ശ്രുദ്ധിമാന്മാരുടെ
ചരിത്രത്തെ സംഗ്രഹമായി പ്രസ്ഥാപിച്ചതു
പൊലെ, ഇപ്പൊഴും അത്ഭുത കുറമില്ലായ്മ
യുടെയും, ക്ഷമ, എളിമ, ദൈവസ്നെഹം,

പരസ്നേഹം എന്ന പുണ്യങ്ങളുടെ അപൂർവ്വ ലക്ഷ്യാന്തമായ ശ്രീ: റൊസ, ലിഡ്വീനാ എന്ന രണ്ടു പരിശുദ്ധ കന്യകകളുടെ ചരിത്ര സംക്ഷേപത്തെയും പ്രസിദ്ധമാക്കുന്നു.

ഇതിൽ, ഇതിനുമുമ്പിൽ സാധാരണ കെട്ടിട്ടില്ലാത്ത ലിഡ്വീനാ എന്ന പുണ്യവതിയുടെ പേരും, അവരുടെ മഹാവിസ്മയമായ ചരിത്രവും കൊൽക്കുന്നതിനോടെ അനേകം അനേകം മഹാപുണ്യവതിമാരെയും, അനേകം ജീവിതത്തിൽ നമുക്കു അനുകരിക്കേണ്ടും ലക്ഷ്യാന്തമായും, ദൈവത്തിൻപക്കൽ വല്ലഭമുള്ള മദ്ധ്യസ്ഥയായും തെരിഞ്ഞെടുക്കയും, നൂതനമായി ഒരു പുണ്യവതിക്രൂടെയും, നമ്മുടെ അനേകം സ്വദേശികളുടെ മദ്ധ്യസ്ഥ ഗണത്തിൽ എണ്ണപ്പെട്ടു അനേകം സാഫല്യവർദ്ധിക്കയുംചെയ്യുമെന്ന വിശ്വസിച്ച സന്തുഷ്ടിയോടെ അനേകം അല്പവേല ചെയ്തിരിക്കുന്നു.

കന്യകയായ
റൊസ പുണ്യവാളത്തിയുടെ
ചരിത്ര സംക്ഷേപം.



ശ്രീ: റൊസ പതിമ്മൂന്നാം യുഗത്തിന്റെ ഏകദേശം മദ്ധ്യത്തികൾ ഭക്തിമാന്മാരായ മാതാപിതാക്കന്മാരിൽനിന്ന, ഇത്താല്യദേശത്തിൽ വിത്തെർബ്ബൂം എന്ന നഗരിയിൽ പിറന്നു. നന്നാ ചെറുപ്രായംമുതൽക്കതന്നെ ഓരോ പുണ്യപൈതലിൽ ശൊഭിച്ച അതിശയമായ ദൈവ ദാനങ്ങളാലും, സ്വാഭാവിക സൽഗുണങ്ങളാലും, പുണ്യകാഴ്ചകളിന്മെൽ കാണിച്ചിരുന്ന വിശേഷ പക്ഷത്താലും ഏവർക്കും വിസ്മയം തൊന്നിച്ചിരുന്നു. പൈതൽപ്രായം മുതൽക്കെ അത്ഭുതമാംവണ്ണം ലൌകിക ബഹുമാനങ്ങളും സുഖസന്തൊഷാദികളൊക്കെയും വെറുത്ത, ഹീനവസ്ത്രം ധരിച്ച, മഹാ എളിമയൊടെ നടക്കയും, നൊയമ്പുകളും, കഠിന തപസ്സുചട്ടകളും, ചമ്മട്ടി അടികളും, ദീർഘ ജപധ്യാനങ്ങളും, മറനെകപ്രായശ്ചിത്ത

ങ്ങളുംകൊണ്ട എരുയും മൃദുവായതെഹത്തെസ
ദാപീഡിപ്പിക്കയുംചെയ്യുവന്നു. ഇങ്ങനെയുള്ള
ശരീരനിഗ്രഹങ്ങളും ലൌകിക സുഖസന്തൊ
ഷപരിത്യാഗവുംകൊണ്ടു ജ്ഞാനസ്നാനത്തിൽ
കൈക്കൊണ്ട ദൈവൈക്ഷപ്രസാദ ശൊഭയെ
യും ശെഷം ദൈവീക ദാനങ്ങളെയും അത്ഭു
തമാംവണ്ണം ഉണ്ണിപ്രായംതൊട്ടെ വൎദ്ധിപ്പി
ച്ച മഹത്വപ്പെടുത്തുകയും ശൊഭിപ്പിക്കയും
ചെയ്തതിനാലെ ചെറുപ്രായത്തിൽതന്നെ മെ
ല്പെട്ട ധ്യാനത്തിന്റെ ദാനവും, അത്ഭുതംചെ
യ്യുന്നതിന്നുള്ള വരവും പ്രാപിച്ചിരുന്നു. ഒരം
പൂണ്യവതി ഉണ്ണിപ്രായമായിരിക്കയിൽ ഇ
വരുടെ അമ്മായി മരിച്ചു, കുടുംബം മുഴുവ
ന്നും വലിയ പ്രലാപമായി. എന്നാൽ ഒരം
പരിശുദ്ധ പൈതൽ അവരുടെ അടുക്കൽ
ചെന്ന ഉറക്കത്തിൽനിന്നു ഉണൎത്തിഎഴുന്നെ
ല്ലിക്കുന്നതുപൊലെ അവരെ വീണ്ടു ജീവി
പ്പിച്ച എഴുന്നെല്പിച്ചു.

ഭിക്ഷക്കാരുടെ നെരെയുണ്ടായിരുന്ന മ
ഹാ സ്നെഹവും അനുഗ്രഹവുംകൊണ്ടതന്റെ
ഭക്ഷണത്തിന്നായിട്ടുണ്ടായിരുന്ന യാവനക്ര
ട്ടുങ്ങളെക്രൂടെയും അല്പാമാത്രം തിന്നുകൊണ്ട

ശേഷിച്ച ഉള്ളതൊരൊരുത്തക്ക ധർമ്മമായികൊ
ടുത്തിരുന്നു. വാഴ്ത്തും കൊടുത്തുകൊണ്ട സ
ഹായിപ്പാൻ മെലാതെയായി വന്നിരുന്ന
പ്പോൾ, വല്ല വെലയിൽ സഹായിച്ചുകൊ
ണ്ടൊ, നല്ല വാക്കുകളെ പറഞ്ഞുകൊണ്ടിട്ടെ
കിലും അവക്കാശപാസവും സന്തൊഷവും വ
രുത്തുവാൻ പ്രയാസപ്പെട്ടിരുന്നു. ഒരിക്കൽ
തൻറെ ഭക്ഷണത്തിന്നായിട്ടുണ്ടായിരുന്ന അ
പ്പംതന്നെ ഭിക്ഷക്കാക്ക കൊടുപ്പാനായി മ
ടിയിൽ ഇട്ടുകൊണ്ട ഒപൊകയിൽ അപ്പൻ ക
ണ്ട അതെന്തൊകുന്നു എന്ന മടി തുറന്നു കാ
ണിപ്പാൻ കല്പിച്ചു. ഒരം പരിശുദ്ധ പൈത
ൽ ഉടനെ മടി തുറന്നപ്പോൾ, ആ അപ്പങ്ങ
ളുകളൊക്കെയും ദൈവീക അത്ഭുതത്താൽ
ബഹു വിശെഷ പൊസപ്പുക്കുങ്ങളായി പകന്നി
രുന്നു. കന്യാതപം എന്ന പുണ്യത്തെ തനത
പ്രാണനെപൊലെ സ്നെഹിക്കയും, കണ്മിഴി
പൊലെ ഭദ്രമായി കാക്കയുംചെയ്തിരുന്നതി
നാൽ മാനുഷ രൂപം ധരിച്ച ഒരു ദൈവ
അരൂപി എന്ന തൊന്നിയിരുന്നു. ഒരം പു
ണ്യവതിയെ കണ്ടിരുന്നവക്കൊക്കെക്കും ഒരം
കാഴ്ചയാലെതന്നെ ശുദ്ധതമെൽ മഹാ പ്രീ

യവും പക്ഷവും ജനിക്കയും, അശുദ്ധ വിചാ
രങ്ങളുണ്ടായിരുന്നാൽ നീങ്ങിപ്പോകയും ചെ
യ്തിരുന്നു. യാതൊരു ലൌകിക സംസർഗ്ഗംകൂ
ടാതെ ദൈവത്തോടുമാത്രം ജ്ഞാനസംസർഗ്ഗ
മായി തനത ആയുസ്സുകാലം കഴിക്കേണമെ
ന്നുണ്ടായിരുന്ന ആഗ്രഹാധിക്യത്താലെ എട്ടു
വയസ്സു നടക്കയിൽതന്നെ തനത വീട്ടിലെ
ഒരു ചെറിയ മുറി തന്റെ ഏകാന്തവാസ
ത്തിന്നായി തിരിഞ്ഞെടുത്തു അതിൽ രാപകൽ
ജപധ്യാനവും നൊയമ്പും മറ്റു പല തപ
ക്രിയകളുംകൊണ്ടു, എല്ലുയും മൂടുവായ ത
ന്റെ ദേഹത്തെ കഠിനമായ്വണ്ണം പീഡിപ്പി
ക്കയും, രണ്ടാം ഫ്രിദരീക്കൊസ എന്ന ദിക്കു
ചക്രവർത്തിമൂലം ആ കാലത്തിൽ ശ്രീതിരുസ്സ
ഭെക്കു നെരിട്ടിരുന്ന കഠിനവുപദ്രവങ്ങളെയും
കലഹങ്ങളെയും നീക്കി സമാധാനഭാഗ്യംന
ൽകേണമെന്ന ദൈവത്തോട സദാ പ്രാർത്ഥി
ക്കയും ചെയ്തിരുന്നു. ഇപ്രകാരം പാറാവിൽ
എന്നപൊലെ ഒരു ചെറിയ മുറിയിൽ സ
ദാ ഇരുന്ന കഠിന തപസ്സു ചെയ്തുവന്നതി
നാലെ വെഗത്തിൽ മരിപ്പാൻതക്ക ദീനത്തി
ൽ ഉൾപ്പെട്ടു. ആ ദീനയൊഗ്രത്തിൽവെച്ചു

അനുഗ്രഹീതനായ അമ്മയായ പരിശുദ്ധ
മറിയാമിനു കാണപ്പെട്ട് ആശ്വസിപ്പിക്ക
യും ഒരു മാലാഖയുടെ സന്ദർശനത്താൽതന്നെ
മനുഷ്യാവസ്ഥ നൽകുകയുംചെയ്തതിനുശേ
ഷം ശുദ്ധ: അഞ്ചുകായം പ്രാൻസീസ്കോസി
നെ മൂന്നാംസഭയിൽ കൂട്ടുവാൻകല്പിച്ചുകൊ
ണ്ട് മറയപ്പെട്ടുപോയി. ഒരു പരിശുദ്ധകന്യ
കയ്ക്ക് പത്തു വയസ്സായിരിക്കയിൽ തന്നെ
സർവ്വേശ്വരനിൽനിന്നു പ്രാപിച്ചിരുന്ന അ
ത്ഭുതമായ ജ്ഞാനത്തിനെയും സത്യവെളി
വിനെയും ശക്തിയാൽ ഏതെത്ര മനു
ഷ്യരഹസ്യങ്ങളെക്കുറിച്ചും സകലരും വിസ്മ
യിക്കത്തക്കവണ്ണം വിസ്തരിച്ച പഠനയും,
ഈ കാലത്തിലെ ഇടത്തുട ശാസ്ത്രജ്ഞന്മാരെ
യാതൊരു പ്രയാസംകൂടാതെ തർക്കിച്ചു തൊ
ല്പിക്കയും ചെയ്തിരുന്നു. ഇപ്രകാരം ഒരു പ
രിശുദ്ധ പൈതലിനെ അത്ഭുത ജ്ഞാനശ്ര
ദ്ധാന്തികൊണ്ട് അനേക പതിനാരെ സത്യ
തിരുസ്സഭയുടെ ഒന്നിപ്പിൽ ചെയ്തു ഇങ്ങനെ
ഒരു ഒരു പെണ്ണെതൽമൂലം ഇടത്തുട്ടുകാക്ക
സിദ്ധിച്ചുവന്നിരുന്ന തൊലിയും ലജ്ജയുംസ
ഹിയാതെ പ്രീതരിക്കൊസെന്ന ദുഷ്ട ചക്ര

വർത്തിക്കും പരിശുദ്ധ ബാലികയെ തനത കുടുംബത്തോടെ രാജ്യഭ്രഷ്ടാക്കിത്തള്ളുക ഇങ്ങനെ തള്ളപ്പെട്ടശേഷം മെൽപ്പറഞ്ഞ ചക്രവർത്തി ഇന്നപ്പോൾ മരിക്കുമെന്നും, അതിന്റെ ശേഷം തിരുസ്സഭയ്ക്ക് അനുഗ്രഹിക്കപ്പെട്ട സമാധാനം ഉണ്ടാകുമെന്നും ദീർഘദർശനമായി മുമ്പിൽക്കൂട്ടി അറിയിച്ചു. പിറവിയാലെ കുരുടിയായിരുന്ന ഒരു സ്ത്രീയ്ക്ക് അത്ഭുതമായി കാഴ്ച നൽകി. ഒരിക്കൽ പലരുടെമുമ്പാകെവെച്ചു, ഇടത്തുട്ടുകാരത്തിയായ ഒരു സ്ത്രീയൊട സത്യവിശ്വാസകാര്യംകൊണ്ട തർക്കിച്ചു, അവളെ ന്യായങ്ങളൊക്കെക്കൊണ്ടും തൊല്പിച്ചശേഷവും അവൾ തനത അബദ്ധാഭിപ്രായത്തിൽ മുറുക്കപതയൊടെനിൽക്കുന്ന എന്നു കാണുകയിൽ ഒരത്ഭുതംകൊണ്ട അവരെയും മറ്റു പലരെയും സത്യവെദത്തിൽ ചെല്ലുവാൻവെണ്ടി ദീർഘനെരത്തെക്ക ഒരു തീച്ചൂളയുടെ നടുവിൽ സ്ഥിരമായി നിൽക്കാമെന്ന സമ്മതിച്ചു. അതിന്റെശേഷം ദൈവസഹായം അപെക്ഷിച്ചുകൊണ്ട ദെഹത്തിന്നും വസ്ത്രത്തിന്നുപൊലും അല്പ കെടുക്കുടാതെ മൂന്നുമണിനെരത്തെക്ക വച്ചിയ തീച്ചൂളയുടെ നടുവിൽ നിൽക്കുയും,

ംരം മഹാ അത്ഭുത പ്രവൃത്തികൊണ്ട അനെ
കരെസത്യവിശ്വാസത്തിൽചെക്കയും ചെയ്തു.
രാജ്യത്തിൽനിന്ന തള്ളപ്പെട്ടിട്ട കുറെനാ
ൽ കഴിഞ്ഞശേഷം വീണ്ടും സ്വദെശത്തിൽ
തന്നെ പിന്തിരിവാൻ ഇടയാകയും, അപ്പൊ
ൽ സകലരും മഹാ സന്തൊഷത്തൊടും അ
വരുടെ ഒരു മഹാ രക്ഷകിയെപ്പൊലെയും
ംരം പുണ്യബാലയെ കൈക്കൊൽകയും ചെ
യ്തു. ഇതിൻെറശെഷം അവിടെയുണ്ടായിരു
ന്ന സാന്തെമരിയെ ദെ ൊസീസ എന്ന ക
ന്യാസ്ത്രീകളുടെ കൂട്ടത്തിൽ ചെരുവാൻ ആഗ്ര
ഹിച്ചു, തന്നെ ആ സഭയിൽ കൈക്കൊള്ളെ
ണമെന്ന കന്യാസ്ത്രീകളൊടപെക്ഷിച്ചു. എ
ന്നാൽ, അവിടെ കൂടിയതിൻെറശെഷം ഉ
ള്ള ചിലവിന്ന മതിയാകുന്ന ധനമെതും ഇ
വക്ക ഇല്ലായ്കതുകൊണ്ട, അവരുടെ ക്രമ
പ്രകാരം കൈക്കൊളുവാൻ വഹിയാ എ
ന്ന പറഞ്ഞു തള്ളി. അപ്പൊൽ "ഞാൻ ജീ
വിച്ചിരിക്കുമ്പൊൽ ഇവിടെ വസിപ്പാൻ ഇ
ടികിടയാകയില്ലായെങ്കിൽ ഞാൻ മരിച്ച
തിൻെറശെഷം ഇവിടെ പാക്കും" എന്ന
ദിവ്യദർശനമായി പറഞ്ഞുകൊണ്ട, ആദ്യംത

ന്റെ വീട്ടിൽ ഏകാന്തവാസത്തിന്നായി നി
ശ്ചയിച്ചിരുന്ന മുറിയിൽതന്നെ പൊയി മു
മ്പത്തെക്കാൾ ഏറെറം കഠിന തപസ്സും ജപ
ധ്യാനവുമായി ജീവിതം കഴിച്ചുവന്നു. ഇങ്ങ
നെ അവിടെ രണ്ടുവർഷം പാർത്തശെഷം ക
ഠിന ദീനത്തിൽ ഉൽപ്പെട്ട, പതിനെട്ടവയ
സ്സു നടക്കയിൽ, സകല പുണ്യപൂർണ്ണതയൊ
ടെ ഇഹലൊകം വിട്ട, തന്റെ ദിവ്യ മണ
വാളനായ ഒരുശൊ മിശിഹായുടെപക്കൽ
ചെരുകയുംചെയ്തു. മരിച്ചുടനെ ഒരു മാലാ
ഖാക്കൂട്ടത്ത തിരുശ്ശരീരം മഹാ ശൊഭയും
അത്ഭുത സുഗന്ധവും വീശി സകലക്കും വലി
യ വിസ്മയത്തിന്ന കാരണമാകയും ചെയ്തു.
ഒരു തിരുശ്ശരീരം ആത്ത്യം പൊടിയൊ ഏ
ന്ന പെരായ ദെവമാതാവിന്റെ ദെവാല
യത്തിൽ അടക്കപ്പെട്ടു. അതിൽപിന്നെ ഏക
ദെശം മുപ്പത്തു മാസം കഴിഞ്ഞശെഷം ഫാംങ്ങ
ലെക്കൊന്തൊ എന്ന മാപ്പാപ്പാ വിത്തെർബ്ബൊ
എന്ന ഒരു പുണ്യവതിയുടെ പട്ടണത്തിൽവ
സിക്കയിൽ ഒരു പുണ്യവതിതന്നെ മൂന്നുപ്രാ
വശ്യം നിദ്രയിൽ ശ്രീ: മാപ്പാപ്പാക്ക പ്ര
ത്യക്ഷമായി, തന്റെ ശരീരം ഇന്നയിടത്തി

ൽ അടക്കപ്പെട്ടിരിക്കുന്ന എന്നും, അവിടെ നിന്നു തിരഞ്ഞെടുത്തമൽപറഞ്ഞ സാന്ത മരിയെയെ ഒസീസ എന്ന കന്യാസ്ത്രീകളുടെ ആശ്രമദെവാലയത്തിൽ സ്ഥാപിക്കെണമെന്നും അറിയിച്ചു. ൦രം അറിയിപ്പിൻപ്രകാരം ആ ദ്യപ്രൊതാലയത്തിൽനിന്ന തിരഞ്ഞെടുക്കയും അപ്പൊൾ യാതൊരല്പ അഴിവുക്കുടാതെയും മഹാ അലങ്കാരമായും, ഉയിരുള്ള ദെഹം പൊലെ അവയവങ്ങൽ ഒക്കെയും ഇളക്കമുള്ളതായും, അത്ഭുത പരിമളം വിശിക്കൊണ്ടും കണ്ടെത്തപ്പെട്ടതിനാൽ, മെല്പറഞ്ഞ ശ്രീ: മാപ്പാപ്പായുടെ കല്പനപ്രകാരം മഹാ ആഘൊഷത്തൊടെ, സാന്ത മരിയെ ദെ ഒസീസ എന്ന ആശ്രമദെവാലയത്തിൽ പ്രദക്ഷിണമായി കൊണ്ടുചെന്ന സ്ഥാപിച്ചു. ഇപ്രകാരം ൦ാൻ മരിച്ചശെഷം ആ കന്യാസ്ത്രീകളുടെ ആശ്രമത്തിൽ വസിക്കും എന്ന പറഞ്ഞിരുന്ന ദീഘദർശനവാക്യം നിറവെറുകയും, ആ ദെവാലയത്തിന്ന ഒസപുണ്യവാളത്തിയുടെ ദെവാലയം എന്ന നാമം സിദ്ധിക്കയും ചെയ്തു. ഉയിരുള്ള വിസ്മയമായ ൦രം തിരുശ്ശരീരം ഇത്രവരെ യാതൊരു

ഭയമില്ലാതെ ഇരിക്കുന്ന എന്നുമാത്രമല്ല, വ
ലിയ തീഭയംകൊണ്ടുകൂടെയും ദഹിക്കാതെ
യും, കെടുഭവിക്കാതെയും ഇരിക്കകൂടെയും
ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ആയിരത്തി
മുന്നൂററി എമ്പതെഴാം വക്ത്തിൽ ംരം തിരു
ശ്ശരീരം വെച്ചിരുന്ന ദെവാലയത്തിന്ന തി
പിടിക്കയും, അതിലുണ്ടായിരുന്നവ സമസ്ത
വും അഗ്നിക്കിരയായി ദഹിച്ചുപൊകയുംചെ
യ്തു. എന്നുമാത്രമല്ല; ംരം തിരുശ്ശരീരത്തെ
ഉടുപ്പിച്ചിരുന്ന വിലയെറിയവസ്ത്രങ്ങൾ ആ
സകലം കത്തി ദഹിച്ചു, പലരുടെ നെഞ്ചുക
ളായി ംരം പുണ്യവതിയുടെ കൈവിരലുക
ളിൽ ഇട്ടിരുന്ന അനെക സ്വർണ്ണമൊതിര
ങ്ങൾ കൂടെയും ഉരുകിപ്പൊയെങ്കിലും ംരം
തിരു നിക്ഷെപമായ ശരീരം അതു അഗ്നി
യുടെനടുവിൽ കിടന്ന എന്നുള്ളതിന്റെ ജ്ഞാ
പകത്തിന്നായിട്ടെന്നപൊലെ കുറെ പുക
പിടിച്ച ഭാവമായതല്ലാതെ മറൊരു മൊശ
വും ഭവിച്ചില്ല. ഇപ്രകാരം ദൈവം ംരംപു
ണ്യവതിയുടെനെരെയുള്ള അങ്ങെസ്നെഹവാ
ത്സല്യത്തെ ംരം തിരുശ്ശരീരത്തിലും പ്രത്യക്ഷി
കരിക്കയും, പിന്നീടും അനെക അത്ഭുതങ്ങ

ഫോൽ മഹത്വപ്പെടുത്തുകയും ചെയ്യു.



ലിദ്വീനാ എന്ന ഭാഗ്യവതിയുടെ

അത്ഭുതമായുള്ള ജീവിത ചരിത്ര

സംഗ്രഹം.

ലിദ്വീനാ എന്നീ പുണ്യവതി ഒളാൻദ്യാ യിലുള്ള പ്രഭുവംശത്തിൽ പിറന്നു. ഇവരുടെ വീടു ബഹു ഭക്തിമുറയ്യോടെ കഴിഞ്ഞുവന്നിരുന്നതെങ്കിലും ഒരു നിർഭാഗ്യ ലൊകസമുദ്രത്തിലായിരുന്നതിനാൽ സർവ്വേശ്വരൻ ഒരു തന്റെ പ്രിയപ്പെട്ട മകളെ ആ കലഹ സമുദ്രത്തിൽനിന്ന കൃപയൊടെ എടുത്തു രക്ഷിച്ചു. ഇവരുടെ അപ്പന്റെ പെരു പരൊസ എന്നും, അമ്മയുടെത പെരൊനീല്ലായെന്നുമായിരുന്നു. അവർ വംശംകൊണ്ടു പ്രഭുനാമം ലഭിച്ചവരെങ്കിലും കാലാവസ്ഥയാലും ഗ്രൂഢമായ ദൈവികവിധിയാലും സ്വന്ത കൈവെലയാലെ ജീവിതം കഴിച്ചുവന്നു. എന്നാവരികിലും അവരുടെ കാരണവന്മാരെപ്പൊലെതന്നെ ഒന്നുകൊണ്ടും ആവലാധിപ്പെടാ

തെ ദൈവപ്രമാണങ്ങൾക്ക പൂർണ്ണമായി കീ
ഴ്പ്പെട്ട ജീവിപ്പാൻ എപ്പൊഴും ശ്രമിച്ചിരു
ന്നു. അമ്മയായ പെർക്രോനീല്ല പ്രസവിക്ക
പൊഴൊക്കെയും വലിയ യൊഗ്യത്തിലുൾ
പ്പെട്ടുവന്നതിനാൽ ലിദ്വീനായെ ഗർഭംധരി
ച്ചിരുന്നപ്പൊഴും പ്രസവകാലത്തിലെന്തായെ
ക്കും, മറ്റു ഏഴുമക്കളെ പെറപ്പൊൾ സംഭ
വിച്ചതുപൊലെ ഏറ്റം കഷ്ടപ്പെട്ട പ്രാണ
യൊഗ്യത്തിലായെക്കുമൊയെന്ന നന്നാ ഭയ
ന്നു, ആ സമയത്തിൽ തനിക്ക തുണയായിരി
ക്കെണമെയെന്ന സർവ്വെശ്വരനൊട്ട എന്നെ
രവും പ്രാർത്ഥിച്ചുവന്നു. ഇങ്ങനെയുള്ള സ്ഥിതി
യിൽ ഒരാനന്ദായാഹ്ന പള്ളിയിൽ പൊ
യി, വീട്ടിൽ പിന്തിരിഞ്ഞശെഷം യാതൊരു
യൊഗ്യവും പ്രയാസവും കൂടാതെ പ്രസവി
ക്കയും ചെയ്തു.

പിന്നീടു ജ്ഞാനസ്നാനത്തിൽവെച്ച ദൈ
വീകബൊധജ്ഞാനത്തിന്നു തക്കവണ്ണം "വലി
യ ക്ഷമ,, എന്ന അർത്ഥമായ ലിദ്വീനാ എ
ന്ന നാമവും പെതലിന്നു വിളിച്ചു. സാക്ഷാ
ൽ മഹാ ക്ഷമതന്നെ. അതെന്തെ കീഴ്വരു
ന്ന ചരിത്രത്താൽ സൂക്ഷ്മമായി കാണാവുന്നതു

പൊലെ ഒരം പരിശുദ്ധകന്യക ക്ഷമിച്ചതും സഹിച്ചതും ഗ്രഹിപ്പാൻ വശമാകുന്നതിനെക്കാൾ അധികവും മഹാ അത്ഭുതവുമായിരിക്കുന്നു. ഒരംശൊമിശിഹായുടെ തിരുമെനിയിൽ പൊരാത്ത പാടുകളെ തന്റെ ദെഹത്തിൽ തികെക്കുന്നു എന്ന ശ്ലീഹായൊടുക്കുടെ ഒരം പുണ്യപ്പെട്ടവൾക്കും പറയായിരുന്നു. തള്ളയുടെ മടിയിൽ ഉണ്ണിയായി കിടന്നിരുന്ന പ്രായത്തിൽ തന്നെ മൃത്രാശയക്കല്ല എന്ന ദീനത്താൽ ഉഗ്രമായി സങ്കടപ്പെട്ട കണ്ണുനീരും പ്രലാപനെടുവീപ്പും പുറപ്പെട്ടുത്തിയിരുന്നു. വലിയ ശകുനന്മാക്കുക്രുടെയും സഹിക്കരുതാത്തതായ വ്യാകുലാധിക്യം ഉണ്ണിപ്രായത്തിൽ സഹിച്ചുകൊണ്ടു, പ്രയാത്തൊടുക്രുടെ മെല്ലുമെൽ സഹിപ്പാനിരുന്ന പീഡകൾക്ക ആയത്തമായിവന്നു. കുറെ പ്രായം വന്നകൊഞ്ഞിപ്പുറഞ്ഞുതുടങ്ങിയതിനൊടെ, ആ പ്രായത്തിൽ പാടായിരുന്നപൊലെ ദൈവ കാര്യങ്ങളെയും വെദ അറിവുകളെയും വീട്ടിൽവെച്ചു തന്നെ പഠിപ്പാൻ ജാഗ്രതയൊടെ ശ്രമിച്ചുതുടങ്ങി. മറ്റുള്ള കുട്ടികൾ രുചികരമെൻ അനുഭവിക്കുന്നതിനെക്കാൾ ഏറെറം മധുര ചിത്ത

ത്തൊടെ ലിദ്വീന ത്രികാലജപം ഏത്തിക്കയും, തിരു സ്ഥലങ്ങളെ ചെന്നു വണങ്ങി നമസ്കരിക്കയും, പരിശുദ്ധകന്യാസ്ത്രീ ദെവമാതാവിന്റെ സചിത്രപത്തിന്നു പാടായ സ്നെഹത്തൊടും വണക്കത്തൊടും കൂടെ ആചാരം ചെയ്കസചിപറകയും ചെയ്തുവന്നു.

൨. ഏഴുവസ്സായപ്പൊൽ സമക്കാരായ മറ്റു പെണ്ണുങ്ങളെപ്പൊലെ വിനൊദിച്ചു നടക്കാതെ, കീഴ്വഴക്കത്തിലും ഭക്തിയിലും അവക്കൊക്കെക്കും ഒരു കണ്ണാടിയായിരുന്നു. കന്യാവ്രതത്തെ സ്നെഹിക്കാത്തവരെയും, കൊള്ളരുതാത്ത മറ്റു പെണ്ണുങ്ങളെയും പരിഹരിക്കയും ദെഷിക്കയും കളിവിളയാട്ടങ്ങളൊക്കയും വിട്ടൊഴികയും ചെയ്തിരുന്നു. പലപ്പൊഴും ഇവരുടെ അടുക്കളമാക്കപ്രാതലും മറ്റും കൊണ്ടുപൊയിക്കൊടുക്കുന്നതിന്നായി അമ്മ അയച്ചാലും, ലിദ്വീന വഴിയിലാകുമ്പൊൽ ഇരുമ്പൊടുക്കുന്ന കാന്തം അതിനെ വിടുവാൽമെലാതെ ചെരുന്നതുപൊലെ പരിശുദ്ധകന്യാസ്ത്രീദെവമാതാവിന്റെ ദെവാലയത്തിൽനെരെ ലിദ്വീനാക്കുണ്ടായിരുന്ന സ്നെഹചാപ്പിൽ മുഖാന്തരം ആ ദെവാലയത്തിൽ ഒ

ളിച്ചുചെന്ന ആ പരമനായകിയുടെ തിരു
സന്നിധാനത്തിൻമുമ്പാകെ മുട്ടുകുത്തി ആ രണ്ടു
കൊച്ചുകൈകളെയും ആകാശത്തിൻനേരെ
പൊക്കി സ്നേഹമാധുര്യത്തോടുകൂടെ ഭക്തി
യാൽ ജ്വലിക്കുന്ന ജീവങ്ങളെ ചൊല്ലി അ
പേക്ഷിച്ചുവന്നു. ഇങ്ങനെ ആങ്ങളമാരുടെ
അടുക്കലെക്ക അയച്ചാരെ അധികം താമസി
ക്കുന്നതുകണ്ട ചിലപ്പോൾ അമ്മ പിണങ്ങി
ശാസിച്ചു; അപ്പോൾ "എന്റെ നല്ല അമ്മ
എന്നോടു പിണങ്ങല്ലേ; ഞാൻ ആ നമ്മുടെ
എരുയും അഴകുള്ള നാഥയെയാടു സന്നിധ
രവാൻപോയിരുന്നതാണെ! ആ ദിവ്യനാഥ
യും എന്റെ നേരെ പെരുത്തു കനിവും സ്നേ
ഹപൂന്നാരവും പുഞ്ചിരിയും കാണിച്ചു" എ
ന്നുത്തരിച്ചു. അമ്മ അതുകെട്ടു ദൈവ അ
പിതനെ ംരം പൈതൽ വഴിയായിട്ട പറ
യുന്ന എന്നു വിശ്വസിച്ച മിണ്ടാതിരുന്നു. കു
രെക്കുടെ മുതിൻ മാംസത്തിന്റെ ഭരാശകൾ
ശക്തികാണിപ്പാൻ തുടങ്ങുന്ന പ്രായമായ
പ്പോൾ ലോകം മുഴുവനും ദുഷ്കൃതയിൽ മുഴ
കിയിരിക്കുന്നു; തന്റെ പ്രായക്കാരരായപൈ
ങ്കുരുന്നുകളും തിന്മയുടെ ആഴത്തിലൊട്ടു പാ

ഞ്ഞുവീഴുന്ന എന്ന ലിദ്വീനാകണ്ട തനിക്ക ജ്ഞാനസ്നാനത്തിൽ കിട്ടിയ ദൈവവരപ്ര സാദത്തിന്റെ നിർമ്മലവസ്ത്രത്തെ യാതൊരല്പ പാപക്കറയാലും മാംസമോഹരാശയുടെ അല്പമാ വിയാൽ കൂടെയും അശുദ്ധപ്പെടുത്താതിരി ക്കേണ്ടതിന്ന പാപസമുദ്രമായ ലൊകത്തിൽ നിന്ന ഓടി ഒളിപ്പാൻ ആയപ്രയത്നമൊക്ക യും ചെയ്തുതുടങ്ങി. ഒരും പ്രപഞ്ചസുഖസന്തൊ ഷാദികളെ അനെഷിച്ചു കാലക്ഷെപം ചെ യ്യുന്നവർ വിവാഹം കഴിക്കെണമെന്നും, ദ്ര വ്യസമ്പാദ്യത്തിന്നവെലചെയ്യെണമെന്നും, സു ഖിച്ചുമതിച്ച നടക്കെണമെന്നും മറ്റും പല വിധമായിഗ്രണത്തൊഷിച്ചുവന്ന. എന്നാൽ അ തുകൊണ്ടെന്ത? ഒരുശൊമിശിഹായുടെ സ്നെ ഹത്തിൽനിന്ന ലിദ്വിനായെ അകറ്റുവാൻ തക്ക സ്യഷ്ടിപ്പുണ്ടൊ? നാനാവിധമായ മാനുഷ ക്കുശുകുശുപ്പുകളെ കെൽക്കയിൽ "കർത്താവെ! മാനുഷരുടെ നെരെയുള്ള ക്രമമല്ലാത്ത പ്രീ തിയൊക്കയും എന്നിൽനിന്ന നീ അകറ്റെ ണമെ! യാതൊരു സ്യഷ്ടിപ്പിനൊടും ഉസ്നെഹ മായി ഞാൻ ചെരായ്വാൻ കൃപചെയ്യെണമെ" എന്ന സവ്വെശ്വരനൊടു പ്രാത്ഥിച്ചുവന്ന.

൩. ലിദ്ദീനാ ബഹു ശരീരാലങ്കാരവും ഭാഗിയുമുള്ളവളായിരുന്നു. പന്ത്രണ്ടുവയസ്സു മാത്രം ആയിരുന്നെങ്കിലും വീട്ടുകാര്യങ്ങളൊക്കയും നല്ല സാമർത്ഥ്യത്തൊടും, പരിചയത്തൊടുംകൂടെ നടത്തുകയും, സംസ്കൃങ്ങളൊക്കയില്യാ എല്ലാവക്കും മതിപ്പും പ്രസാദവും വരുത്തുകയുംചെയ്തിരുന്നു. ഇതു മുഖാന്തരത്താൽ പല പല വലിയ ആളുകൾ ഒരുകന്യകയൊടുള്ള വിവാഹം ഇച്ഛിച്ചു, ഒരുകാര്യം ഇവരുടെ അപ്പനൊട്ടു പറഞ്ഞുതുടങ്ങി. അപ്പനും വീട്ടിൽ നന്നാ ദാരിദ്ര്യമായിരുന്നതിനെക്കൊണ്ടു, ഒരുവഴിയായി കുടുംബത്തിന്നു കുറെ ശ്രേയസ്സുണ്ടാകുമെന്നു കരുതി, വലിയ സന്തൊഷ തൃപ്തിയൊടെ ഒരുകാര്യം കൊണ്ടു മകളൊടു പറഞ്ഞു: ലൊകസുഖസന്തൊഷാദികളെ നിരന്തരം വെടുത്ത, പരിശുദ്ധ ആത്മാവുകളുടെ ദിവ്യ മണവാളനായ ഒരുശൊമ്മിശിഹായൊടു ഒന്നിച്ചിരുന്ന ലിദ്ദീനാ ഇതുകെട്ടപ്പൊൾ മുഖത്തെഭാവമാറി ഉൽവിറയലൊടെ "എന്റെ പിതാവെ! ഞാൻ മൺപാത്രമായ ഒരു എന്റെ ശരീരത്തിൽ പരലൊകരാജാവിന്നു പ്രതി

ക്കുച്ചിരിക്കുന്ന നിക്ഷേപമായകന്യാപ്രതത്തെ കാത്തുരക്ഷിക്കുന്നു. ഇതിനെ യാതൊരു മാനുഷ വിവാഹം മൊഹിച്ചു ലംഘിപ്പാൻ പരിഛേദം പാടുള്ളതല്ല. ആയതുകൊണ്ടു മെലാൽ ഇങ്ങനെയുള്ള സംഗതി എന്നെ ഓപ്പിക്കപൊലും ചെയ്യുല്ലെ എന്ന ഞാൻ അപേക്ഷിക്കുന്നു,, എന്നു ഉത്തരിച്ചു. ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കയിൽ മകളുടെ രഹസ്യപ്രവൃത്തിയും ചാപ്പിലുമൊക്കയും വെണ്ടുംവണ്ണും അറിഞ്ഞിരുന്ന അമ്മയും അവിടെവന്നു. അപ്പനും മകളും തമ്മിൽ പറഞ്ഞിരുന്ന കാര്യം അറിഞ്ഞപറഞ്ഞുതായതു: "എന്റെ ഭർത്താവെ, ഒരു നമ്മുടെ മകളൊട്ട കല്യാണ കാര്യംകൊണ്ടു പറയുന്നതു വ്യർത്ഥായ്ണ. ഇത ഇവൾക്ക പക്വമാകാത്ത ഒരു പ്രായാവസ്ഥയും ഇവൾ ദൈവത്തിന്നു നെന്നിരിക്കുന്ന മനസ്സും എല്ലാംകൊണ്ടും വെറുത്തിരിക്കുന്നു. നമ്മുടെ ഒരു ഏകമകൾ അവൾക്കു മനസ്സുണ്ടെങ്കിൽ ഏകദൈവത്തിന്ന തന്റെ കന്യാപ്രതത്തെ വിശേഷമായി കാത്തുവെക്കയത്രെ വെണ്ടതു,, അമ്മ ഇതു പറഞ്ഞുതിനൊടെ ലീദ്യീനായും നല്ല ധൈര്യത്തൊടും അടക്കഭാവത്തൊട്ടും

ക്രൂടെ നെടുവീർപ്പിട്ടുകൊണ്ടു, തന്റെ ഹൃദയ
ചാച്ചിലും ആഗ്രഹവും മാതാപിതാക്കന്മാർക്ക് സൂ
ക്ഷ്മമായി കാണിച്ചു. എങ്ങനെയെന്നാൽ: 'ഞാ
ൻ മനസ്സാലെ വിവാഹംകഴിക്കുന്നതിന്നായാ
തൊരു മാനുഷനും എന്നെ വശീകരിക്കയി
ല്ല്യ. എന്നാൽ ഇതിന്ന എന്നെ ബലമായി
നിർബന്ധിക്കുമെങ്കിൽ ഒരു ലൊകമാനുഷരൊ
ക്കയും എളുപ്പത്തിൽ എന്നെ വിട്ടകലുവാൻ
തക്ക വിരൂപകൊലത്തിൽ എന്നെ ആക്കെ
ണമെന്ന എന്റെ തമ്പുരാൻ കർത്താവിനൊ
ട് ഞാൻ അപെക്ഷിക്കും. എന്റെ തമ്പുരാ
ൻ എന്റെ അപെക്ഷയെ തള്ളുകയുമില്ല,,
എന്നു പറഞ്ഞു. അപ്പൻ ഇതുകെട്ടിട്ട അതി
ല്ലിന്നെ വിവാഹകാര്യ്യംകൊണ്ട മകളെ അ
രിഷ്ടിപ്പിച്ചിട്ടില്ല. എന്നാൽ ലിദ്ധിനാ ഇരു
യെറിയയൊഗ്രൂങ്ങളുടെ ഇടയിൽ തന്റെ ശു
ദ്ധതയെ ഭംഗംകൂടാതെ കാക്കുന്നതു കള്ളന്മാ
രുടെ മദ്ധ്യെ നിക്ഷെപവുംകൊണ്ടു നടക്ക
ുന്നതുപൊലെയത്രെ എന്നു ഗ്രഹിച്ചു, മാനുഷ
സംസർഗ്ഗങ്ങളെയും, ശെഷം പെൺപൈത
ങ്ങളൊടുള്ള അടുപ്പവും, കണ്ടുകാഴ്ചയും ജാ
ഗ്രതയൊടെ വെടിഞ്ഞു, ഏകാന്തവും തപസ്സു

മെന്ന ഞെരുക്കമുള്ള വഴിയിൽക്കൂടെ, ഭദ്ര
മായിനടപ്പാനും, വീട്ടിൽത്തന്നെ ഒളിച്ചിരുന്നു
കൊണ്ടു തൻെറ കന്യാപ്രായത്തെ കണ്ണുനീരും
നെടുവീപ്പും വിട്ടുകൊണ്ടുള്ള പ്രാർത്ഥനയാ
ലെ സ്വർഗ്ഗേശ്വരനു കാഴ്ചവെച്ചു കൃപാളിപ്പാ
നും ഉത്സാഹിച്ചുവന്നു. ഇങ്ങനെ ലൊകമാ
യങ്ങളെയും പ്രപഞ്ച കലഹങ്ങളെയും മുഴു
മനസ്സോടെ വിട്ടുപെക്ഷിച്ചു, വനത്തിൽ ത
നിയെ ഇരിക്കുന്ന ചെങ്ങാലിയെപ്പോലെ,
തൻെറ ദരിദ്രപ്പെട്ടവീട്ടിൽ ഏകാന്തമായിരു
ന്നു, പരിശുദ്ധ ആത്മാക്കളുടെ പ്രിയം നി റ
ഞ്ഞ മണവാളനായ ൟശൊമിശിഹായൊ
ടുകൂടെ മാത്രം സംസർഗ്ഗമായി തുടങ്ങിയപ്പൊ
ൾ, പരിശുദ്ധഹൃദയത്തിൻെറ ലക്ഷണമായ
പരമാത്മാ വർദ്ധിച്ചു, പരമാത്മംകൊണ്ടു ഭ
ക്തിയും, ഭക്തിയാലെ ദൈവസ്നെഹ ഏ
റിവും വിശെഷമായി വർദ്ധിച്ചു. എന്നാൽ സ
ർവ്വെശ്വരൻ ൟ തൻെറ പ്രിയപ്പെട്ട മക
ളെ ഏറൻ വലിയ ദിവ്യദാനത്തിന്നും, ഏ
റൻ ഉന്നത വരപ്രസാദത്തിന്നും ഉയർത്തു
വാൻ തിരുമനസ്സായപ്പൊൾ, മെല്ലൊട്ടു പൊ
ങ്ങുവാനിരിക്കുന്ന പുണ്യ ഉയരത്തിന്നു തക്ക

വണ്ണം അടിസ്ഥാനം ഉറപ്പിപ്പാനും, ശിക്ഷ കൾകൊണ്ടും, നാനാവിധ പാട്ടുപീഡകളാ ലെയും ഇവരെ പരീക്ഷിപ്പാനും തിരുമന സ്സായി. അതെന്തൊ സർവ്വേശ്വരൻ തന്റെ പ്രിയപ്പെട്ട മക്കളെ ഒരു ലോകത്തിൽ അന ക്രൂരത്വം കൂടാതെ ശിക്ഷിപ്പാനും, നിത്യാനന്ദ ത്തിന്ന തിരിഞ്ഞെടുത്തിരിക്കുന്നവരെ തന്റെ ദിവ്യകുമാരന്ന എല്പാംകൊണ്ടും സമമാവാ നും, പ്രത്യേകം പാട്ടുകളിൽ ഒരുശൊമിശി ഹായ്ക്ക സദൃശ്യപ്പെടുവാനും തിരുമനസ്സായി രിക്കുന്നു.

൪. ആകയാൽ ഏകദേശം പതിനാല വയസ്സായപ്പോൾ, ലിദ്വീനായുടെ അലങ്കാ ര ശൊഭയൊക്കെയും തീരെ മറിഞ്ഞു, മുമ്പിൽ മഹാപ്രിയത്തൊടെ ഇവരെ സ്നേഹിച്ച ദാ ഹിച്ചിരുന്നവർക്കുടെയും അറെച്ചു ദ്വേഷിപ്പാ ൻ തക്കവണ്ണം, മുഖവാസനയും അംഗഭംഗി യും നീങ്ങി വിരൂപമായി തീന്നു. ഇതിൽവെ ച്ച ലൊകസ്നേഹിതരുടെ വിശ്വാസ ദൃഢത യും, ലൊകമായത്തിന്റെ അവസ്ഥയും പ ലക്കും ഗ്രഹിപ്പാറായി. ഇതൊക്കെയും വി രൂപമുള്ള ദെഹത്തിൽ കുടെയും അലങ്കാര

മുള്ള ആത്മാവിനെ കാത്തുസ്നേഹിക്കുന്ന സ
ർവ്വേശ്വരന്റെ പ്രവൃത്തിയത്രെ. ഒരുലൊക
സ്നേഹിതൻ സമ്പത്തിന്റെ പെരുപ്പവും, ശ
രീരാലങ്കാരവും നിത്യമൊളം അവങ്കനി
ത്യം; ആയുസ്സൊടുങ്ങുമ്പോൾ അവങ്കം മറഞ്ഞു
പൊകും. എപ്പൊഴും എല്ലാവരെയും സ്നേ
ഹിച്ചു പാലിക്കുന്നവൻ സർവ്വേശ്വരൻ മാത്രം.

ദിനത്താൽ ഏറെനാൾ ബാധിക്കപ്പെട്ട
ലിദ്ധീനാകുറെ സൌഖ്യമായപ്പൊൾ, ഇവ
ങ്കടെ കൂട്ടുകാരത്തിക്കൾ, കുറെ അനുഗ്രഹിപ്പി
ക്കുന്നതിന്നായിട്ടു ഒരു കളിക്കു വിളിച്ചു. അ
തായത: ആ ദെശത്തിൽ ശീതകാലത്തിൽ
കളിരിന്റെ ഉഗ്രംകൊണ്ടു ആറു, നദി മുത
ലായ സ്ഥലങ്ങൾ സ്ഫടികംപൊലെ ഉറച്ചു
കഠിനമായിപ്പൊകും. അപ്പൊൾ ബാലകരും
ബാലികകളും അതിന്മെൽ അങ്ങൊട്ടുമിങ്ങൊ
ട്ടും പാഞ്ഞുകളിക്കയും, പാദരക്ഷയുടെ അ
ടിയിൽ ഒരുവിധ ചെറിയ ചക്രംവെച്ചു, ഒ
രു ഭാഗത്തുനിന്നു മറുഭാഗത്തൊട്ടു അങ്ങു
മിങ്ങും എത്തുംവരെ, നിന്നുവാൻ വ
ഹിയാത്ത ശീഘ്രത്തൊടെ ആ ചക്രത്തിന്മെൽ
തന്നെ ഓടുകയും ചെയ്യും. ഇത്തരം കളിക്കാ

യിട്ടൊരു ലിദ്ധീനായെ വിളിച്ചു; എങ്കിലും ശരീരംകൊണ്ടു ഭ്രവാസിനിയായിരുന്നാലും ആത്മാംകൊണ്ടു പരലൊക കാഴ്ചകളിൽ സുഖിച്ചുവസിക്കയും, സ്വർഗ്ഗശ്ചരനൊട്ടും തെവദൂതന്മാർ, പുണ്യാത്മാക്കൾമുതലായവരൊട്ടും ക്രൂടെ സ്നേഹൈക്യമായി ജീവിക്കയും ചെയ്തിരുന്ന ലിദ്ധീനാക്ക ഇവ ഒന്നിന്മെലും യാതൊരാഗ്രഹവുംചാച്ചിലുമില്ലാഞ്ഞതിനാൽ ഒരും മായസന്തോഷങ്ങളെ അനുഭവിപ്പാൻ തീരെ മനസ്സാകാതെ ഒടുപ്പത്ത കാണിച്ചു. എന്നാലും കളിപ്പാൻ മനസ്സില്ലെങ്കിൽ, തിന്മയല്ലാത്ത കളിക്ക ശേഷംപെരൊട്ടുക്രൂടെ വന്നു കണ്ടുനിന്നുകൊണ്ടു, അവരുടെ ആഗ്രഹത്തിന്ന തൃപ്തിയാക്കുവാൻ എങ്കിലും മനസ്സാകെണമെന്ന മുട്ടിപ്പായി അപെക്ഷിക്കയാൽ അതിന്ന നിബ്ബന്ധമായി സമ്മതിച്ച അവരൊട്ടുക്രൂടെപൊയി അങ്ങൊട്ടുമിങ്ങൊട്ടും ഓടിച്ചാടി കളിച്ചിരുന്ന പെണ്ണെരുങ്ങളുടെ കളി കണ്ടുനിന്നു. ഒരും സന്തോഷവിളയാട്ടം കണ്ടുകൊണ്ടുനിന്ന നെരത്തിൽ ബൊധംകൊണ്ടു പരലൊക ഭാഗ്യത്തെയും, നിത്യമൊക്ഷാനന്ദത്തെയും ചിന്തിച്ചുവന്നു. ഇങ്ങനെ നില്ക്കു

ന്നസമയത്തു, ദൂരത്തുനിന്നു പാഞ്ഞുവന്ന ഒരു
ത്തി ഓട്ടത്തിന്റെ ശക്തികൊണ്ടു നില്പാനും,
മാറുവാനും വഹിയാതെ, പെട്ടെന്ന ലിദ്ച്ചി
നായുടെമെൽ ബഹുശക്തിയായി മുട്ടി, സ്തൂടി
കാപൊലെ ഉറച്ചവെള്ളത്തിൽ നിന്ന പൊ
ട്ടിത്തെറിച്ചു കിടന്നിരുന്ന നരുക്കിന്മെൽ വീ
ഴിച്ചു. ആ വീഴ്ചയുടെ ശക്തിയാൽ ഒരുവാ
രിയെല്ലുക്രൂടെയും ഒടിഞ്ഞുപൊയി. ഉടനെ
വിനൊദം വിലാപമായി തീന്നു. സന്തൊ
ഷത്തൊടെ വിളിച്ചുകൂട്ടിക്കൊണ്ടുപൊയ സാ
ബന്ധക്കാർ തന്നെ പ്രലാപത്തൊടുകൂടെ ഒ
രു പ്രെതംപൊലെ എടുത്ത വീട്ടിൽ കൊ
ണ്ടുവന്നു. അന്നു ഒരുവിധെന കട്ടിലിൽനി
ന്നു എഴുന്നെറെയുള്ളു. ഇതാ അന്നുതന്നെ
വീണ്ടു ഈസൗഖ്യമായി എഴുന്നെല്ക്കുമെന്നുള്ള
ശരണം അശെഷവുമില്ലാതെ ആ കിടക്ക
യിൽ തന്നെ ആക്കുകയുംചെയ്തു. ഒരം ഓക്കാ
ലൂറത്തുണ്ടായ സംഭവം അനെകക്ക വലിയ
അത്ഭുതമായി തൊന്നിയിരുന്നു. നിശ്ചയമാ
യിട്ട സ്നെഹിക്കുന്ന മക്കളുടെ അല്പാല്പ കുറ
ങ്ങളെയും, പുണ്യകുറച്ചിലുകളെക്രുടെയും ഉട
നടൻ ശിക്ഷിച്ചു നീക്കുന്ന പിതാവായ സ്വൎഗ്ഗ

ശ്വരന്റെ തൃക്കൈയ്യുടെ ഒരടി ഇതായിരുന്നു. സാമാന്യമായി ഓരൊ കാഴ്ച്ചം സംഭവിക്കുമ്പൊൾ പറഞ്ഞുണ്ടാക്കുന്നതുപൊലെ, ഇതിനെക്കുറിച്ചും ഓരൊരുത്തർ ഓരൊവിധമായി പറഞ്ഞിരുന്നു എങ്കിലും, ദൈവപെടിയും പുണ്യകാഴ്ച്ചത്തിൽ പരിജ്ഞാനവുമുള്ള ലിദ്വീനായുടെ ജീവിതവും, സർവ്വേശ്വരൻ ഇവക്ക നൽകിയിരുന്ന വിശെഷ ദാനങ്ങളെയും അറിഞ്ഞിരുന്നവരും, ഇത ദൈവത്തുക്കരത്തിന്റെ പ്രവൃത്തിയാണെന്നു പറഞ്ഞിരുന്നു. അതിൻവണ്ണംതന്നെ പിന്നീടുണ്ടായ കാഴ്ച്ച സംഭവത്താൽ തെളിവാകയും ചെയ്തു. ഇതിനിടെക്ക, അവരുടെ വശത്തിന്നതക്കചിലവുചെയ്തുകൊണ്ടും, അപെക്ഷിച്ചുകൊണ്ടും, പല വൈദ്യന്മാരെയും, ബഹുകീർത്തിയും പരിചയവുമുള്ള അനെക ശസ്ത്രവൈദ്യന്മാരെയും വരുത്തി. എങ്കിലും ദൈവം മുറിപ്പെട്ടുത്തുകയും, താൻതന്നെ അങ്ങെ തിരുചിത്തത്തിന്നൊത്തപൊലെ ഇതിനെ ശമിപ്പിക്കെണമെന്ന തിരുമനസ്സാകയും ചെയ്തിരുക്കുന്നതിനെക്കൊണ്ട, മാനുഷപ്രയത്നങ്ങൾകൊണ്ട യാതൊരു ഫലവുമുണ്ടായില്ല; അവരു

ടെ സാമർത്ഥ്യമൊന്നും അല്പവും ഉപകരിച്ചു മില്ല. മാറിടത്തിലെ നൊമ്പരവും, വായി എല്ലു ഒടിഞ്ഞവശത്തുള്ള സഹിക്കരുതാത്ത വ്യാകുലങ്ങളും ദിവസംതൊറും വല്ലിച്ചുവന്നു. ആ പാശ്ചാത്തം പഴുത്തു, വലിയ പുണമായി തുടങ്ങി. മെലാൽ കൂടുന്നതല്ലാതെ, ശാന്തത വരുന്നതല്ലെന്നു വൈദ്യന്മാരും വിധിച്ചു. സൌഖ്യമാകുമെന്നുള്ള ശരണവും അശേഷം തീർന്നു. ആ നാളുകളിൽ ഒളാൽദ്യായിൽ ദരിദ്രരുടെ നേരെ ബഹുദയയും, താല്പര്യവുമുള്ളവനായ Godefridus Sonderdanckius, ഗൊദെഫ്രീദുസ സൊൽദെർദാങ്കിയുസ എന്ന ഒരു വൈദ്യനുണ്ടായിരുന്നു. ഇയ്യാൾ ലിദ്വീനായുടെ ദീനത്തിന്റെ അവസ്ഥയും മറ്റും കെട്ടാറെ, പറഞ്ഞതായത: "ംരം ദീനം നമ്മുടെ വൈദ്യശാസ്ത്രങ്ങളൊക്കെക്കാൾ മെല്ലെട്ടതായിരിക്കുന്നു. ഇതിനെ സൌഖ്യമാക്കിയാൽ സപ്പണ്ണംകൊണ്ടുള്ള മലതന്നെ സമ്മാനമായികിട്ടാമെന്നായിരുന്നാലും, ഇതിനുവെണ്ടിനാം ചെയ്യുന്ന വെലയൊക്കെയും നിഷ്ഫലമാകെയുള്ളു. ഇനിക്കതൊന്നുന്നതഇത സപ്തഭാവമൊക്കെയുടെയും ഉടയവനായ ദൈവം

തന്നെ ഒരു പെണ്ണെതലിന്ന വരുത്തിയതാ
ണ ഇങ്ങനെയുള്ള ദിനങ്ങൾ ഇതിനുമുമ്പി
ൽ കണ്ടിട്ടുമില്ല. ഇവളെ എൻെറ മകൻഎ
ന്നുപറവാൻ പാടായെങ്കിൽ കൊള്ളായിരു
ന്നു. ഒരുപെരാൽമാത്രം ഇവളുടെതലയൊ
ളം സമ്മതം കൊടുത്തെനെ.,, ഇപ്രകാരം
വൈദ്യന്മാരൊക്കെയും കൈവിട്ടു. ദൈവ
വല്ലഭമല്ലാതെ മനുഷ്യനായൊരു ഔഷധശ
ക്തിയും മാനുഷസാമർത്ഥ്യവും അല്ല ആശ്വാ
സംപൊലും വരുത്തുവാൻ മെലാതെയായി.
വാരിഎല്ലിന്നുചുറ്റുമുണ്ടായ പരു അധികമാ
യി വീങ്ങി പഴുത്തതിനാലെ യാതൊരാ
ശ്വാസവും അനുക്രുലവും ക്രുടാതെ കഠൊര
മായി സങ്കടപ്പെട്ട അങ്ങൊട്ടുമിങ്ങൊട്ടും മാ
നിയും മറിഞ്ഞും സഹിച്ചുക്രുടാത്തവണ്ണമായി
തീൻ. വയസ്സനായ അപ്പൻ കണ്ണുനിരൊ
ഴുക്കിക്കൊണ്ട പാടുപൊലെ മകളെ ആശ്വ
സിപ്പിപ്പാൻ വെലചെയ്തിരുന്നു. എങ്കിലും ഒ
രുവശം മുഴുവനും പഴുത്തതിനാലുള്ള കഠി
നനൊമ്പരം വർദ്ധിച്ച പാപപ്പെട്ട പെണ്ണെ
തൽ അനുഗ്രഹിപ്പാൻ തക്കവിധത്തിൽ വലി
യ നെടുവീപ്പു വിട്ടിരുന്നു. ഒരിടത്തും കിട

ക്കമർന്നില്ലാതെ വെദനപ്പെട്ട വ്യാകുലാധിക്യത്താൽ ബൊധം പൊയ്പ്പൊയതുപൊലെ കിടന്നിരുന്ന കട്ടിലിൽനിന്ന അപ്പന്റെ മടിയിലൊട്ടരുണ്ടുവീണ. അതിനൊടെ പഴുത്തച്ഞിരുന്ന പരു ഉള്ളെ പൊട്ടിയതിനാലെ ചൊരയും ചലവും വായിൽക്കൂടെ കട്ടകട്ടയായി ഛർദ്ദിച്ച നൊമ്പരത്തിന്റെ ഏറ്ററിപ്പാലെ അപ്പൊൽ തന്നെ മരിക്കുമെന്ന വിചാരിച്ച എല്ലാവരും പ്രലാപിച്ചിരുന്ന. ആ സ്ഥിതിയിൽ ദൈവമല്ലാതെ ഇനിഒരുതുണ മാറാരുമില്ലെന്ന എല്ലാവരും ഗ്രഹിച്ച ദൈവത്തിൻ പക്കലെക്ക കൈപൊക്കി.

൭. അന്നെരം ക്ഷീണിച്ചതളൻ ഇന്ദ്രിയവശമൊക്കെയും കെട്ടുകിടക്കയും, ചിലപ്പൊൽ ഒരു ഭൂതം പൊലെ നിറുങ്ങി അങ്ങൊട്ടും ഇങ്ങൊട്ടും മാറുകയും, ചിലപ്പൊൽ ഒരു പലകപ്പുറത്തും, ചിലപ്പൊൽ വക്കിന്മെലും ഇരുത്തി, എടുത്ത അല്പം മാറുകയും, ചിലപ്പൊൽ കടന്നകിടപ്പിൽ തന്നെ ഒരു കൃമി പൊലെ അനങ്ങുകയും ചെയ്തിരുന്ന ആ പാംപപ്പെട്ടപെണ്ണെതലിനെ കണ്ടാൽ കരച്ചിൽ നിൎത്തുവാൻ പാടുള്ളവരുണ്ടാകയില്ല. മുമ്പിൽ ഒ

ല്ലാവരാലും സ്നേഹിക്കപ്പെട്ടഇവൾ ഇപ്പോൾ എല്ലാവരാലും വെറുക്കപ്പെട്ടിരിക്കുന്നു എന്നകാൺകയിൽ ദുഃഖിക്കാത്തവനാര്? യാവന ഒന്നുംതന്നെ അനുഭവിപ്പാൻ പാടില്ല അല്ലുംതിന്നാൽ ഉടനെഛർദ്ദിച്ചുപൊകും. എന്തെല്ലാം കുടിച്ചാലും അതും മനം പിരട്ടി ഛർദ്ദിപ്പാൻമാത്രം ഉപകരിക്കെയുള്ള. അല്ലുംതണ്ണത്ത പച്ചവെള്ളംമാത്രം വിഷമംക്രുടാതെ കുടിച്ചുവന്നു. ഇതുകൊണ്ടുതന്നെ ഉറക്കവും ചിലപ്പൊൾ തീരെ ഇല്ലാതെയാകയും, ചിലപ്പൊൾ അല്പനെരം മാത്രം ഒന്നു മന്ദിക്കയും ചെയ്തിരുന്നു. ഒരും സ്ഥിതിയിലായിരിക്കയിൽ രാവുമുഴുവനും കണ്ണുനീർകൊണ്ടു കിടക്കയെ നനെക്കുന്നതും, എല്ലാവരാലും ഉപെക്ഷിക്കപ്പെട്ട ഒരു വിരൂപജന്തുവെ പൊലെ കിടന്ന യൊബ എന്ന ദീഘ്ഘദർശിയൊടുക്രുടെ ആയുസ്സിനെറയും മരണത്തിനെറയും ഉടയവനും, ജയംപ്രാപിക്കുന്നതിന്നായി യുദ്ധം തരുന്നവനുമായ സർവ്വെശ്വരനു സ്തുതിസ്തൊത്രം ചെയ്യുന്നതും ഒരും പുണ്യവതിസ്ത്രീയുടെ പ്രവൃത്തി ആയിരുന്നു. ആദ്യത്തെ മൂന്നാണ്ട എന്തൊരു ദുഃഖാധിക്യത്തൊടും ഹൃദയ കൈപ്പൊടുംക്രു

ടെ കുഴിച്ചു എന്നും, എന്തുമാത്രം വ്യാകുലപ്പെട്ടുവെന്നും, എത്ര ക്ഷമ ംരം പൈതലിന്നണ്ടായിരുന്ന എന്നും ദൈവംമാത്രം അറിയുന്നു.

൩. ഇരുവലിയ വ്യാകുല ചൂളയിൽ ഉത്തമ സ്വർണ്ണമായി പ്രകാശിച്ചിരുന്ന ംരംകന്യക സർവ്വേശ്വരന്റെ തൃക്കണ്ണുകൾക്ക എത്ര പ്രിയപ്പെട്ടവളായിരുന്ന എന്ന താൻ തന്നെ പലപ്പോഴും പ്രത്യക്ഷമായി കാണിച്ചു. ഒരിക്കൽ ഇവരുടെ വീട്ടിന്ന സമീപെവെച്ച രണ്ടുപെർ തമ്മിൽ പിണങ്ങി കുറെനേരം വചനംകൊണ്ടു അങ്ങൊട്ടുമിങ്ങൊട്ടും വാദിച്ച ശെഷം, ഒരുത്തൻ കൊപവെറി പിടിച്ച മറവനെ കയ്യേറ്റം ചെയ്യാൻ ഭാവിക്കയിൽ അവൻ പെടിച്ച ഓടി ലിദ്വീനായുടെ വീട്ടിൽ പ്രവെശിച്ചു. ആ കൊപവെറി പിടിച്ചവൻ കത്തി ഓങ്ങിക്കൊണ്ട ആ വീട്ടിൽ ഓടിക്കെറി എന്റെ ശത്രു ഇവിടെ കെറിയൊ എന്ന ലിദ്വീനായുടെ അമ്മയൊടു ചൊദിച്ചു. അവൽ സ്ത്രീകൾക്കടുത്ത ഭയത്താലെ വിറച്ച "ഇവിടെങ്ങും വന്നില്ലെ,, എന്ന പറകയിൽ, അവൻ ലിദ്വീനാ കിടന്നിരുന്ന മുറിയിലും പ്രവെശിച്ച തന്റെ ശത്രു അവിടെയുണ്ടൊ എ

ന്ന ലിദ്വീനായൊട്ടും ചൊദിച്ചു. അപ്പൊൾ ദൈവപ്രഭത്തിന്മെൽ ആശ്രയിച്ച എപ്പൊഴും സത്യം മാത്രം പറവാൻ പഠിച്ചിരുന്ന ലിദ്വീനാ "ഇവിടെ ഉണ്ടെന്നതൊന്നന്നു" എന്നുത്തരിച്ചു. അവൻ ഇതുകെട്ട ആപാപപ്പെട്ടവൻ ഒളിച്ചിരുന്ന സ്ഥലത്തിൽത്തന്നെ നൊക്കിയെങ്കിലും കണ്ണുറിയാത്തവനെപ്പൊലെ തീരെ കാണാതെപൊകയും, ഒരു പരമാത്മപ്പെട്ട കന്യകയുടെ സ്വരത്താൽ കൊപമടങ്ങി സാധുവായി അവിടെനിന്ന ഇറങ്ങുകയുചെയ്തു. കാഞ്ഞുരക്ഷിക്കപ്പെട്ടവനും വന്ദന പറഞ്ഞുകൊണ്ടു പൊകയുംചെയ്തു. എന്നാൽ ലിദ്വീനായുടെ ഒരു ഉത്തരംകൊണ്ട അവിടെ സങ്കെതംപിടിച്ച ആ നിർഭാഗ്യനെ ശത്രുവിന്നു ഏല്പിപ്പാൻ മനസ്സായി എന്നും പറഞ്ഞ അമ്മ മകളെ ശാസിക്കയും അടിപ്പാൻ തുനികയും ചെയ്തു. എങ്കിലും ലിദ്വീനാ അത്യുൽക്ഷമയൊടെഏറ്റുകൊണ്ട "എന്റെ അമ്മെ എന്റെ അടുക്കൽ ഓടിയൊളിച്ച ആയാളിനെ രക്ഷിക്കുന്നതിന്നു സത്യത്തിന്നു മതിയാകുന്ന ശക്തിയുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നു" എന്നു പറഞ്ഞു. അതു കെട്ടപ്പൊൾ അ

മ്മയുടെ ബോധം തെളിഞ്ഞ സത്യത്തിന്റെ വ
ലിപ്പവും, മകളുടെ പരമാത്മാവും ഗ്രഹിച്ച മി
ണ്ടാതിരുന്നു.

൭. ഒരുവശം മുഴുവനും അടച്ചുള്ള പരു
വിന്റെ നീർ മറ്റ അംഗങ്ങളിലും വീണ
പലപല ദിനങ്ങളും മഹാനൊമ്പരങ്ങളുമാ
യി വഴിച്ചിരുന്നു. പരുവൊട്ടുത്ത അംഗ
ങ്ങളും ഉൽഭാഗവും ചീഞ്ഞുതുടങ്ങി; കെട്ടിട്ടി
ല്ലാത്തവിധത്തിൽ ക്രൂരവിധകൃമികൾ പെരു
കി ശരീരത്തിന്റെ ഉള്ളിലും വയറിലുംനി
ന്നു രുളച്ചു പുറപ്പെട്ടിരുന്നു. അവകളുടെ
പെരുപ്പവും ക്രൂരതയുംകൊണ്ട കുടലുകളെ
തിന്നിട്ട വയറിൽതന്നെ മൂന്നു സ്ഥലത്തിൽ
തുളച്ചു പുറപ്പെട്ടു. വലത്തെ ഉരവും ചീഞ്ഞു
വെർവിട്ടുതുടങ്ങി. കടശി ഒരു കിഴിയായി
കെട്ടിയ അസ്ഥിക്കൂട്ടമെന്നു പറവാൻതക്ക വി
ധത്തിൽ ശീലകൾകൊണ്ടും മറ്റും കൂട്ടികെ
ട്ടിയതല്ലാതെ അങ്ങൊട്ടുമിങ്ങൊട്ടും തിരിച്ചാ
ൽ സന്ധുക്കൾ വെർവിട്ടുപൊകുമെന്നുള്ള സ്ഥി
തിയിലായി. ആയതിനാലെ ചൊവ്വെ ആ
കാശത്തൊട്ടു നൊക്കുവാൻ തക്കവണ്ണം മല
ർന്നുകിടന്ന കിടപ്പിൽത്തന്നെ മരണത്തൊളം

കിടന്നു. തലയും ഇടത്തുകയ്യുമൊഴികെ ശേഷം അംഗങ്ങളെ തീരെ ഇളക്കുവാൻ വഹിയാത്ത വണ്ണം ക്ഷീണംകൊണ്ടു തളർന്നിരുന്നു. വലത്തു കയ്യുടെ മാംസമൊക്കയും "തിരുത്തി" എന്നപറഞ്ഞുവരുന്ന ഒരുവക ദ്രവംകൊണ്ടു ചീഞ്ഞെത്തി, എന്നാൽ ഒരു കയ്യുടെ ഒരു ഞരമ്പുമാത്രമെഹത്തിൽനിന്നു പിടാത്തതായിട്ടുണ്ടായിരുന്നുള്ളു. തല ഇടവിടാതെയുണ്ടായിരുന്ന മഹാ നൊമ്പരംകൊണ്ടു അതാതു സമയത്തിൽ പിളർന്നുപോകുന്നതുപോലെയുള്ള വ്യാകുലം അനുഭവിച്ചിരുന്നു. നെറി പലവിധത്തിൽ വലിയ വ്രണങ്ങളായി വിണ്ടു കീറി കാണുന്നവർക്കൊക്കെക്കും ഭയം തോന്നിക്കത്തക്ക വിരൂപകൊലമായിരുന്നു. കാലുകൾ രണ്ടും സ്പർശനമില്ലാതെയായി മരിച്ചതുപോലെ അനേകകാലം കിടന്നിരുന്നു. ചിലപ്പോൾ അസാമാന്യവിധമായി അല്പ സ്പർശനം ഉണ്ടായെന്നുവന്നാൽ ആയതും ഏറ്റം കഠിന നൊമ്പരം അനുഭവിക്കുന്നതിന്നല്ലാതെ ആശ്വാസത്തിന്ന കാരണമായിരുന്നില്ല. പല പല സമയങ്ങളിലായിട്ടു പലതര ജ്വരങ്ങളെയും ബാധക്ഷയവുമനുഭവിച്ചുവന്നു. ഓ

രൊന്നൊരൊന്ന എണ്ണിപ്പറയെണമെന്നില്ല. കെട്ടിട്ടില്ലാത്തവിധത്തിൽ ഓരൊകഠിന നൊമ്പരങ്ങളെ അനുഭവിക്കാത്തതായിട്ടു യാതൊരു അംഗവുമില്ലാഞ്ഞു. വൈദ്യന്മാർ വൈദ്യശാസ്ത്രംകൊണ്ടു അറിഞ്ഞിരുന്ന ദീനങ്ങളൊക്കയും പരിശുദ്ധ ലിദ്വീനാ സ്വന്തദെഹത്തിൽ അനുഭവിച്ചുതന്നെ അറിഞ്ഞു എന്നു പറവാൻ തക്ക വിധത്തിൽ എല്ലാ ദീനങ്ങളും ഇവക്കുണ്ടായിരുന്നു. ഒരൊ ദീനങ്ങളിൽ ചിലതൊക്കെയും മരണത്തോളം നീളിച്ചു ചിലതു ഏതാനും ആണ്ടത്തെക്കും, ചിലതു ഏതാനും മാസത്തൊളവും, ചിലതു ഏതാനും ആഴ്ചവരെയും നീളിച്ചിരുന്നു. മുപ്പത്തെട്ടു വൎഷത്തെക്കു ഒരു ദിവസംപൊലും ശരീരസൌഖ്യത്തൊടുകൂടെ ഇരുന്നിട്ടില്ല. എങ്കിലും സ്വൎഗ്ഗപരന്റെ തിരുമനസ്സിനു പൂൎണ്ണമായി കീഴ്പ്പെട്ടിരുന്ന ആത്മാവിനു കുറയാത്ത ഭാഗ്യവും, ദൈവവരപ്രസാദ സംപൂൎണ്ണതയുമുണ്ടായിരുന്നു.

൬. ദിനം തുടങ്ങിയ ആദ്യ നാളുകളിൽ സാമാന്യമായിട്ടു മാനുഷൎക്കുണ്ടാകുമാറാകുന്ന ഒരുവിധ ദുഃഖവും മനസ്സടുപ്പും ഒരു പുണ്യ

വതിക്ക തൊന്നി. ശേഷം കുട്ടുകാരത്തികളും തറക്കാരത്തികളുമായ പെണ്ണുങ്ങൾ തിന്നു കുടിച്ചു സന്തോഷിച്ചു നടക്കയും, ദെവാലയങ്ങളിലും മറ്റും പൊകയും ചെയ്യുന്നതു കണ്ടപ്പോൾ, തനിക്കു അതിനൊന്നിന്നും വശമില്ലാതെ ഒരു പാറാവിൽ പൂട്ടപ്പെട്ടവകളെപ്പൊലെ ആയികിടക്കുന്നല്ലൊ എന്ന ഓത്തു ബഹു ദുഃഖം അനുഭവിച്ചു ആശ്വാസം അനുഭവിപ്പാൻ വഹിയാത്തവണ്ണം വളരെ കരഞ്ഞിരുന്നു. ഒരൊ മണ്ണൊടുഃഖത്തിൽവെച്ചു ഇവകളൊക്കയും ദയനിറഞ്ഞ പിതാവായ സർവ്വെശ്വരന്റെ തിരുമനസ്സും ഇഷ്ടവുമായിരിക്കുന്നു എന്നും, ഇവകളെ സന്തോഷത്തൊടെ കഷ്ടമിക്കുന്നതത്രെ അങ്ങെക്കു ഏറ്റം ഇഷ്ടമുള്ള പുണ്യമെന്നും ഓക്കാതെ സൌഖ്യം പ്രാപിച്ചെങ്കിൽ കൊള്ളായിരുന്നു എന്ന ആഗ്രഹിച്ചുവന്നു. ശേഷമ്പേർ എന്തെല്ലാം സൽബുദ്ധികളെ കെൽപ്പിച്ചാലും അതൊന്നുകൊണ്ടും ഒരു ആശ്വാസം ഉണ്ടായിരുന്നില്ല.

൯. ഇങ്ങനെയിരിക്കിൽ ആ നാളുകളിൽ ആണ്ടിൽ രണ്ടുപ്രാവശ്യം ഇവരെ കുമ്പസാരിപ്പിച്ച ശുദ്ധഃ കുമ്പാനക്കൊട്ടത്തുവ

ന്ന പട്ടക്കാരൻ ഇവരുടെ അടുക്കൽ വന്ന ശേഷം അവസ്ഥ കണ്ട പല ഗുണദൊഷങ്ങളെ പറഞ്ഞിട്ടും, ശരം ആവലാധിയും കരച്ചിലും നിൎത്തുവാൻ പാടാകുന്നില്ലായെന്ന കണ്ടപ്പോൾ, കടശിയായിട്ടു എങ്ങനെയെങ്കിലും മൈവതിരുമനസ്സിന്ന കീഴ്പ്പെടുങ്ങി, ശരംശൊമിശിഹായുടെ പകപ്പാടുകളിന്മെൽ ക്രൂടക്കൂടെ ഓൎത്തു ധ്യാനിക്കുന്നതിന്ന പറഞ്ഞു മനസ്സാക്കി. ശരം വഴിയായി ആശ്വാസം കിട്ടുമെന്ന പറഞ്ഞു ഉറപ്പിച്ചുകൊണ്ടു പൊകയും ചെയ്തു. ഇതിന്നശെഷം ശ്രുഭ: ലിഭിനാ ശരം ഗുരുപ്പട്ടക്കാരൻ പഠിപ്പിച്ചപ്രകാരം, നമ്മെപ്രതി കുരിശിന്മെൽ തുങ്ങി മരിച്ച ശരംശൊമിശിഹായുടെ വ്യാകുലങ്ങളെയും, പാടുകളെയും മുഴ ഹൃദയത്തൊടും സ്നെഹത്തൊടുംകൂടെ, പലപ്പൊഴും ഓൎത്തു ധ്യാനിച്ചു തുടങ്ങിയതിനാൽ, അതുവരെ ഉണ്ടായിരുന്ന അസഹ്യമായ മനൊവ്യസനവും, ദുഃഖവും അശെഷം തീൎന്നെന്നമാത്രമല്ല, ശരംശൊമിശിഹായെപ്രതി ശരം ദിനപ്രതികളെ അനുഭവിക്കുന്നതുതന്നെ മഹാ മധുരവും, സന്തൊഷവുമായിവരികയും, ആയതുകാരണത്താൽ ഒരുനെന്മനിറ

ഞ്ഞ മറിയമെ,, എന്ന നമസ്കാരംമാത്രം എ
ത്തിച്ചുകൊണ്ട ംരം ദിനത്തിൽ സുഖപ്രാപി
പ്പാൻ പാടുണ്ടാകുമെന്നായിരുന്നാൽ ംരം ദി
നം ശമിപ്പാൻവെണ്ടി അതു ചൊല്ലുകയില്ല
എന്നുക്രുടെയും പറഞ്ഞിരുന്ന. ഇപ്രകാരം കൃ
പനിറഞ്ഞ പിതാവായ സർവ്വേശ്വരന്റെ തി
രുമനസ്സിന്ന തക്കവണ്ണം പരിശുദ്ധ ലിദ്വീ
നായുടെ മനൊവ്യാകുലവും, ഹൃദയ താപ
വും മുഴുവനും നീങ്ങിയതുക്രുടാതെ ഉന്നത
ധ്യാനവാസന പ്രാപിച്ച പലപ്പൊഴും പര
വശമാകയും, ദിവ്യ സംഭാക്ഷണങ്ങൾകൊണ്ട
ആശ്വാസം അനുഭവിക്കയും, പല വങ്കാ
യ്ങ്ങളെയും ശുദ്ധമായവകളെയും ദീർഘദർ
ശനവരംകൊണ്ടു അറിയിക്കയും ചെയ്തുവന്ന.

൧൦. ഇങ്ങനെയിരിക്കയിൽ ംരം പുണ്യ
വതിയുടെ അമ്മയായ പെരൊന്നില്ല വയ
സ്സായി മരിപ്പാൻതക്ക ദിനംപിടിച്ച കിടപ്പാ
യി. ആ ദിനത്തിൽപെച്ച അവരുടെ ബാല്യ
പ്രായത്തിൽ ദൈവത്തിന്ന കടമായിരുന്ന
തുപൊലെ ശുശ്രൂഷചെയ്തുകൊണ്ട ആ ന
ല്ല കാലത്തെ വെണ്ടുംവണ്ണം ചിലവഴിച്ചില്ല
എന്നുള്ള വിചാരംകൊണ്ടു വളരെ കലങ്ങി

സങ്കടപ്പെട്ട "അയ്യോ ഞാൻ എന്റെ ആ യുസ്സുകാലത്തിൽ യാതൊരു നന്മയും ചെയ്യുകൊണ്ട ഇപ്പോൾ യാതൊരു നന്മയില്ലാത്തവളായിട്ട മരിക്കുന്നുവല്ലോ!!! എന്നാൽ എന്റെ മകളെ! നീ ഇനിക്ക സഹായമായി എന്റെ പാപങ്ങൾക്ക പരിഹാരം അപേക്ഷിക്കുമെങ്കിൽ ഞാൻ സന്തോഷത്തോടെ മരിപ്പാൻ ഇടയാകും,, എന്നുപറഞ്ഞു. ശ്ര. ലിദ്വീനാ ഇതുകെട്ടുടനെ അമ്മയുടെ നേരെയുണ്ടായിരുന്ന അത്യന്തസ്നേഹത്തോടും ദയയൊട്ടുംക്രൂടെ "എന്റെ അമ്മേ! ധൈര്യമായിരിക്ക, കർത്താവ അമ്മയുടെ മേൽ കൃപയായി അമ്മയുടെ എളിമയും മനസ്സുപവുമുള്ള ഹൃദയത്തെ നിന്ദിക്കാതെ തൃക്കണ്ണാക്കും, എന്റെ വേലയെയും വ്യാകുലങ്ങളെയും, മുറിവുകളെയും, നൊമ്പരങ്ങളെയും, പീഡകളെയും അല്പമായി ഇനിക്കുള്ള സകലത്തെയും അമ്മയ്ക്കുവെണ്ടി ഞാൻ പൂർണ്ണമനസ്സോടെ കാഴ്ചവെച്ചിരിക്കുന്നു,, എന്നുത്തരിച്ചു. അമ്മ ഇതുകൊണ്ടു വലിയ സന്തോഷവും തൃപ്തിയും പ്രാപിച്ച നല്ലമരണമായി മരിക്കയുംചെയ്തു. അമ്മയുടെ മരണത്തിന്റെശേഷം

ശ്ര: ലിദ്വീനാ അതുവരെ യാതൊരു നന്മ പ്രവൃത്തിയും ചെയ്യാതെ തന്റെ ജീവിതകാലത്തെ നിഷ്ഫലമായി കഴിച്ചവളെപ്പോലെ മനസ്താപപ്പെട്ട തപസ്സായിട്ടുള്ള ഒരു ജീവിതം ആരംഭിപ്പാൻ കരുതി. ശരീരത്തിന്റെ തൊലി മുറിയത്തക്ക ഒരു തപസ്സുചട്ടയുണ്ടാക്കി അതു മരണത്തോളം ധരിച്ചുകൊണ്ടു നിത്യദീനത്തിന്റെ കഠിന നൊമ്പരത്തോടുകൂടെ ഒരു പീഡയുംചെയ്തു. ഉണ്ടായിരുന്ന അല്പ വസ്തുക്കളെക്കൂടെയും വിറ്റു ധർമ്മം കൊടുത്തു. എല്ലാം ചിലവഴിച്ചു യാതൊന്നുമില്ലാത്ത ദരിദ്രപ്പെട്ടവളായതിന്റെശേഷം, കിടന്നുവന്ന ഒരു ചെറിയ മെത്ത ശേഷിപ്പുണ്ടായിരുന്നു; അതുയാതൊരുത്തക്കും കൊടുപ്പാൻ തക്കതല്ലായിരുന്നെങ്കിലും ദരിദ്രനായി പിറന്ന ഒരുശോമിശിഹായെ പൂണ്ടുമായി അനുകരിപ്പാൻവെണ്ടി അതും ഉപേക്ഷിച്ചു. പക്ഷെ ആ മെത്ത ചിഞ്ഞഴുകിയിരുന്ന ശരീരത്തോടു പറ്റിയിരുന്നതുകൊണ്ടു അതു എടുത്തു മാറ്റിയപ്പോൾ തൊലിയുരിയുന്നതുപോലെയുള്ള നൊമ്പരം അനുഭവിക്കെണ്ടിവന്നു. ഇപ്രകാരം ആമെത്തയും നീക്കി,

അതിന്നുപകരം ഒരു പലക നിലത്തിട്ടു, അ
തിന്മേൽ കുരെ വൈക്കോലും നിരത്തി ഒരു
ശൊമിശിഹായുടെ സ്നേഹിക്കപ്പെട്ട ഒരു മക
ൾ ആ വൈക്കോലിന്മേ മീതെ അല്പനെ
രത്തെക്ക ഒന്നു കണ്ണുടപ്പാൻപൊലും വഹി
യാതെ വ്യാലകും അനുഭവിച്ചുകൊണ്ടും, മെ
ല്ലൊട്ടുമാത്രം നൊക്കിക്കൊണ്ടും കിടന്നിരുന്നു.
കിടക്കയായി എടുത്ത ഒരു പലക, ഒരുശൊ
മിശിഹായുടെ കുരിശായിട്ടും, ഒരു കിടക്കയി
ൽവെച്ചു അനുഭവിച്ച സങ്കടങ്ങളൊക്കയും
ഒരുശൊമിശിഹായുടെ പാടുകളുടെ ഒമ്മക്കാ
യിട്ടും അനുഭവിച്ചതുകൊണ്ടു ശ്ലൂ. ലിദ്വീനാ
ഥന്റെ ആരുമമണവാളനായ ഒരുശൊമിശി
ഹാങ്കു എപ്പൊഴും തുല്യമുള്ളവളായിരുന്നു.
ആരാജ്യത്തിൽ വൎഷകാലത്തിലെ കുളിരിന്റെ
ഉഗ്രതകൊണ്ടു വെള്ളാക്കുടെ ഏറനാളത്തെ
ക്ക ഉറച്ചതായിരിക്കും. ഇതു കഠിന ശീതളമു
ള്ള നാളുകളിൽ ഒരു ദരിദ്രപ്പെട്ട രൊഗക്കാര
ത്തിക്കു പുതെക്കുന്നതിന്നുക്കുടെ യാതൊരു തു
ണിയില്ലാതെ കൈകാലുകൾ വിറങ്ങലിച്ചും,
ദെഹം മുഴുവനും പ്രാണൻ ഇല്ലാത്തതുപൊ
ലെ തളൎന്നും കിടന്നിരുന്നു. എല്ലാം ഉപെ

കഷ്ടിച്ചവളായിരുന്നതുകൊണ്ടു കിടപ്പാനും പു
തെപ്പാനും യാതൊന്നുമില്ലാഞ്ഞു. ഒന്നുമില്ലാ
ത്ത പാപപ്പെട്ടവളായിരുന്നതുകൊണ്ടു ചെ
ന്നു കാണ്മാനും ആശ്വസിപ്പിപ്പാനും താല്പ
ര്യപ്പെടുന്ന ഉപകാരികളും ആരുമില്ലാഞ്ഞു. നി
രുവന്നു വീർത്തും വിളറിയും ഇരുന്നിരുന്ന ദേ
ഹം ഇരുവടിയ കൂളിൻകൊണ്ടു മറച്ചിരുന്നതി
ന്നൊരുശേഷം ചൂടുപിടിപ്പിച്ച അനുകൂലപ്പെടു
ത്തുവാൻ അസാദ്ധ്യമായി തൊന്നിയിരുന്നു:
ഒരു സ്ഥിതിയിലായി കിടന്നകിടപ്പിൽ കിടന്ന
കരഞ്ഞു കരഞ്ഞ കണ്ണിൽനിന്നു ചൊരയൊ
ഴുകി കവളിന്മെൽ പരന്നിരുന്നിരുന്നു. നി
ശ്ചയമായിട്ടു സർവ്വവല്ലഭനായ ദൈവം കാ
ത്തുജീവിപ്പിച്ചിരുന്നില്ലെങ്കിൽ ഒരു സ്ഥിതിയി
ൽ ജീവനൊടിരിപ്പാൻ പാടാകയില്ലാഞ്ഞു.
വല്ലവരും വാഴ്ത്തും കൊടുത്തിരുന്നെങ്കിൽ
അത തനിക്കുള്ള ആവശ്യത്തിലധികമായെ
ക്കും എന്നുവെച്ചു മറുപിച്ചുക്കാക്കു കൊടുപ്പാ
ൻ ശ്രമിച്ചിരുന്നു.

൨൨. ശ്ലൂ: ലിദ്ദീനാ എല്ലാവരാലും ഉ
പെക്ഷിക്കപ്പെട്ടവളായി ഇരുവലിയ ദീന
ത്താൽ പീഡിക്കപ്പെട്ടിരുന്ന നാളിൽ, വളരെ

ദൈവപെടിയും പുണ്യവുമുള്ളവനും സുകൃത
വ്യാപാരംകൊണ്ടു ബഹു കീർത്തിപെട്ടവനുമാ
യ (Werboldy) വെബ്പോൾദി എന്നു പെ
രായ ഒരു ഉത്തമ ഗുരുപ്പട്ടക്കാരൻ ഉണ്ടാ
യിരുന്നു. ഇയ്യാൾ ദൈവമാതാവിനൊട്ടു ദൈ
വദൂതൻ മംഗലവാർത്ത ചൊല്ലിയ തിരുനാൾ
ദിവസത്തിൽ ദിവ്യരക്ഷനാഥന്റെ മാനുഷാ
വതാരത്തിന്മേൽ ധ്യാനിച്ചിരുന്നു. ശുദ്ധ: ലി
ദ്വീനായും ഒരു ദിവ്യരഹസ്യത്തിന്മേൽ ത
ന്നെ അത്യന്ത ഭക്തിയോടെ ധ്യാനിച്ചിരുന്നു.
ഇപ്രകാരം ഇരുവരും തമ്മിൽ അകലപ്പെട്ട
സ്ഥലത്തിൽ ഇരുന്നു ധ്യാനിച്ചിരിക്കയിൽ ര
ണ്ടുപെരും പരവശരായി തമ്മിൽ തമ്മിൽ
ജ്ഞാനവിധമായി അറിവാനിടയായി. ഒരു
ധ്യാനപരവശം കഴിഞ്ഞതിന്റെശേഷം ഒരു
കണ്ടതു ആരെയെന്നും, എവിടെയെന്നും അ
റിയുന്നതിനു രണ്ടുപെക്കും വളരെ ആഗ്രഹ
വും അപെക്ഷയുമുണ്ടായിരുന്നു. ഇങ്ങനെ
ഇരിക്കയിൽ വെബ്പോൾദി എന്ന ദേഹം ലി
ദ്വീനായുടെ കാഴ്ചകൊണ്ടു ശേഷമ്പെർ പ
റയുന്നതുകെൾപ്പാൻ സംഗതിയായി. ഉടനെ
ഒരു നല്ലദൈവ ശുശ്രൂഷി ശു: ലിദ്വീനായെ

കാണ്മാനായി ഇറങ്ങി പുറപ്പെട്ടു ഒരു പുണ്യവതിയുടെ വീട്ടിൽവന്നു, യാതൊരു വസ്തുവും വസ്തുവിന്നു വഴിയുമില്ലാതെ ഭിക്ഷക്കാരത്തിയായിട്ടും, നീരുവന്നു വീർത്തും, മുഖം വിളറിയും, പലയിടത്തും പഴുത്തുപൊട്ടി വിണ്ടുകീറിയും, ശരീരം ചീഞ്ഞു പുഴുക്കൾ പുറപ്പെട്ടുന്നെങ്കിലും ദുർഗ്ഗന്ധം വീശാതെ സുഗന്ധമായിരിക്കുന്നതും, ഒരു നിർഭാഗ്യസ്ഥിതിയിൽ പൂർണ്ണ ആത്മസമാധാനത്തോടും സന്തോഷത്തോടും കൂടെ ഇരിക്കുന്നതും കണ്ടു, അനുഗ്രഹത്തോടെ വളരെ കരുണ ഇദ്ദേഹത്താൽ പാടായതുപൊലെ സുകൃതന്യായങ്ങളെയും, ക്ഷമ, ദൈവതിരുമനസ്സിന്നുള്ള കീഴ്പ്പഴക്കം മുതലായ പുണ്യവിശേഷതകളെയും പറഞ്ഞു ആശ്വസിപ്പിപ്പാൻ ശ്രമിച്ചുതുടങ്ങി. ഇതിന്നിടയിൽ ശൂദ്ധ: ലിദ്വീനായുടെ മഹാ വലിയ ദാരുദ്ര്യം കണ്ടു ചിലവിന്നായി ഏതാനും പണം കൊടുത്തതുകൂടാതെ, ഈ നിർഭാഗ്യസ്ഥിതിയിൽ യാതൊരു ആദരവില്ലാതെ കിടന്നു പീഡിക്കപ്പെടുന്ന ഒരു പാപപ്പെട്ടവളെ ആദിഗപാസികൾ ചെന്നുകണ്ടു യാതൊരു സഹായവും ചെയ്യാത്തതുകണ്ടു വളരെ ക്ലെശിച്ചു,

പൊതുവായിട്ടു തന്നെ ഇവരെക്കൊണ്ടു ജനങ്ങളോടുപറഞ്ഞു, അവരുടെ ഉപവിക്കുടിനെക്കുറിച്ചു ശാസിച്ചു, തക്ക ഉപദേശങ്ങളെ പറഞ്ഞുകൊടുത്തു. അതിൽപിന്നെ പലപ്പോഴും ഓരോ ദൈവം ഓരോ കന്യകയോടു പെരുമാറുന്ന വിധം കണ്ടുബോധിച്ചു, ഇവർ പുണ്യജീവിതത്തിന്റെ അടിസ്ഥാനം സ്ഥിരമായി സ്ഥാപിച്ചിട്ടുണ്ടു, ഇനി ഒരുനാളും ഇളകി വീഴുകയില്ലെന്നു ശേഷംപേരോടു പറകയും ചെയ്തുവന്നു.

൨൨. ദൈവപെടിയും, പുണ്യവുമുള്ള ആളുകൾ, ഇവർ ഇത്രഅസാമാന്യപ്രകാരമായി നാനാവിധദിനങ്ങളാൽ ബാധിക്കപ്പെട്ടിട്ടും ഒരിക്കലും വാടാത്ത മല്ലികപോലെ വികസിച്ചു ശോഭിക്കുന്നതുകണ്ടു, ഉള്ളെ ഇവരെ ആശ്ചര്യപ്പിക്കുന്ന ദൈവദാനങ്ങളും അനുഗ്രഹങ്ങളും ഉണ്ടെന്നുതന്നെ നിശ്ചയമായി വിചാരിച്ചിരുന്നു. ആയതുകാരണത്താൽ ചിലരൊക്കയും "പ്രിയപ്പെട്ട സഹൊദരിയെ! നീ ഇത്ര സങ്കടങ്ങളെ അനുഭവിക്കുന്നെങ്കിലും ഇവകളിൽവച്ചുതന്നെ നിനക്കു ദൈ

വദാനങ്ങളുടെ മാധുര്യം രസിപ്പാൻ ഇടവരുന്നുണ്ടെന്നു ഞങ്ങൾക്കു അറിയാം,, എന്നുപറഞ്ഞിരുന്നു. ഇതിന്നു, ഒരിക്കൽ ശ്രുഡ: ലിഡിനാ ഉത്തരമായിട്ടു പഞ്ഞതായത: ''എന്നെ സ്നേഹിക്കപ്പെട്ടവരെ! അനുഗ്രഹം നിറഞ്ഞ ദൈവം എന്നെ ചിലപ്പോൾ ആശ്വസിപ്പിക്കുന്നുണ്ടെന്നുള്ളതു നേരുതന്നെയാണു. അങ്ങെ കൊച്ചുപട്ടിയായ എന്നെ അങ്ങെ മെശയിൽനിന്നു വീഴുന്ന വാശ്രുനുറുക്കുകൾ തന്നു തീറാതിരുന്നാൽ ഞാൻ ജീവിച്ചിരിപ്പാൻ പാടാകുമൊ?,,ഇപ്രകാരംഅനുസരിച്ചുപറഞ്ഞുകിലും, എന്നു ആശ്വാസവും ആനന്ദവുമായിരുന്നെന്നു പറഞ്ഞിട്ടില്ല. ചിലപ്പോൾ ഏറെം വലിയ ദൈവസ്തുതിക്കും കൂടപ്പിറപ്പുകളുടെ ആരെമാപകാരത്തിന്നും വെണ്ടി പറയെണ്ടിവന്നിരുന്നതുകൊണ്ടുമാത്രം നന്നാ ഭക്തിവിശ്വാസവും ആടുപ്പവുമുള്ളവരായ ചിലരൊടു പറഞ്ഞിട്ടുണ്ടായിരുന്നുള്ളു. സർവ്വേശ്വരൻ ഒരം പ്രിയപ്പെട്ട മകളെ,അഗ്നിയും വെള്ളവും കൊണ്ടു പരീക്ഷിച്ചു ശുദ്ധീകരിപ്പാൻ തിരുമനസ്സായിരുന്നതുകൊണ്ടു, ഇടക്കിടെക്കു ദിവ്യ ആശ്വാസവും സന്തോഷവുമൊന്നുംക്കുട്ടാ

തെ ദുഃഖാവസ്ഥിതിയിൽ തന്നെ ഇരുത്തിയിരുന്നു. അതു എല്ലാദിനത്തിന്റെ വെദനകളെക്കായിൽ സഹിക്കാമ്മെലാത്തതായിരുന്നു. എന്നാൽ ഇപ്രകാരം ശരീരവും ആത്മാവും ദുഃഖസാഗരത്തിൽ മുഴുകിയിരുന്നിരുന്നപ്പൊഴും, ചട്ടമായിട്ടുള്ളജൂപധ്യാനംമുതലായഭക്തികെട്ടുത്ത കമ്മങ്ങളൊക്കയും കുറവെന്നിയെ കഴിച്ചുവന്നതുക്രൂടാതെ, അവകൾ കഴിഞ്ഞിട്ടു ശെഷിക്കുന്ന നെരത്തിൽ സപന്ത കാക്കുന്ന മാലാഖായെ പ്രത്യക്ഷമായി കാണുന്നതുപൊലെ ഒരൊ മാലാഖായൊടു "ഒ! എന്റെ പ്രിയപ്പെട്ട മാലാഖായെ! എന്റെ ആത്മാവിന്റെ ഏക സ്നെഹിതനായ ദൈവം എവിടെപൊയി? എന്തെ എന്നെ സ്നെഹത്തിന്റെ അസ്ത്രത്താൽ മുറിപ്പെടുത്തി ഇട്ടെച്ചുപൊയി? ഒ! എന്റെ സ്നെഹമെ! എപ്പൊൽ നിന്നെ ഞാൻ കാണ്മാനിടയാകും? എന്നു നിന്നെ ഞാൻ പൂൎണ്ണമായിട്ടു അനുഭവിക്കും?,, എന്നിങ്ങനെയുള്ള സ്നെഹാഗ്നി ജ്വലിക്കുന്ന സംഭാഷണങ്ങൾകൊണ്ടു മാലാഖായൊടു സംസാരിച്ചു ആനന്ദപ്പെട്ടിരുന്നു. ഇതുക്രൂടാതെയും, ഒരൊ വിശ്വസ്ഥനായ കാവൽ മാലാഖായൊടു,

തന്റെറപെക്കു ദൈവത്തൊടും ദൈവമാതാവിനൊടും, പരിശുദ്ധ മാലാഖാമാരൊടും, ബാവാന്മാർ, ദീക്ഷദശികൾ, ശ്ലീഹന്മാർ, വെദസാക്ഷികൾ, വന്ദകന്മാർ, കന്യാസ്ത്രീകൾമുതലായ സകല ശുദ്ധമാകപ്പെട്ടവരൊടും അപെക്ഷിക്കയും സ്തുതിപറകയുംചെയ്യെണമെന്നും അപെക്ഷിച്ചിരുന്നു. ഹൃദയത്തിൽ പരലൊക ആശ്വാസവും സന്തൊഷവുംക്രൂടാതെ ആയിവരുമ്പൊൾ, ഇങ്ങനെയുള്ള സംഭാഷണവും അപെക്ഷകളുംകൊണ്ടു നെരം കഴിക്കയും, പാടുപെടുന്നതിന്നും സഹിക്കുന്നതിന്നും തന്നെത്താൻ ധൈര്യപ്പെടുത്തുകയുംചെയ്യുവന്നു. ഇങ്ങനെയുള്ള വിശ്വസ്ഥഭക്തിയും ജ്ഞാന അഭ്യാസങ്ങളും ഹെതുവായിട്ടു, സാക്ഷാൽ സ്വന്ത കാവലായ മാലാഖയെ കൺമുമ്പാകെ കാണ്മാനും സംസാരിപ്പാനും, നല്ല മാലാഖയുടെ പല സഹായങ്ങളും ആദരവുകളും കണ്ണാലെതന്നെ കാണ്മാനും ഇടയാകയും, കാക്കുന്ന മാലാഖയൊടു തഴക്കമായി സംസാരിക്കയും ചെയ്യുവന്നു. പലമാലാഖാമാരെ പെർതിരിച്ചുപറകയും, അവർ ആരെ കാക്കുന്നതിന്നു നിയമിക്കപ്പെട്ടിരിക്കുന്നു

എന്ന സൂക്ഷ്മമായി ഗ്രഹിക്കയും ചെയ്തിരുന്നു. അനേക മൈവജ്ഞരന്മാർ വാക്കിലടങ്ങാത്ത സൌന്ദര്യമുള്ള ബാലകരുടെ ഭാഷയായിട്ടും, നെറിയിൽ കുരിശ്ശു ധരിച്ചുകൊണ്ടും, സൂക്ഷ്മപ്രഭയെക്കായിൽ ഉന്നത ശൊഭയൊട്ടുക്കുടെയും ഇവക്കു കാണപ്പെട്ടിരുന്നു. എന്നാൽ ചിലപ്പോൾ ഇവരെ കാണ്മാനും സംസാരിപ്പാനും വരുന്നവർ അധികമായിരുന്നപ്പോൾ, ഒരു മാലാഖമാരുടെ പ്രത്യക്ഷത കുറഞ്ഞുപൊയിരുന്നു. ഇങ്ങനെ സംഭവിച്ചിരുന്നപ്പോൾ ലൌകിക മാനുഷരൊടുള്ള സംസർഗ്ഗം കാരണത്താൽ ആത്മാവിൽ വാഴ്ച്ച അഴുക്കും പറ്റിയിരിക്കുമൊയെന്നും, അതുനിമിത്തം പരിശുദ്ധരായ മാലാഖമാരുടെ മനൊഹര സംസർഗ്ഗത്തിന്നു അയൊഗ്യമുള്ളവളായിരിക്കുമൊയെന്നും സന്ദെഹിച്ചു, ഉടനെ തന്നെ കുമ്പസാരക്കാരനെ വിളിപ്പിച്ചു കുമ്പസാരിച്ചു ആത്മശുദ്ധി വരുത്തിയിരുന്നു. കെത്തുമായെന്ന പറഞ്ഞുവരുന്ന വിഭ്രതിത്തിരുനാളിന്നു തിരുസ്സഭയുടെ മുറപ്രകാരം പട്ടക്കാരനെ അപെക്ഷിച്ചുവരുത്തി വീട്ടിൽ തന്നെ കരിക്കുവരെത്തിക്ക ചട്ടമായിരുന്നു. എന്നാൽ ചില

പ്പോൾ പട്ടക്കാരൻ വരുന്നതിന്നു താമസിച്ചു പൊയാൽ, മാലാഖാതന്നെ പട്ടക്കാരന്നു പകരംകരിക്കുവാൻ വരെച്ചിരുന്നു. ചിലപ്പോൾ ശ്ലീഹിദീനായുടെ കുമ്പസാരക്കാരൻ ചട്ടപ്രകാരമുള്ള നേരം കഴിഞ്ഞതിന്റെശേഷം ഇവരുടെ വീട്ടിൽവന്ന, ശ്ലീഹ കരികൊണ്ടു കുർശ്ശുവരക്കേണ്ടതെയോ? എന്നു ചൊദിച്ചപ്പോൾ, പിതാവെ! എന്റെ കാക്കുന്ന മാലാഖാ ഇനിക്കുരും മനൊഹ്ലണം നെരത്തെ ചെയ്യു എന്നുത്തരിച്ചതുകെട്ടു, ഇതെന്താണ്ടൊരും പറയുന്നതു എന്നു സന്ദെഹിച്ചു നിൽക്കയിൽ, തലയിൽ തൊട്ടു നൊക്കുന്നതിന്നു ശ്ലീഹിദീനാ പറകയും, അപ്രകാരംതൊട്ടുനൊക്കിയപ്പോൾ തലയിൽ കരിയിരിക്കുന്നതു കാണ്മൊനിടയാകയുംചെയ്തു. ഇതുകൂടാതെയും ശ്ലീഹിദീനായുടെ അപെക്ഷപ്രകാരം പട്ടക്കാരൻ ആതിരുക്കരി കൊണ്ടു നെറ്റിയിലും കുരിശുവരെച്ചു. എന്തുകൊണ്ടെന്നാൽ, ഗ്രുപ്പട്ടക്കാരന്റെ കൈകൊണ്ടു വരെക്കുന്ന കുരിശിനെ നല്ല വിനയത്തൊടെ കൈക്കൊള്ളുണമെന്നു കാക്കുന്ന മാലാഖാതന്നെ ശ്ലീഹിദീനായെ പഠിപ്പിക്കയും, ലിദീനാശെഷമ്പെരൊ

ട്ട ഗുണ്ടൊഷ്മായി പറകയും ചെയ്തിരുന്നു.

൧൩. ശ്ലൂ: ലിദ്ധീനായുടെ കാക്കുന്ന മാലാ
ഖായുടെ കാഴ്ചയും സംസർഗ്ഗവും കൊണ്ട സി
ദ്ധിച്ചിരുന്ന ആശ്വാസവും ആനന്ദവും മ
നൊവാക്കിലടങ്ങാത്തതു തന്നെയായിരുന്നു.
ഒരിക്കൽ ഒരു പുണ്യവാളത്തിയൊട്ട നന്നാ
ആടുപ്പവും പരിചയവുമുള്ളവളായിരുന്ന ഒ
രു വിധവ അവക്കുകൂടെയും കാവൽമാലാഖാ
യെ കാണ്മാനുള്ള ഭാഗ്യം ലഭിച്ചുകൊടുക്കണ
മെന്നു പുണ്യവാളത്തിയൊട്ട അപെക്ഷിച്ചാ
ൾ, അങ്ങനെതന്നെയാകട്ടെ, കർത്താവിനൊ
ട്ട അപെക്ഷിക്ക എന്നുപറഞ്ഞു, കുറെനേരം
അപെക്ഷിച്ചതിന്റെ ശെഷം, ആ വിധവ
യൊട്ട ഒരു ശുദ്ധമാകപ്പെട്ടവൾ കിടന്നിരു
ന്ന മുറിയിൽ തന്നെ വാതിലും അടെച്ച കു
റെനെരം താമസിപ്പാൻ പറഞ്ഞു. ഇപ്രകാ
രം വിധവ ശ്ലൂ: ലിദ്ധീനായുടെ മുറിയിൽ
നിന്നുയിൽ, ഇതാ കാവൽ മാലാഖാ പറ
ഞ്ഞാറ്റിക്കരുതാത്ത അലങ്കാരവടിവും മഹി
മയുമുള്ള ഒരു ബാലകന്റെ ഭാഷയിൽ കാ
ണപ്പെട്ടു. ഒരു ബാലകന്റെ മുഖം വെള്ള
യും രക്തവർണ്ണമുള്ളതും, കണ്ണുകൾ മിന്നുന്ന

തും, വസ്ത്രം നിർമ്മല പ്രകാശമുള്ളതും, തലമുടികൾ സപ്പണ്ണുപോലെ അഴകെഴുന്നതുമായിരുന്നു. ഭർത്താവിയുള്ള വിധവ ഒരു പരലോകവടിവിനെ കണ്ടതിനൊടെ ഉള്ളിലടങ്ങാത്ത സന്തുഷ്ടിയും അത്ഭുതവും പൂണ്ടു എന്തു പറയേണ്ടു എന്നും, എന്തു വിചാരിക്കേണ്ടു എന്നുക്രുടെയും ഗ്രഹിപ്പാൻ മെലാതെ ഭ്രമിച്ചു ഏറനേരം ഇളക്കമില്ലാതെ നിന്നു. ഇതിന്നിടയ്ക്കു ശ്രീ: ലിഡ്വീനായുടെ ചുറും നിന്ന ധർമ്മാത്മാക്കൾ ഇരക്കുന്നതുപോലെ നീട്ടിയിരുന്ന എണ്ണമില്ലാത്ത കൈകളെയും ഒരു വിധവകണ്ടു എങ്കിലും കൈമാത്രമല്ലാതെ മറെറാന്നും കാണ്മാനുമില്ലാഞ്ഞു. ഒരു കാഴ്ചകൾകൊണ്ടു ഒരു വിധവ ഭ്രമിച്ചു നില്ക്കുയിൽ, ലിഡ്വീനാ പുണ്യവാളത്തി, ഒരു വിധവയുടെ നെരെ ദൃഷ്ടിതിരിച്ചു നൊക്കേണമെന്നു കാവൽ മാലാഖായൊട്ടു അപെക്ഷിച്ചു. അപ്രകാരം തന്നെ മാലാഖാ സന്തുഷ്ടിയൊടും മാധുര്യഭാവത്തൊടും ക്രുടെ ഇവരെ സൂക്ഷിച്ചുനൊക്കിയതുകൊണ്ടു ഒരു വിധവയുടെ ഹൃദയത്തിൽ പറഞ്ഞാസ്പഷ്ടികാവതല്ലാത്ത ആനന്ദം ജനിച്ചതുമാത്രമല്ല, ഒരു നൊട്ടത്താൽ അവരുടെ ഉള്ളിൽ

ജ്വലിച്ച ഭക്തിസ്നേഹത്തിന്റെ ആധിക്യത്താൽ കുറെ നാളത്തേക്കു കണ്ണുനീരും കൈവിട്ടു നിഷ്ഫലാനന്ദം, യാതൊരു യാചനയും അനുഭവിപ്പാനും പാടില്ലാതെയായിപ്പോയി. ഈ മഹാ ആനന്ദം ജനിപ്പിക്കുന്നതായ ഓരോ മാലാഖായുടെ തിരുമുഖത്തെ ശ്രീ: ലിദ്വീനാക്രൂടക്രൂടെ കണ്ടിരുന്നതുകൊണ്ടു, ഓരോ ശ്രീ: മാലാഖായുടെ തിരുമുഖം കാണ്മാനുള്ള ഭാഗ്യം ഇനിക്കുണ്ടായിരിക്കുന്നതുവരെ, ഓരോ കാഴ്ച കൊണ്ടു ശമനം വരുത്ത യാതൊരു രൊഗപീഡയും, യാതൊരു ദുഃഖവും ഇനിക്കുണ്ടാകയില്ല എന്ന ചിലരൊട്ടു രഹസ്യമായി പറഞ്ഞിരുന്നു. ഒരു ദൈവത്തെ ദർശിക്കുന്നതു ഈ മനൊഹരമെങ്കിൽ സർവ്വഭാഗ്യസാഗരമായ ദൈവതിരുമുഖത്തെ പ്രത്യക്ഷദർശനമായി കാണുന്നതു എന്തായിരിക്കും!!!

വിശെഷിച്ചും ഓരോ മാലാഖാ ശ്രീ: ലിദ്വിനായെ ചിലപ്പൊൾ തന്നൊടുകൂടെ ഒരു ഭാഗ്യസ്ഥലത്തേക്കു കൂട്ടിക്കൊണ്ടു പൊയിരുന്നു. എന്നാൽ ഇപ്രകാരം കൂട്ടിക്കൊണ്ടു പൊയിരുന്നതു ആത്മാവിനെ മാത്രമൊ, അല്ലെങ്കിൽ ആത്മാവിനെയും ശരീരത്തെയും കൂടെ

യൊ മറ്റുവിധത്തിലൊ, എങ്ങനെയെന്നു ഗ്ര
ഹിക്കാവതല്ല. എങ്കിലും ക്രൂട്ടിക്കൊണ്ടുപൊ
യിരുന്നവിധം എപ്പൊഴും ഇങ്ങനെയാണ്,
അതായത: മാലാഖാ ശുദ്ധ: ലിദ്ധീനായു
ടെ കൈയ്യെ പിടിച്ച ഒരു സ്ഥലത്തിൽ സ്ഥാ
പിച്ചിരുന്ന മാതാവിന്റെ സപ്തരൂപത്തിൽമു
മ്പാകെ ക്രൂട്ടിക്കൊണ്ടുപൊയിരുന്നു. അവി
ടെചെന്ന ആ പരമ നായകിയൊടു സ
ന്തൂ പറഞ്ഞതിന്റെ ശെഷം, മാലാഖാ ഇവ
രെ ക്രൂട്ടിക്കൊണ്ടു കിഴക്കൊട്ടു നടന്ന എതൊ
രും വിശെഷമായ ഒരു രാജ്യത്തിൽ കൊ
ണ്ടുപൊയിരുന്നു. ആ രാജ്യത്തിൽ മറ്റു യാ
തൊരുത്തക്കും ചെല്ലുവാൻ പാടില്ലായ്ഞ്ഞു. അ
വിടെ പനിനീർപുക്കളും, മുല്ല, ലിലിയും മുത
ലായ പലവിധ സുഗന്ധപുക്കുങ്ങളും, മറ്റുപ
ലവിധ കൌതുക വസ്തുക്കളും, സുഗന്ധ സാ
ധനങ്ങളും സംപൂർണ്ണമായിട്ടുണ്ടായിരുന്നു. ഉ
ഷ്ണംകൊണ്ടും കുളിർകൊണ്ടും ഉണ്ടാകുന്ന
യാതൊരുപദ്രവവും അവിടെയില്ല. എന്തൊ
സന്തൊഷവും ആഗ്രഹവുമായിട്ടുള്ളതു, അതൊ
ക്കയും അവിടെയുണ്ട. അവിടെ അനെകത
രപുക്കുങ്ങളും സൌരഭ്യചെടികളും തിങ്ങിനി

റഞ്ഞു നില്ക്കുന്നതുകൊണ്ടു കടപ്പാൻക്രൂടെയും പ്രയാസമെന്നപൊലെ തൊന്നിയിരുന്നെങ്കിലും, മാലാഖതന്നെ ംരം തിക്കൽ നീക്കി ആ ഭാഗ്യനാട്ടിന്റെ ഉള്ളിൽ നിശ്ചയിക്കപ്പെട്ട ഒരു സ്ഥലത്തിലൊട്ടു പ്രവെശിപ്പിച്ചിരുന്നു.

൧൭. ഇപ്രകാരം ശുദ്ധ. ലിദ്ധീന വ്യാകുലത്തിന്റെ അഗ്നിയിലും, സന്തൊഷത്തിന്റെ ജലത്തിലും കിടന്നു ശുദ്ധീകരിക്കപ്പെട്ടു എല്ലാവക്കും ഉത്തമദൃഷ്ടാന്തം കാണിച്ചുവന്നു. ദൈവപെടി എപ്പൊഴും ഇവരെ ഭദ്രമായി ആദരിക്കുന്ന ഒരു കൊട്ടപൊലെ ആയിരുന്നു. സകല ദുഃഖസന്താപങ്ങളിലും "ഒ! എന്റെ ംരംശൊയെ! എന്നെ അനുഗ്രഹിക്കെണമെ!,, എന്നിതായിരുന്നു ഏകസാരം. ദൈവപെടി എന്നീ ദാനം എന്നെരവും ആഴമായിട്ടു ഹൃദയത്തിൽ പതിഞ്ഞിരുന്നതുകൊണ്ടു, ദൈവത്തിന്നു ഇഷ്ടമല്ലായെന്നു അറിയുന്നതു യാതൊന്നും ചെയ്വാനും പറവാനും വിചാരിപ്പാൻക്രൂടെയും പരിഛെദം പാടില്ലാഞ്ഞു. പലപ്പൊഴും "കർത്താവെ നിന്റെ തിരുമനസ്സിനെ നിറവെറുന്നതു എന്റെ എ

ല്ലായിലും വലിയ സന്തോഷവും ആശ്വാസവുമായിരിക്കകൊണ്ട നീ അനുഗ്രഹംക്രൂടാതെ എന്നെ പീഡിപ്പിക്കുന്ന എന്നു കാണുന്നതുതന്നെ ഇനിക്ക എത്രയും ആഗ്രഹിക്കപ്പെട്ട കാഴ്ചുമായിരിക്കുന്നു,,എന്നു പറഞ്ഞുവന്നു. എപ്പോഴും സ്വന്ത ആത്മാവിനെ അതി സൂക്ഷ്മമായി ശോധനചെയ്തു, എത്രയും അല്പമായ കുറ്റങ്ങളെക്രൂടെയും തന്നിൽനിന്നു നീക്കി ആത്മാവിനെ ശുദ്ധീകരിക്കയും, താൻ എല്ലാവരെക്കാൾതണ്ണ്യവളും ഹീനപ്പെട്ടവളുമെന്നു വിശ്വസിക്കയും ചെയ്തിരുന്നു. ആയതുകൊണ്ടു ആരെല്ലാം നിന്ദിച്ചാലും, പരിഹസിച്ചാലും, അപമാനിച്ചാലും അതൊന്നുകൊണ്ടും അല്പ രസക്കെടുപൊലും ഉണ്ടാകാതെ സകലത്തും തന്നെ നിന്നിക്കെണമെന്നു ആശിച്ചുവന്നു. ശുദ്ധ: ലിദ്വീനായൊട്ടുക്രൂടെ പാർത്തിരുന്ന ഒരു സംബന്ധക്കാരത്തി, ബഹു കഷ്ടമകെട്ടും കൊപവും ഉള്ളവളായിരുന്നതുകൊണ്ടു എന്നെരവും കൊപിച്ചു സംസാരിക്കയും അട്ടഹാസിക്കയും ചെയ്തിരുന്നു. ഒരിക്കൽ ഒരു പ്രാവ്, സ്വന്ത സ്ഥാനാവസ്ഥയൊന്നും കാണിക്കാതെ ഭാവം മാറി സാധാരണയുള്ള

ഒരാളിനെപ്പോലെ ശ്രുദ്ധ: ലിദ്ധീനായെ കണ്ടു അയാളുടെ ആരുമകാഴ്ച്ചയും അറിയിച്ച തക്ക ജ്ഞാന ഉപദെശങ്ങളെ കെൾക്കുന്നതിന്നായിട്ടു പുണ്യവാളത്തിയുടെ വീട്ടിൽ വന്നു അവിടെ താമസിച്ചിരിക്കയിൽ ഒരു സംബന്ധക്കാരത്തിസ്ത്രീയുടെ പിണക്കവും അട്ടഹാസവും കെട്ടു സഹിപ്പാൻമെലാതെ ശ്രുദ്ധ: ലിദ്ധീനായെനൊക്കി "ഇങ്ങിനെയുള്ള കരികിലാഞ്ഛികളുടെ നിലവിളിയെ എങ്ങനെ സദാ കെട്ടു സഹിച്ചുകൊള്ളും? ഇവർ ഒരു വീട്ടുമുഴുവനും കലക്കുന്നവരാണു,, എന്നു പറഞ്ഞപ്പോൾ, ശ്രുദ്ധ: ലിദ്ധീനാ "പ്രിയഅങ്ങിന്നെ! ക്ഷമയായിരിക്കെണമെ! ഇങ്ങനെയുള്ള അൽപ്പകളുടെ കെല്പുക്ഷയങ്ങൾ നമ്മുടെ ക്ഷമകൊണ്ടു പരിഹരിക്കപ്പെട്ടുവാൻ വെണ്ടിയും, ദൈവ തിരുമനസ്സിന്നു തക്കവണ്ണം പലക്കും ക്ഷമ, എളിമ, എന്നു പുണ്യങ്ങളിൽ അഭ്യസിക്കുന്നതിന്നു ഇടയാകുവാൻ വെണ്ടിയും നമ്മുടെ വാഴ്ച്ച വാക്കുകൊണ്ടു അവൾക്കു ഏറെ അധിക കൊപവും ദ്വെഷവും ഉണ്ടാകാതിരിക്കെണ്ടതിന്നായിട്ടും നാംനല്ലമനസ്സൊടെ ക്ഷമിക്കെണം,, എന്നുത്തരിച്ചു. ഇ

തുകൊണ്ട ആപ്രഭ്ര ക്ഷമയുടെ ന്യായവും ആ
വശ്യവും നന്നായി ഗ്രഹിച്ചതിനാൽ വളരെ
സന്തോഷിച്ചതുകൂടാതെ ആ ദുസ്സ്വഭാവക്കാര
ത്തിയെ ശാന്തപ്പെടുത്തുന്നതിന്നായി അപ്പൊ
ൾതന്നെ അവൾക്കു ഒരു സമ്മാനവും കൊ
ടുത്തു.

൨൪. വലിയ ദുസ്സ്വഭാവിനി ആയി
രുന്ന മറൊരുസ്ത്രീ പലപ്പൊഴും ശ്രുദ്ധ: ലി
ദ്ധീനായുടെ വീട്ടിൽ വന്ന, ഇവൾക്കു കൊപ
വും മനൊദണ്ഡവും വരുത്തുന്നതിന്നായി ഇ
വരൊട്ട പല ദുഷിവാക്കുകളും ഇല്ലാത്ത കു
റ്റങ്ങളും പറകയും, കൈപെരി പിടിച്ചതു
പൊലെ പിണഞ്ഞുകയും ശാസിക്കയും നിന്ദി
ക്കയും ചെയ്തിരുന്നു. ശ്രുദ്ധ: ലിദ്ധീന ഇതൊ
ന്നുകൊണ്ടും യാതൊരു സങ്കടവും ദ്വെഷ
ഭാവവും കാണിക്കുന്നില്ലെന്നു കണ്ടപ്പൊൾ, ഒ
രു ഭ്രാന്തിയെപ്പൊലെ ശ്രുദ്ധ: ലിദ്ധീനായു
ടെ മുഖത്തിൽ കാക്കരിച്ചു തുപ്പി; ഇതുകൊ
ണ്ടും ശ്രുദ്ധ: ലിദ്ധീനാ അല്പമെങ്കിലും ഇള
കാതെയും ഭാവം മാറാതെയും സന്തൊഷമാ
യിരിക്കുന്നതു കണ്ടപ്പൊൾ, അവൾക്കു കൊ
പം സഹിപ്പാൻമെലാതെ നിലവിളിച്ചു അ

യല്ലാതെ രെക്കുടെ വിളിച്ചുവരുത്തി. വന്നവ
രൊക്കയും ഒരും ദുഷ്ടസ്ത്രീ കൊപവും ക്രൂ
രതയും ഒക്കയും കാണിച്ച ഇത്ര വലിയ അ
ന്യായം ചെയ്കിട്ടും ശുദ്ധ: ലിദ്ദീനാ ആന
ന്ദഭാവത്തോടെ ഇരിക്കുന്നതു കണ്ട വിസ്മയി
ച്ചു. പട്ടാങ്ങയുള്ള ക്ഷമയുടെ മഹത്വമായിരു
ന്ന ഒരും പുണ്യവശിക്കു, ഒരും ഉപദ്രവങ്ങളെ
യെല്ലാം പൂർണ്ണ സന്തോഷത്തോടെ ക്ഷമിച്ച
തുകൊണ്ടുമാത്രം തൃപ്തിയാകാതെ "ദൈവം
നമ്മോടു കല്പിച്ചിരിക്കുന്ന പ്രമാണങ്ങളൊക്ക
യുടെയും പൂർണ്ണത സ്നേഹത്തിൽ ആടങ്ങിയിരി
ക്കുന്നു. എന്നതിനെക്കൊണ്ടു ദൈവപ്രമാണ
ങ്ങളുടെ പൂർണ്ണതയായ സ്നേഹത്തിൽ എന്നെ
ന്നുദ്ദ്രസിപ്പിക്കുന്നവരുടെ നേരെ ഇനിക്കു വി
ശേഷ കടം ഉണ്ടായിരിക്കുന്നു" എന്നു പറ
ഞ്ഞുകൊണ്ടു, ഒരും ഉപദ്രവങ്ങളൊക്കയും ചെ
യ്യുന്ന സ്ത്രീക്കു പ്രതിക്രിയയായിട്ടു ചില സമ്മാ
നങ്ങളെ രഹസ്യമായി കൊടുത്തയച്ചിരുന്നു.
സുബോധമില്ലാത്ത ചില സ്ത്രീകൾ ഇവരുടെ
അടുക്കൽ ചെന്നു "നീ യാവന ഒന്നും അ
നുഭവിക്കാതെ ഇങ്ങനെ ജീവിക്കുന്നു എന്നു
ഞങ്ങൾക്കു തോന്നുന്നില്ല; ഇതു വിശ്വസി

ക്കാവതുമല്ല; അയതുകൊണ്ടു, നീ ഞങ്ങൾ
ന്നനന്നില്ലെന്നു കാണിക്കുന്നതു കള്ളഭക്തിയാ
കുന്നു എന്നാണു ഞങ്ങളുടെ വിശ്വാസം,, എന്നു പറഞ്ഞു. ഇതിനു യേശു: ലിദ്വീനാ "നിങ്ങൾ എന്റെ കാഴ്ചയെ വിശ്വസിക്കാതെ ഇരിക്കുന്നതുകൊണ്ടു യാതൊരു അവിശ്വാസമെന്നതിന്മയിൽ ഉൾപ്പെടുകയില്ല. എങ്കിലും ദൈവം സർവ്വവല്ലഭനായിരിക്കുന്നു എന്നതിന്മേൽ നിങ്ങൾ സന്ദേഹിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു. അപ്പംകൊണ്ടുമാത്രമല്ല മാനുഷർ ജീവിക്കുന്നതു, പിന്നെയോ സർവ്വേശ്വരന്റെ തിരുവായിൽനിന്നു പുറപ്പെടുന്ന വചനംകൊണ്ടായിരിക്കുന്നു എന്നു കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. കർത്താവു മറിയംമഗ്ദലെത്തായെയും എജിപ്ത്തു മറിയത്തെയും വനത്തിൽ ജീവിപ്പിച്ചു കാത്തു എന്നു നിങ്ങൾക്കു വിശ്വാസമുണ്ടായിരിക്കുമല്ലൊ? എന്നെക്കൊണ്ടു ഇങ്ങനെ വിശ്വസിക്കാതിരുന്നാൽ അതുപറയ കാഴ്ചമല്ല, എങ്കിലും ദൈവവല്ലഭത്തിനു ഇതു സാദ്ധ്യമായ കാഴ്ചമാകുന്നു എന്നു നിങ്ങൾ സംശയിക്കരുത. തിന്നുന്നതു തിന്മയുമല്ല, തിന്നാതെ ഇ

രിക്കൽപ്പോലുമായാൽ നന്മയുമല്ല എന്നായിരിക്കയിൽ, ഞാൻ തിന്നുന്നോ ഇല്ലയൊ എന്ന മാനുഷരെ ബോധപ്പെടുത്തുന്നതിന്ന ആവശ്യമില്ലല്ലൊ. മാനുഷർ എന്തെല്ലാം പറഞ്ഞാലും ദൈവം ഇനിക്ക നൽകുന്ന വരപ്രസാദങ്ങളെ ഇല്ലായ്മയന്ന പറയാവതല്ല ആരും എന്നൊട്ട ചൊദിച്ച നിബ്ബന്ധിക്കാതിരുന്നെങ്കിൽ ഇനിക്ക മിണ്ടാതിരിക്കായിരുന്ന,, എന്നുത്തരംപറഞ്ഞു.

ഫ്രൂ. സാമാന്യമായി എപ്പൊഴും മൌനമായിരുന്നിരുന്ന. എപ്പൊഴും ഉണ്ടായിരുന്ന വലിയ പനി, ചിലപ്പൊൽ മൂന്നാംദിവസമൊ നാലംദിവസമൊ ഇടയിട്ട അല്പം കുറഞ്ഞ ആശ്വാസം ഉണ്ടാകുമ്പൊൽ, ആ കിട്ടുന്ന നെരം ശെഷംപെരുടെ ആശ്വാസത്തിന്നും സന്തൊഷത്തിന്നുമായി വാഴ്ത്തപുണ്യകാൎയ്യങ്ങളെ പറഞ്ഞുകൊണ്ടു ചിലവഴിച്ചിരുന്ന. ക്രൂടെ സഹായിക്കുന്നവരുടെ ഉപകാരത്തെയും സന്തൊഷത്തെയും കുറിച്ചല്ലാതെ ഒരിക്കലും നിസ്സാരമായ ചിരിക്കും കളിക്കും നെരം ചിലവഴിച്ചിട്ടില്ല. യാതൊരുത്തരെക്കൊണ്ടും കുറവും കുറവും ഒരിക്കലും പറഞ്ഞിട്ടില്ലാ

യെന്നമാത്രമല്ല, ഇങ്ങനെയുള്ള സ്വഭാവക്കാരെ കുത്തിക്കൊലക്കാരെപ്പോലെ എപ്പോഴും ദ്വേഷിച്ചിരുന്നു. പ്രപഞ്ചജീവിതത്തെയുപേക്ഷിച്ചുസാംഗോപാംഗമാശ്രമത്തെ അനുസരിക്കുന്നവരായ സന്ന്യാസികളെയും കന്ന്യാസ്ത്രീകളെയും വളരെ സ്നേഹിച്ചു ആശ്രയിക്കയും, ഒരാൾ ശാമിശിഷ്യാ കുരിശുമരണത്തോളം കീഴ്പ്പോട്ടു ങ്ങിക്കൊണ്ടു അങ്ങെടിവ്യമാതൃകയാൽ തന്നെ പഠിപ്പിച്ചിരിക്കുന്നകീഴ്പ്പോക്കത്തെയുംസാധുതയെയും പൂർണ്ണമായിഅനുകരിക്കേണമെന്നും, അതുവഴിയായിട്ടു ദൈവത്തിങ്കൽനിന്നുമുമ്പാകെ വലിയ സമ്മാനംലഭിക്കുമെന്നും ഗുണദോഷമായി പറകയും ചെയ്യുവന്നു. ചിസ്കൂച്ചിയെസ്സിസ എന്ന സഭയിലുൾപ്പെട്ട ഒരു സന്ന്യാസി, ശ്രേഷ്ഠനായി തെരിഞ്ഞെടുക്കപ്പെട്ടപ്പോൾ, ആ സ്ഥാനഭാരം ഏല്പാൻ അശേഷവും മനസ്സില്ലാതെ അതിൽനിന്നു ഒഴിയുന്നതിന്നുള്ള വഴിയും ആലൊചനയും തെടുന്നതിന്നായി ശ്രേഷ്ഠ: ലിഡ്വിനായുടെപക്കൽ വന്നു, മറെറാരുത്തനും സംഭവിച്ചിരിക്കുന്ന കാര്യംപോലെ, "ഞങ്ങളിൽ ഒരുത്തൻശ്രേഷ്ഠനായി തെരിഞ്ഞെടുക്കപ്പെട്ടിട്ടു അയാൾ ഇരുവലിയ

ഭാരവും കടവും ഏറ്റെ നടത്തിക്കൊൾവാൻ പ്രാപ്തിയില്ലെന്നുവെച്ചു അതിനെ തെല്ലും സമ്മതിക്കാതെ മറുത്തു നില്ക്കുന്നു. ഇതിനു എന്തുവെണ്ടു സഹൊദരിയെ,, എന്നു ചൊദിച്ചു. ഇതിനു ശ്രുഭ: ലിദ്ധീനാ ''അച്ചാ! മറ്റൊരുത്തന്റെ ഭാവത്തിൽ കാണിക്കുന്ന ഒരു മറവും ഉപായവും പ്രഥാതന്നെയാണെന്നു ഇനിക്കു തൊന്നുന്നു. ചൊല്പ്പിവിളികെട്ടു ജീവിക്കുന്ന സന്ന്യാസിക്കു ബഹുമാനത്തിൽനിന്നു ഒഴിഞ്ഞിരിക്കാം. എന്നാൽ ഭാരവും ചുമട്ടും തന്റെമെൽ വരുമ്പൊൾ സ്വന്ത ശക്തിയെക്കാൾ വലിയതല്ലെങ്കിൽ അതിൽനിന്നു ഒഴിയെണ്ടതല്ലെ,, എന്നുത്തരിച്ചു. എന്തുകൊണ്ടെന്നാൽ അനെഷിക്കാതെയും ആഗ്രഹിക്കാതെയും ഇരിക്കുമ്പൊൾ കല്പിച്ചു ഏല്പിക്കുന്ന ഉദ്യൊഗത്തെ ഏറ്റു നടത്തുന്നതു, അതിൽനിന്നു ഒഴിഞ്ഞുകൊണ്ടു സ്വന്തമനസ്സിനു തക്കവണ്ണം ജീവിക്കുന്നതിനെക്കാൾ ഏറ്റം നല്ലതാണെന്നും, ഇങ്ങനെഒഴിയുന്നവർഒന്നിൽനിന്നു ഒഴിയുമ്പൊൾ ഏറ്റം വലിയതായ മറ്റൊന്നിൽ വീഴും എന്നും ഒരു ശ്രുഭ്രമാകപ്പെട്ടവൾ വിചാരിച്ചിരുന്നു. എന്നാൽ ആ

സന്ന്യാസി, ഒരു പുണ്യവതിയുടെ ഗുണദോഷത്തെ ക്രൂട്ടാക്കാതെ സ്ഥാനത്തിൽനിന്ന ഒഴിഞ്ഞ സുഖമായിട്ടിരുന്നു. പക്ഷെ ഏറെ താമസിയാതെ ഒരു ഒഴിഞ്ഞ ഭാരത്തെക്കാൾഭവലിയ നിർഭാഗ്യത്തിൽ ഉൾപ്പെട്ടുവാനും, ഏറ്റം വലിയ ദുഃഖവും യൊഗ്യവും അനുഭവിപ്പാനും സംഗതിവന്നുവെന്നു, ഒരു സന്ന്യാസിതന്നെ അനുസരിച്ചു പറകയും ചെയ്തു. യാതൊരുത്തൻ സ്വന്ത ആത്മാവിന്റെ കാഴ്ചയെ ഭദ്രപ്പെടുത്തി വിചാരിപ്പാൻ മനസ്സാകുന്നെങ്കിൽ വല്ലൊരു ഇടത്തിൽ സ്ഥിരമായിതാമസിക്കയും, അവിടെ തനതുഹൃദയത്തിൽതന്നെ കത്താവിന്റെ ഒരു രഹസ്യ മുറിയെ ആയത്തമാക്കുകയും ചെയ്യേണമെന്നും, ഇങ്ങിനെ ചെയ്താൽ സംശയമെന്നിയെ വലിയ ദൈവാനുഗ്രഹത്തെയും വരപ്രസാദത്തെയും ദൈവംതന്നെ ആയാത്മാവിൽ ചിന്തുന്നതു കാണ്മാൻ ഇടയാകുമെന്നും ഒരു പുണ്യവതി പറഞ്ഞുവന്നിരുന്നു. ഒരിടത്തിലും ഉറച്ചുപാർക്കാതെ സ്വന്ത ഇഷ്ടത്തിനും മനൊചാഞ്ചല്യത്തിനും തക്കപൊലെ അങ്ങൊട്ടും ഇങ്ങൊട്ടും മാറിപാർക്കുന്നവനെ ഒരു ശുദ്ധമാകപ്പെട്ടവൽ വ

ളരെ ഉപേക്ഷിച്ചിരുന്നു. അതെന്തെ, ഓരോരുത്തൻ അവനവന്റെ ദുസ്സ്വഭാവത്തെയും മൊശത്വങ്ങളെയും നീക്കാതെ, സ്ഥലം എത്രമാത്രിയാലും അതുകൊണ്ടു യാതൊരു ഗുണവും സിദ്ധിക്കയില്ലായെന്നും, ആളുകൾ സ്ഥലത്തെ പുണ്യപ്പെടുത്തുകയല്ലാതെ സ്ഥലം ആളുകളെ പുണ്യപ്പെടുത്തുകയില്ലായെന്നും പറഞ്ഞുവന്നിരുന്നു. ഇതു മുഖ്യമായി സന്ന്യാസികളൊടാണു പറഞ്ഞുവന്നതു. അൽമെനികളൊട്ടു, യാതൊരുത്തന്നു ദൈവതിരുമനസ്സും ദൈവാത്മാവും തന്നിൽ നിറവെറണമെന്ന മനസ്സുണ്ടെങ്കിൽ, ഒന്നാമത്തെതായിട്ടു സകലരുടെയും തള്ളയായ ശ്ലൂ. പള്ളിക്കു പൂണ്ണുമായി കീഴ്പ്പഴങ്ങണമെന്നും; രണ്ടാമത, തനതു ആത്മാവസ്ഥ മുഴുവനും ഒരു കുമ്പസാരക്കാരനൊട അറിയിച്ചു ആത്മകാര്യം മുഴുവനും പരമാർത്ഥത്തൊടെ അയാൾക്കു ഏല്പിച്ചു, ഒരു ശൊമിശിഹായുടെ എന്നപൊലെ അയാൾക്കു കീഴ്പ്പഴങ്ങി നടക്കണമെന്നും, ഒരു വഴിയായിട്ടു വലിയ ദൈവനന്മകളെ ലഭിക്കുമെന്നും പറഞ്ഞുവന്നിരുന്നു.

൫. ഭരിദ്രതമെൽ ഉണ്ടായിരുന്ന താല്പ

ഉം കാരണത്താൽ, ഉടുപ്പാനും കിടപ്പാനും ആവശ്യമായിരുന്നതുകൂടെ ഇല്ലാതെ ആയിരുന്നപ്പോൾ മഹാ സന്തോഷം അനുഭവിച്ചിരുന്നു. ചിലപ്പോൾ ചിലർ ഇവരൊടു വാഴുതും ആവശ്യമുണ്ടോ എന്നു ചൊദിച്ചിരുന്നപ്പോൾ "ഇനിക്കു വെണ്ടുന്നതു ധാരാളമായിട്ടുണ്ടു,, എന്നുത്തരിച്ചിരുന്നു. ഇവരുടെ ദാരിദ്ര്യ അവസ്ഥയെ അറിഞ്ഞിരുന്നവർ, എന്തെ ഇങ്ങനെ പറയുന്നു എന്നുചൊദിച്ചപിണങ്ങിയപ്പോൾ "ഉള്ളതുകൊണ്ടു തൃപ്തിയായിരിക്കുന്നവക്കു ഉള്ളതൊക്കയും ധാരാളമായിട്ടുള്ളതാകുന്നു. ഇനിക്കു പലരെപ്പോലെ അധിക ദ്രവ്യവും സംപൂർണ്ണതയും ഇല്ലായെങ്കിലും, അനെകരെപ്പോലെ ദരിദ്രതയും നിർഭാഗ്യവും ഇനിക്കുണ്ടു. അതു ഇനിക്കു ധാരാളമായിട്ടുണ്ടായിരിക്കകൊണ്ടു ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്തു സന്തോഷമായിരിക്കുന്നു,, എന്നുത്തരിച്ചു. (Flandria) പ്ലാന്ത്രിയ ദെശത്തുകാരനായ ഒരുത്തൻ, ഒരു ശ്രുഭ്രമാകപ്പെട്ടവളുടെ ദാരിദ്ര്യത്തെയും പാപപ്പെട്ടുകുനാപ്പുരയും കണ്ടപ്പോൾ അനുഗ്രഹിച്ചു "ഞാൻ നിങ്ങൾക്കു ഒരു നല്ല വീടു പണിയിച്ചു

തരാംഎന്നു ശ്രീ: ലിഭപീനായൊട്ടു പറഞ്ഞു. ഒരം പുണ്യവതി ഇതുകെട്ടപ്പോൾ "ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇനിക്കുവെണ്ടി വെറൊരു നല്ല വീടു പണിയിക്കേണ്ട, എന്നാൽ മരിച്ചതിൻെറ ശേഷം ഇവിടെ ഒരു (ആസ്പത്രി) ധർമ്മശാലയെ പണിയിപ്പാൻ മനസ്സാകുന്നെങ്കിൽ തമ്പുരാൻ അതിന്നു തക്ക പ്രതിഫലം നൽകുമെന്നു ഞാൻ അപേക്ഷിക്കുന്നു" എന്നുത്തരിച്ചു. അപ്രകാരം തന്നെ മരണത്തിൻെറ ശേഷം ആ സ്ഥലത്തിൽ ഒരു ധർമ്മശാല പണിയപ്പെട്ടുകയും ചെയ്തു.

൨൫. തനതു ആവശ്യത്തിന്നുവെണ്ടി യാവനക്കൂട്ടങ്ങളെക്കൂടെയും അനേപക്ഷിച്ചിരുന്നില്ല. ധർമ്മമായി കിട്ടിയിരുന്നവകളെ ശേഷമെക്കു ധർമ്മമായി കൊടുപ്പാൻവെണ്ടി സൂക്ഷിച്ചുവെക്കയും, തനതു ആവശ്യത്തിന്നതുലൊം അല്പംമാത്രം എടുത്തുകൊണ്ടു മറുള്ളതു ആവശ്യക്കാക്കു എല്ലാവക്കും സന്തോഷത്തൊടെ കൊടുക്കയും ചെയ്തുവന്നു. ചിലസമയത്തിൽ കൊടുപ്പാൻ യാതൊന്നും ഇല്ലാതെ ആയിവന്നിരുന്നപ്പൊൾ, ആയവരുടെ മുട്ടുപാടുകണ്ടു സങ്കടപ്പെട്ടു അനുഗ്രഹിച്ചും കൊണ്ടെങ്കി

ലും അവക്കു യാതൊരു ആശ്വാസം വരുത്തുവാൻ ശ്രമിച്ചിരുന്നു. ദരിദ്രരാകുന്നു എന്നു അറിഞ്ഞിരുന്നവക്കു പലപ്പോഴും യാവനക്കുട്ടങ്ങളെ പച്ചയായിട്ടും വെവിച്ചതായിട്ടും കൊടുത്തയച്ചിരുന്നു. ഒരു പരിശുദ്ധ കന്യക എപ്പോഴും ഒരു സ്ഥലത്തിൽ തന്നെ ബന്ധിക്കപ്പെട്ടതുപൊലെ കിടന്നിരുന്നെങ്കിലും, എല്ലായിടത്തിലും സഞ്ചരിക്കുന്നവളെപ്പോലെ ഭിക്ഷക്കാർ ആരെന്നും, അവർ പാർക്കുന്നതു എവിടെയെന്നും സൂക്ഷ്മമായി അറിഞ്ഞിരുന്നു. അവക്കു യാവനകൊടുത്തയക്കുമ്പോൾ ആയതു കൊണ്ടുപൊകുന്നവർ വാഴുന്നോം അമാനുമായിട്ടൊ സൂക്ഷക്കെടായിട്ടൊ ചെയ്യു എന്നുവന്നാൽ, ഒരുശൊമിശിഹായുടെ പ്രിയപ്പെട്ട മക്കളായ ഭിക്ഷക്കാരൊടു അങ്ങനെ പ്രവൃത്തിച്ചതിനെക്കുറിച്ചു വളരെ സങ്കടം അനുഭവിച്ചിരുന്നു. വർഷകാലത്തിൽ കുറെ മാംസം ഉപ്പിട്ടുവെപ്പിച്ചു, ഭിക്ഷക്കാക്ക ആവശ്യംപൊലെ ആ ഉപ്പിറച്ചി കൊടുത്തയച്ചിരുന്നു. ഒരിക്കൽ ദരിദ്രക്കു കൊടുക്കുന്നതിന്നായി കിട്ടിയിരുന്ന ഒരു കുറുക്കു ഇറച്ചിയിൽനിന്നു, ശ്ലീലിദ്വീനായുടെ സഹായക്കാരത്തിയായ ഒ

രുത്തി കൂറെ എടുത്ത കറിവെച്ചതിന്റെ ശേഷം, അതുകൊണ്ടു ഭിക്ഷക്കാരരായിരുന്ന മുപ്പതു വീട്ടുകാരരും, ശ്രീ: ലിദ്വീനായുടെ വീട്ടിലുണ്ടായിരുന്നവരും, മറുപല യാത്രക്കാരരും, സാപൂണ്ണമായി ഭക്ഷിച്ചുകഴിഞ്ഞിട്ട് ആ കറിചമെച്ച പാത്രത്തിൽ നൊക്കിയപ്പോൾ, ഒട്ടും കുറയാതെ വെച്ചകറി മുഴുവനും ഉണ്ടായിരിക്കുന്ന എന്നുകണ്ട എല്ലാവരും സാക്ഷാൽ വിസ്മയിച്ചു, ഒരുത്തൻ ശ്രീമ: ലിദ്വീനായൊടു മുപ്പതു വീട്ടുകാരരും ഞങ്ങളെല്ലാവരും പല യാത്രക്കാരും സംപൂണ്ണമാംവണ്ണം തിന്നിട്ടും ംരം കറി ഒട്ടും കുറയാതെ, വെച്ചപ്പോൾ ഉണ്ടായിരുന്നിടത്തൊളം ഇപ്പോഴും ഉണ്ടായിരിക്കുന്നല്ലൊ! എന്നു പറഞ്ഞു. അപ്പോൾ ശ്രീ: ലിദ്വീനാ പറഞ്ഞതായത: "നിങ്ങൾ കൊടുത്താൽ നിങ്ങൾക്കും കിട്ടും എന്നു കത്താവു തന്നെ അരുളിച്ചെയ്തിട്ടില്ലെയൊ? ഇതു കത്താവു എന്റെ യൊഗ്യതയെ കുറിച്ചല്ല, അങ്ങെ മനൊഹ്രണത്താലെ തന്നെചെയ്തതാണു.,, ംരം പരിശുദ്ധ കന്യകയുടെ പുണ്യവിശെഷതയെ അറിഞ്ഞിരുന്ന പല സജ്ജനന്മാരും, തങ്ങൾക്കു വാഴ്ചു യാവനക്രുട്ടം

കൊടുത്തയക്കേണമെന്ന ശ്രീബുദ്ധമാർഗ്ഗപ്പെട്ടവ
ളോടു പറഞ്ഞിരുന്നു. എന്നാൽ ശ്രീ: ലിഭ്ചീ
നാഥരിദ്രരെയും, പ്രധാനമായി അത്രവരെ
സമ്പത്തുള്ളവരായിരുന്നാറെ ഇരിക്കയിൽനി
ന്നെന്നപൊലെ നിർദ്ധനരായി തീൎന്ന ധൎമ്മാ
ഇരപ്പാൻ ലജ്ജിക്കുന്നവരെയും, രഹസ്യമാ
യി യാവനകൊടുത്ത സഹായിപ്പാൻ ഉത്സാ
ഹിച്ചുവന്നു. ഭിക്ഷക്കാൎക്കു കൊടുപ്പാൻ യാവ
നക്കുട്ടങ്ങൾ ഇല്ലാതെവരുമ്പൊൾ ശ്രീ: ലി
ഭ്ചീനാഥന്നെ കാണുന്നവരൊടു ധൎമ്മമായി
ഇരന്നുവാങ്ങിയിരുന്നു. ഒരിക്കൽ ഭിക്ഷക്കാ
ൎക്കു കൊടുത്തയക്കുന്നതിന്നായി ഒരു പൊക്കി
ന്റെ കുറുകുതരെണമെന്ന ഒരു ഭക്തിയുള്ള
ആളിനൊടു ശ്രീ: ലിഭ്ചീനാ അപെക്ഷിച്ചു.
അയാൾ ഉടനെതന്നെ അയത്ര കൊടുത്ത
യക്കയും ചെയ്തു. എന്നാൽ ഒരു ധൎമ്മപ്രവൃ
ത്തി മൈവത്തിന്നു എത്ര പ്രസാദിച്ചു എന്ന
ഒട്ടും താമസിയാതെ അറിവാൻ ഇടയായി.
എങ്ങനെയെന്നാൽ: ഒരു ധൎമ്മിക്കുൻ ഒരു കു
റുകു കൊടുത്തതിന്റെ ശെഷം കുറെ കഴിഞ്ഞ
ഇതു തൂക്കിയിരുന്ന സ്ഥലത്തിൽ നൊക്കിയ
പ്പൊൾ ഒരു കൊടുത്തതിനെക്കാൾ വലുതാ

യ വെറെരുകുറകു അവിടെ തുക്കിയിരിക്കുന്നതുകണ്ടു. അതു എങ്ങനെവന്നു എന്നു തിരക്കിയാറെ അവിടെ ഉണ്ടായിരുന്നവരിൽ ആരും അറിഞ്ഞിട്ടുമില്ലാഞ്ഞു, അങ്ങനെവരുവാൻ തക്ക ഒരു സംഗതിയുമില്ലാഞ്ഞു. അതു കൊണ്ടുതന്നെ ഇതു ദൈവദാനമാകുന്നെന്നു ബൊധിച്ചു, ശ്ര: ലിദ്ദീനായുടെ നെരെ വിശെഷ താല്പൎയ്യമുള്ളവനും വലിയ ധൎമ്മിക്കനുമായി. ചുഴലിദീനക്കാരത്തിയായിരുന്ന ഒരു സ്ത്രീ, ഒരിക്കൽ വലിയ ദുഃഖത്തൊടെ ശ്ര: ലിദ്ദീനായുടെ വീട്ടിൽവന്ന കുടിപ്പാൻ കുറെ വെള്ളം ചൊദിച്ചു. ൦രം പുണ്യവതി അല്പം വീഞ്ഞുണ്ടായിരുന്നതു ഓൎക്കാതെ സമീപെയുണ്ടായിരുന്ന ഒരു പാത്രം വെള്ളം കാണിച്ചുകൊടുത്തു ദീനക്കാരത്തിക്കു അതു കുടിച്ചിട്ടും ദാഹം തീരാതെ വീണ്ടും ചൊദിച്ചു. അപ്പൊൾ ശ്ര: ലിദ്ദീനാ അല്പം വീഞ്ഞുണ്ടായിരുന്നതു ഓൎത്തു അതെടുത്തു കുടിപ്പാൻ പറഞ്ഞു. അതുകൊണ്ടും ദാഹം തീരായ്കയാൽ വീണ്ടും ചൊദിച്ചപ്പൊൾ ശ്ര: ലിദ്ദീനായ്ക്കു മറെറാന്നും കൊടുപ്പാൻ ഇല്ലാത്തതുകൊണ്ടു വെറെ വാശ്ശെയിടത്തിലുംപൊയി വാങ്ങിച്ചു

കൂടിപ്പാൻ പറഞ്ഞയച്ചു. ഇതു കഴിഞ്ഞശേഷം ശ്ലൂ: ലിദ്ധീനായ്ക്ക ചട്ടമായിട്ടുള്ള പനി തു ലൊം ഉഗ്രമായി വഷ്ടിച്ചപ്പോൾ അതൊടെ ഉണ്ടായ ദാഹവും ക്ഷുണ്ടുലച്ചയും കൊണ്ടു അല്പം വീഞ്ഞുകൊടുക്കെണമെന്നു അപ്പനൊടു അപെക്ഷിച്ചു. അപ്പൻ ഉടനെ മുൻ വീഞ്ഞിരുന്ന പാത്രം എടുത്തുകൊടുത്തു. അതിൽ വീഞ്ഞ ഒട്ടും ഇല്ലാഞ്ഞെന്നുവരികിലും ശ്ലൂ: ലിദ്ധീനാ കുടിപ്പാനായി എടുത്തപ്പോൾ പാത്രം നിറെച്ചു വീഞ്ഞുണ്ടായിരുന്നു. ശ്ലൂ: ലിദ്ധീനായും ഇത്ര നല്ല വീഞ്ഞ ഒരിക്കലും കുടിച്ചിട്ടില്ലാഞ്ഞതുകൊണ്ടു അതിശയിച്ചു. ആ വീഞ്ഞ ഏറെനാളത്തെക്ക എത്താതെ ആ പാത്രത്തിൽ ഇരുന്നിരുന്നതുമാത്രമല്ല നാൾതാമസംകൊണ്ടു അതിന്റെ ഗുണത്തിന്നും നിറത്തിന്നും യാതൊരു വ്യത്യാസം വന്നിട്ടുമില്ല. കടശി ഒരു സ്ത്രീയുടെ സൂക്ഷക്കെടുകൊണ്ടു ആ പാത്രം ഉടഞ്ഞ വീഞ്ഞപൊയ്പ്പോകയും ചെയ്തു.

ശ്ലൂ: ലിദ്ധീനായുടെ സഹൊദരനായ വില്ലെൽമൊ എന്നയാൾ സ്വന്തകുടുംബത്തിന്ന വളരെ കടം വരുത്തിക്കൊണ്ട മരി

കയും, അയാളുടെ മക്കൾ ഇതുവിട്ടുവാൻ വശമില്ലാതെ വളരെ കഷ്ടപ്പെടുകയും ചെയ്യുന്നതു ശ്ര. ലിദ്വീനകണ്ട ചില സാമാനങ്ങളെ വിറ്റ അതിന്റെ വില ഒരു ചാക്കിൽ ഇട്ട സംബന്ധക്കാരിൽ ഒരുത്തന്റെ എടുപ്പിച്ചുകൊടുത്തുകൊണ്ട ആ കടം വീട്ടുവാൻ ശ്രമിക്കണമെന്ന അപേക്ഷിച്ചു. അയാൾ അതുപോലെ തന്നെ കടക്കാക്കു കൊടുക്കേണ്ടതെല്ലാം, കൊടുത്തു വിട്ടിയതിന്റെശേഷം ശേഷിച്ചുണ്ടായിരുന്നതു കൊണ്ടുവന്ന ശ്ര: ലിദ്വീനായുടെ മുമ്പാകെ വെച്ചു തന്നെ മൂന്നു പ്രാവശ്യം എണ്ണിയാറെ മൂന്നുപ്രാവശ്യവും ശ്ര: ലിദ്വീനാ എടുപ്പിച്ചപ്പോൾ ഉണ്ടായിരുന്നതിൽ ഒട്ടും കുറയാതെ എല്ലാം ഉണ്ടായിരിക്കുന്നതു കാണ്മാൻ ഇടയായി. പരിശുദ്ധകന്യക ഒരു അത്ഭുതത്തെയാതൊരുത്തരോടും അറിയിക്കരുതെന്ന അപേക്ഷിച്ചതുകൂടാതെ ആ ചാക്കിനെ ഒരുശൊമിശിഹായുടെ സഞ്ചി എന്നു വിളിക്കയും ചെയ്തു. ഇതുകൂടാതെയും ആ ചാക്കിൽ നിന്നതന്നെ ശ്ര: ലിദ്വീനാ അനേകംപ്രാവശ്യം ഭിക്ഷക്കാക്കു ധാരാളമായി ധർമ്മം കൊടുത്തുവ

ന്ന എങ്കിലും ഒരിക്കലും കുറഞ്ഞിട്ടില്ല. ഒരിക്കൽ ചിലവിശ്വാസമുള്ള സ്നേഹിതർംരംചാക്കിൽനിന്ന എത്രമാത്രം ചിലവഴിച്ചു എന്ന ചൊദിച്ചപ്പൊൾ "ഏതെങ്കിലും നിങ്ങൾംരം ദൈവീകദാനത്തെ അറിഞ്ഞിട്ടുള്ളതുകൊണ്ട കാഴ്ചും നിശ്ചയമായിട്ടുപറയാം. മുൻപറഞ്ഞ ആ കടം വീട്ടിയതുക്കുടാതെ ആദ്യം ംരംചാക്കിൽ ഇട്ടതിനെക്കാൾ അഞ്ചിരട്ടി ഞാൻ ഇതിൽനിന്ന ചിലവഴിച്ചിട്ടുണ്ടു,, എന്ന പറഞ്ഞു മരിക്കുന്നതുവരെ ംരംസാക്കിൽ നിന്ന പണം എടുത്തു ധാരാളമയി ചിലവഴിച്ചിരുന്ന. മരിക്കുന്നതിന്ന ആറു വർഷത്തിന്ന മുമ്പിൽ ഇതിൽനിന്ന പണം എടുത്തു അനെകവിധത്തിൽ ധർമ്മമായി ചിലവഴിച്ചു. മരിച്ചതിന്നുശെഷവും ആ ചാക്കിൽ ആദ്യമിട്ട പണത്തുകയിൽ പാതിശെഷിപ്പുണ്ടായിരുന്ന. ആയതു മൂന്ന സാക്ഷിക്കാരുടെ മുമ്പാകെ എണ്ണിയതിൽശെഷം അവർ കണ്ടുനില്ക്കയിൽതന്നെ അത്ഭുതമായി എണ്ണുംവർദ്ധിച്ചു. ംരം ശ്രദ്ധമാകപ്പെട്ടവൽക്ക ഉണ്ടാകുവാൻ പാടായിരുന്നതൊക്കെയും ഒരു അല്പ പുസ്തകമൊലെ നിസ്സാരമായി വിചാരിച്ച, ംരംശൊമി

ശിഹായ്ക്കു പ്രതി ഭിക്ഷക്കാക്കു ധർമ്മമായി കൊടുത്തിരുന്നു. ആയതുകാരണത്താൽ ഒരാ ശൊമിശിഹായും, ഒരാ സുകൃത പ്രവൃത്തിക്കു സമ്മാനമായി ഒരാ പണത്തെ എപ്പോഴുംവ ർദ്ധിപ്പിക്കയും ചെയ്യുവന്നു.

൯൭. ചിലപ്പോൾ പരവശമായി പര ലോകത്തിലെക്കു എടുക്കപ്പെട്ട അത്ഭുതമായ ഒരു പ്രകാശം മൊകലത്തിൽനിന്നു വീഴുന്ന തും,അതുകണ്ടപ്പോൾഭൂലോകത്തിൽജീവിച്ചിരു ന്നവരും ഒരാ പുണ്യവതിയൊടുകൂടെ ആ ഭാ ഗ്യ രാജ്യത്തിലൊട്ട ഉയർത്തപ്പെടുന്നു എന്നു തൊന്നിയിരുന്നവരുമായ ചിലരുടെ ആ ത്മാവുകളിലൊട്ടു വീഴുന്നതും കണ്ടിരുന്നു. ഒരാ അത്ഭുതമായ പ്രകാശംകൊണ്ടു പരിശു ദ്ധ ആത്മാവുകളുടെ മഹാ മഹത്വമുള്ള ഒ രു സംഘവും, അവരിൽ പ്രധാനമായിട്ടു ത്രിലൊക നാഥയായ ദൈവമാതാവും എഴു ന്നെള്ളിവരുന്നതു കണ്ടിരുന്നു. ഇതുകൂടാതെ യും പലമെശകളെ പട്ടുകളും മറുവിശേഷ തുണികളുംകൊണ്ടു അലങ്കരിക്കയും ഒരാ ശു ദ്ധമാകപ്പെട്ടവൾ ഓരോരുത്തക്കുകൊടുത്തി രുന്ന ധർമ്മദാനങ്ങൾ ഒക്കെയും അപ്പോൾ

പരലൊകത്തിൽനിന്നു കൊണ്ടുവന്നതുപൊ
ലെ ആ മെശകളിന്മേൽ ഭംഗിയോടെ നി
രത്തിവെക്കയും ചെയ്യുന്നതും, ദരിദ്രക്കു കൊടി
പ്പാൻ കൊടുത്തിരുന്ന പാനങ്ങളൊക്കയും, മ
റ്റു ഓരൊരൊ അല്പാല്പ വസ്തുക്കളെയും സ്പ
ടികവും സ്വർണ്ണവും കൊണ്ടുള്ള പാത്രങ്ങളിൽ
ബഹുവണക്കത്തൊടെ വെക്കുന്നതും കണ്ടു.
ഇതുമാത്രമല്ല, ആ മെശയ്ക്കു മഹാ അലങ്കാ
രവും വിശെഷതയുമുള്ള ആളുകളുടെ വലിയ
കൂട്ടം വന്നിരിക്കുന്നതും കാണ്കയും, അവരൊ
ക്കെ അത്യന്ത സന്തൊഷത്തൊടെ ആ വിരു
ന്നിൽ സംസാരിക്കുന്നതു കെൾക്കയും, ആ മെ
ശയ്ക്കു ഇവർ തന്നെ ക്രൂടിനിന്നു ശുശ്രൂഷചെ
യ്യുന്നതുപൊലെ തൊന്നുകയും ചെയ്തിരുന്നു.
രൊംകാഴ്ചകണ്ടതിന്റെ ശെഷം മനൊവാക്കി
ലടങ്ങാത്ത സന്തൊഷിയും ആശ്ചര്യശക്തിയുംപ്രാ
പിച്ചു ഭിക്ഷക്കാക്കു ധർമ്മംകൊടുക്കുന്നതിന്മെ
ൽ മുമ്പിലത്തെതിനെക്കാൾ ഏറെം അധിക
നന്മനന്നും താല്പൎയ്യവും ഉണ്ടാകയും ചെയ്തു.

൨൦. ശു: ലിദ്യനാകുന്നു എഴുത്തും വായ
നയും പഠിപ്പാൻ പാടായിട്ടില്ലാഞ്ഞതുകൊ
ണ്ടു, ജീവിതകാലമൊക്കയിലും വായിക്കയും

എല്ലാവരെയും പഠിപ്പിക്കയുംചെയ്യുന്നതിനു
തക്ക ഒരു പുസ്തകമായിട്ടു ംരംശാമിശിഹാ
യുടെ ജീവിതത്തിന്മെലുള്ള നിത്യ ധ്യാനമാ
ണ തന്നെ ആത്മ നിക്ഷേപത്തിൽ സമ്പാ
ദിച്ചുവെച്ചിരുന്നതു. അറിവില്ലാത്തവരും ക്രു
ലിവെലക്കാരുമായ പല ആളുകൾ നല്ല
ജീവിതമുറ പഠിക്കുന്നതിനും, ആത്മ ആശ്വാ
സവും ഔഷധവും പ്രാപിക്കുന്നതിനുമായിട്ടു,
ശ്ലീ: ലിദ്ധിനായുടെ അടുക്കൽ വന്നിരുന്നു.
അവരൊട്ടു "എന്നെ എത്രയും പ്രിയപ്പെട്ട
വരെ! നിങ്ങൾ ഒരിക്കലും വ്യർത്ഥമായിരുന്നും ചു
റ്റിനടന്നും നെരം കളയരുതെ, എന്തുകൊ
ണ്ടെന്നാൽ വ്യർത്ഥമുള്ള കാലക്ഷെപം തിന്മ
കളുടെ വളർത്തിടവും യാവനയുമായിരിക്കു
ന്നു,, എന്നു പറഞ്ഞിരുന്നു. പ്രധാനമായി ചെ
റുപ്രായക്കാരായിരുന്ന സ്ത്രീകളൊട്ടു ംരം ഗു
ണമൊക്കും വളരെ താല്പൎയ്യമായി പറകയും,
വ്യർത്ഥമുള്ള കാലക്ഷെപം കന്യാവ്രതത്തിനു
വിഘ്നമായിരിക്കുന്നു എന്നു ഗ്രഹിപ്പിക്കയുംചെ
യ്തിരുന്നു. സമ്പത്തുള്ളവളായിരുന്ന ഒരു വി
ധവ ശ്ലീ: ലിദ്ധിനായുടെ അടുക്കൽ വന്നു
അവൾക്കു സുഖമായി കഴിയുന്നതിനു വെണ്ടു

ന്ന ധനം ഉണ്ടായിരിക്കകൊണ്ടു, ഇനി വെ
ലയൊന്നും എടുക്കാതെ പ്രഥമായിരിക്കുന്നതു
കൊണ്ടു മൊശമുണ്ടൊ? എന്നതന്നെയല്ല
ഇനിയും വെലയെടുത്ത ദ്രവ്യം കൂട്ടുമ്പൊൾ
അത്മാഗ്രഹം കൂടിവരുമല്ലൊ? എന്ന ആ
ലൊചന ചൊദിച്ചതിന്ന "വെലയെടുക്കെ
ണ്ടായെന്ന ഞാൻ പറകയില്ല; ഒരിക്കലും
പ്രഥമാ ഉണ്ടുടുത്തു ഇരിക്കുന്നതു നന്നല്ല, അ
ത്മാഗ്രഹത്തെക്കുറിച്ചു ഭയപ്പെടെണ്ട, ദിവസാ
പ്രതി എടുക്കുന്ന വെലയിൽ ഒരു പങ്ക ഭി
ക്ഷക്കാക്കു കൊടുക്ക; അല്ലെങ്കിൽ കൎത്താവി
ന്റെ അഞ്ചു മുറിവുകളെക്കുറിച്ചു ദിവസന്തൊ
റും അഞ്ചു പുത്തൻ ധമ്മായി കൊടുക്ക;
എന്നാൽ കാവൽമാലാഖാ യൊഗ്രങ്ങളിൽ
നിന്ന രക്ഷിക്കും,, എന്ന പറഞ്ഞയച്ചു. ഭാൎയ്യ
ഭൎത്താവായി ജീവിക്കുന്നവരൊടു, എപ്പൊഴും
തമ്മിൽ തമ്മിൽ സമാധാനവും, സ്നെഹവും,
വിശ്വാസവുമായിരിക്കെണമെന്ന ഗുണദൊ
ഷമായി പറഞ്ഞുവന്ന. ഒരു സ്ത്രീ അവളുടെ
മകളെ ബഹു ധനവും ശരീരാലങ്കാരവുമു
ള്ള ഒരുത്തനെക്കൊണ്ടു വിവാഹം കഴിപ്പി
ച്ചതിന്മെൽ സന്തൊഷിച്ചുകൊണ്ടു, ശ്ലൊ: ലിദ്വീ

നായൊട്ടു പറഞ്ഞപ്പോൾ, ഒരു പുണ്യവതി അരിന്നത്തരമായി പറഞ്ഞതെന്തെന്നാൽ; വസ്തുക്കളും, അലങ്കാരവും, കുലശ്രേഷ്ഠതയും, സ്ഥാനമാനവും മറ്റും വെള്ളത്തിലെ കുമിള പൊലെയായിരിക്കകൊണ്ടു, ഇവകളെ കാര്യമായി വിചാരിക്കെണ്ടതല്ല; പിന്നെയൊ പുണ്യവും, നല്ല വ്യാപാരവും, വിവെകവും ദൈവഭക്തിയും ഉണ്ടൊ എന്നും, ഉള്ള വസ്തുക്കൾ എങ്ങനെയുള്ളതാകുന്നു എന്നും നന്നായ് സൂക്ഷിക്കെണ്ടതാണു. ഇതു കൂടാതെയും ഒരു മകൾ വളരെ പാടുപെടുന്നതിന്നു ഇടയാകും; എന്നു വരികിലും, ദൈവസഹായം ഇല്ലാതെയായിപൊകയില്ല എന്നു പറഞ്ഞു. അപ്രകാരംതന്നെ ആ മകൾ മക്കളില്ലാതെയും, പല ദിനങ്ങൾകൊണ്ടും ഏറെനാൾ പീഡിക്കപ്പെട്ടതിൽപരശെഷം, ശ്രീ: ലിദ്വീനായുടെ അപെക്ഷയാൽ നല്ല മരണം പ്രാപിക്കയും ചെയ്തു. ഭാഗ്യഭർത്താക്കളായ ഇരുവർ തങ്ങളുടെ ജീവിതാവസ്ഥയിൽ ദുർവ്യാപാരമായി ജീവിച്ചിരുന്നാറെ, ഈ ശ്രീമതി ലിദ്വീനാ ദൈവവെളിപാടാൽ അറിഞ്ഞു, ആ സ്ത്രീയെ വിളിച്ചു ശാസിക്കയും,

നല്ല ബുദ്ധി പറഞ്ഞുകൊടുക്കയും ചെയ്യാതെ
ക്കൂടാതെ, ഒരാം തന്റെ ജീവിതം ഉപേക്ഷിക്കാ
തിരുന്നാൽ, ഇരുവക്കും നിർഭാഗ്യമരണവും, നി
ത്യശിക്ഷയും സമീപിച്ചിരിക്കുന്നു എന്നും അ
റിയിച്ചു. ആ സ്ത്രീ മൂലാൽ നല്ല ജീവിതം
കഴിക്കാമെന്നു പറഞ്ഞൊഴിഞ്ഞു, എങ്കിലും
ലും മഹോദരംപൊലെയുള്ള കഠിനവ്യാധി
യിലുൾപ്പെട്ട ഏറെനാൾ കഷ്ടപ്പെട്ട മരിക്ക
യും ചെയ്തു.

൨൭. അനെക ദീനക്കാരും, അംഗഹീന
രും ദെഹസുഖം പ്രാപിക്കുന്നതിന്നായി, ശ്രീ:
ലിദ്വീനായുടെ അടുക്കൽ വന്നിരുന്നു. അ
വക്ക ഒരാം ദൈവനിക്ഷെപക്കാരത്തിൽ ശരീ
രസുഖം നൽകിയിരുന്നതുകൂടാതെ, നല്ല ഗു
ണദൊഷങ്ങളും അപെക്ഷകളുംകൊണ്ട അ
രമനാവസ്ഥതക്രൂടെയും വരുത്തിയിരുന്നു. പ
ലപ്പൊഴും സന്ന്യാസികൾ ഗുരുക്കൾ മുതലായ
അനെകർ പല വിഷാദങ്ങളും ഞെരുക്കങ്ങ
ളുംകൊണ്ടു പീഡിക്കപ്പെട്ടു, ശ്രീ: ലിദ്വീനാ
യുടെ അടുക്കൽ വന്നിരുന്നു. ദുഃഖപ്പെട്ടിരു
ന്നവക്കൊക്കെക്കും ശ്രീ: ലിദ്വീനാ ആശ്വാ
സം നൽകുന്നതുള്ളയെപൊലെയായിരുന്നു.

ംരംലൊകത്തിൽ ആത്മശരീര സംബന്ധമാ
യി ഉണ്ടാകുന്ന സകല സംകടങ്ങളും, ഞെരു
ക്കങ്ങളും, അത്യന്ത സ്നേഹമുള്ള പിതാവായ
ദൈവംതന്നെ, നമ്മുടെ ഏറ്റവും വലിയ ന
ന്മെക്കായി യാത്രയാക്കുന്ന പരീക്ഷകളാകു
ന്നു എന്നും, അവയിൽനിന്നു രക്ഷപെടുന്ന
തിന്നു ംരംപിതാവിൻെറപക്കൽതന്നെ,കൊ
ച്ചുകുഞ്ഞുങ്ങൾ തങ്ങളുടെ തള്ളമാരുടെ പക്ക
ൽ ചെല്ലുന്നതുപൊലെ, ചെല്ലേണമെന്നും,
എല്ലാ സംഭവങ്ങളിലും ദൈവതിരുമനസി
ന്നു പൂൎണ്ണമായി കീഴ്പ്പഴങ്ങേണമെന്നും പറ
ഞ്ഞു ആശ്വസിപ്പിച്ചിരുന്നു. വചനങ്ങൾകൊ
ണ്ടു ആരെയും ആശ്വസിപ്പിപ്പാൻ തക്ക വി
ശെഷ ദൈവമനൊഹരണം ംരം പുണ്യവതി
ക്കു കിട്ടീട്ടുണ്ടായിരുന്നു.

൨൨. കപട ഭക്തനിക്കാരത്തിയും, പിശാ
ചിൻെറ വലയിൽ അകപ്പെട്ടിരുന്നവളുമാ
യ ഒരുത്തി, ശ്രീ: ലിദ്വീനായ്ക്കും പ്രിയപ്പെ
ടുവാൻ വെണ്ടി, വലിയ ഭക്തിയുടെ ഭാവം
കാണിക്കയും, താൻ ഒരു കന്യകയായി ജീ
വിച്ചുവരുന്നു എന്നു പലപ്പൊഴും ലജ്ജകൂടാ
തെ പറകയും ചെയ്യുവന്നിരുന്നു. ംരം പരി

ശുദ്ധകന്യക മൈവവെളിവാലെ ഇവളുടെ അവസ്ഥ നല്ലവണ്ണം ഗ്രഹിച്ചിരുന്നതുകൊണ്ടു, ഒരിക്കൽ അവളോടു "നിങ്ങൾ നിങ്ങളുടെ അവസ്ഥ നന്നായി അറിഞ്ഞിരിക്കയിൽ, കന്യാസ്ത്രീയായി ജീവിക്കുന്നു എന്നു പറയുന്നതിന്നു യാതൊരു ശങ്കയും തോന്നുന്നില്ലയോ?" എന്നു ചോദിച്ചു. അവൾ ഉടനെ വലിയ തുനിവോടെ "ഞാൻ കന്യകയായി ജീവിച്ചുവരുന്നു എന്നു നേരായിട്ടു പറയുന്നതിൽ എന്താണു ശങ്കിപ്പാനുള്ളതു?" എന്നുത്തരിച്ചു. അപ്പോൾ ശുദ്ധ: ലിദ്വീനാ "നിങ്ങൾ കന്യകയെന്നു പറയുന്നതു, വ്യാജമായി പറഞ്ഞുവരുന്നെന്നാണു എന്റെ ഭയം; ഇത്തരം കപടം കാക്കുന്നവരെ കണ്ടെത്തുവാൻ അത്രപ്രയാസമുണ്ടാകയില്ലാ" എന്നുപറഞ്ഞു. ശുദ്ധ: ലിദ്വീനായുടെ ഒരു വിശ്വസ്ഥക്രൂട്ടുകാരത്തി ഇതറിഞ്ഞു "എന്തൊ ആ ഭക്തിയുള്ള കന്യകയോടു ഇങ്ങനെപറഞ്ഞു സങ്കടപ്പെടുത്തി?" എന്നു മനോദണ്ഡത്തോടെചോദിച്ചപ്പോൾ "അതെയതെ, അവൾ എത്ര വലിയ ഭക്തികാരത്തിയായിരുന്നു എന്നു അറിയണമെങ്കിൽ അവരുടെ വസ്ത്രം അല്പ

മായ അപരാധത്തെക്കുറിച്ചു കുറ്റപ്പാടായി ഒരു വാക്കു പറഞ്ഞാൽമതി, ഉടനെ തെളിവാകും,, എന്നുപറഞ്ഞു അതുപോലെതന്നെ ആ ക്രൂട്ടുകാരത്തി അവളൊടു ചില കുറ്റങ്ങളെക്കുറിച്ചു ഗുണദോഷമായി രണ്ടുവാക്കു പറഞ്ഞ ഉടനെ ഭക്തിയുംപോയി, പുണ്യവും പോയി, ക്രൂരമൃഗത്തിന്റെ ഭാവമായി പകൻ എന്നു കാണ്മാൻ ഇടയായി. കടശി, രം കപട ഭക്തിക്കാരത്തിക്ക സാദ്ധ്വിച്ച ഭയങ്കര മരണംകൊണ്ട ജീവിതം ഏതുപ്രകാരമുള്ളതായിരുന്നു എന്നു ഗ്രഹിപ്പാറായി. ഇവൾ മരിച്ചതിന്റെശേഷം, ശ്രീ: ലിഡ്ഡീനാ ഇവളുടെ ആരമാവിന്നുവെണ്ടി അപേക്ഷിപ്പാൻ തുടങ്ങിയപ്പോൾ, ഒരു ദൈവദൂതൻ കാണപ്പെട്ട "ഇവൾക്കുവെണ്ടി പ്രാർത്ഥനെരം ചിലവഴിക്കെണ്ട, എന്തുകൊണ്ടെന്നാൽ: ഇവൾ കപട ഭക്തിക്കാരുടെ ക്രൂട്ടത്തിൽ എണ്ണപ്പെട്ടുപോയി,, എന്നറിയിച്ചുകൊണ്ട മറയപ്പെട്ടു.

൨൩. പരിശുദ്ധ ലിഡ്ഡീനാ, വലിയവരൊടും, ചെറിയവരൊടും, ദരിദ്രരൊടും, പ്രഭുക്കളൊടും, എപ്പോഴത്തെയും സ്ഥാനാ

വസ്ഥയിലുമുള്ളവരൊട്ടും, ഒരു ദീഘദർശി
യെപൊലെ ദൈവതിരുമനസ്സിനെ അറി
യിക്കയും, അവരുടെ തിന്മകളെക്കുറിച്ച ആ
ൾഭെദം നൊക്കാതെ, ഋണദൊഷ വചനം
പറകയും, വെണ്ടിവരുമ്പൊൾ ഭയപ്പെടു
ത്തി ശാസിക്കയും ചെയ്തിരുന്നു. ഒരൊ ദൈവ
ശുശ്രൂഷക്കാരത്തിയുടെ ഉത്തമ ഉപദെശ
ങ്ങളെ നൽമനസ്സൊടെ കൈക്കൊണ്ടു നി
രവെറാത്തവരെ, ദൈവനീതി ചിലപ്പൊ
ൾ കഠിനമായി ശിക്ഷിക്കയും ചെയ്തിരുന്നു.
സ്വന്ത ആരമകാര്യം മറന്നു, തീനിലും കുടി
യിലും ജീവിതം മുഴുവനും കഴിച്ചുകൊണ്ടു,
അനെക ആരമാവുകളെ നിത്യനാശത്തിലു
ൾപ്പെടുത്തുന്ന വാതിൽപൊലെ ആയിരുന്ന
ഒരു സ്ത്രീയൊടു ശ്രീ: ലിദ്വീനാ പല സുകൃ
തബുദ്ധികളെ പറഞ്ഞു സൽവഴിയിലാക്കുവാ
ൻ ശ്രമിച്ചിട്ടും ആ നിർഭാഗ്യപ്പെട്ടവൾ അ
തൊന്നും കൂട്ടാക്കാതെ തന്നിഷ്ടംപൊലെത
ന്നെ ജീവിച്ചുവന്നു. പ്രധാനമായി ഒരുത്ത
ൻ ഒരു ദുഷ്ടസ്ത്രീയുടെ കുടുക്കിൽ ഉൾപ്പെട്ടു
നന്നാ ശക്തിയായി ബന്ധിക്കപ്പെട്ടിരുന്നു.
ശ്രീ: ലിദ്വീനാ അയാളെ വിളിച്ചു, തങ്കൾ

ആ ദൈവശാപം ഏറെവളെറ്റുള്ള സംസ
ർഗ്ഗം ഉപെക്ഷിക്കേണം; അല്ലെന്നുവരികിൽ
അവളെറ്റുകൂടി നിത്യനരകാഗ്നിയിൽ ഉൽ
പ്പെടും എന്നു പറഞ്ഞു. ഒരു സത്യോപദെ
ശം കെട്ടു അയാൾ ഇപ്രകാരംതന്നെ ചെ
യ്യാമെന്നു വെഗത്തിൽ അനുസരിച്ചുറച്ചുയെ
കിലും, നിർഭാഗ്യതഴക്കത്തിൽ ഉറച്ചവനായി
രുന്നതുകൊണ്ടു വീണ്ടും മൽഛരട്ടിച്ചതുതന്നെ
ഭക്ഷിപ്പാൻ തുടങ്ങി. താമസിയാതെ ഒരു നാ
ശത്തിന്നു ഹെതുവായ ആ രണ്യവൽ നിർഭാ
ഗ്യമായി പ്രാണൻവിട്ടു. ഇതു കണ്ടതിനൊ
ടെ ഒരു മെല്ലവനായാൾ ശ്ലൂ: ലിദ്ദീനായു
ടെ അടുക്കൽവന്നു ഒരു മരിച്ചവളുടെ അവ
സ്ഥ എങ്ങനെയെന്നു വിവരമുണ്ടൊ എന്നു
ചൊദിച്ചു. കണ്ടുബൊധിപ്പാൻതാല്പൎയ്യമുണ്ടൊ
എന്നു ശ്ലൂ: ലിദ്ദീനാ ചൊദിച്ചപ്പൊൾ, കാ
ണാമെങ്കിൽ കാണെണമെന്നു ആഗ്രഹിക്കു
ന്നു എന്നു പറഞ്ഞു. ഉടനെ ഒരു പരിശുദ്ധ
കന്യക ദൈവത്തൊടു അപെക്ഷിപ്പാൻതുട
ങ്ങി. ഇതാ അല്പനെരം കഴിഞ്ഞപ്പൊൾ ഇരു
വരും പരവശമായി, മഹാ ഭയങ്കരമായഒ
രു പിശാചുക്കളുടെ കൂട്ടം വരുന്നതു, ആ

പിശാചുക്കളുടെ ഇടയിൽ ഒരാം എപ്രകാരം നിർഭാഗ്യപ്പെട്ട സ്ത്രീയുടെ ആത്മാവു, നിരൂപിച്ചുടക്കാവതല്ലാത്ത ബാധകളാൽ പീഡിക്കപ്പെട്ടു, ശരണംകെട്ടു പ്രലാപിച്ചു അഗ്നിജ്വാലയും പുകയുമായി നരകം മുഴുവനും വരുന്നതുപോലെ ഇവരുടെനേരെ വരുന്നതു കണ്ടു. ആ നേരത്തിലുണ്ടായ ഭയവും പരിഭ്രമവും ഇന്നാരുമെന്നു പറഞ്ഞറിയിക്കാവതല്ല. ദൈവംതന്നെ വിശേഷസഹായത്താൽ ജീവനെ കാത്തില്ലായെങ്കിൽ ആ കാഴ്ചയാലുണ്ടായ ഭയത്താൽതന്നെ ഒരാംയാൽ മരിച്ചുപോയെനെ! അത്ര മഹാ ഭയം ഉണ്ടായി. ഒരാം കാഴ്ചയാൽ നല്ല ബുദ്ധിയും പഠിച്ചു. എന്നുവരികിലും ഒരാം ഭാഗ്യഹീനൻ മദ്യപാനത്തിൽ തഴങ്ങിയിരുന്നവനായതുകൊണ്ടു, കുറെനാൾ കഴിഞ്ഞതിൽപിന്നെ വീണ്ടും പണ്ടത്തെപ്പോലെ ഒരാം തഴക്കവഴിയിൽതന്നെ ഉൾപ്പെട്ടു. ഉടനെ ഇതിന്നു ശിക്ഷയായി ദൈവം ഇയ്യാൾക്കു കഠിനരോഗം യാതൃയാക്കി അതിൽ വളരെ പീഡിക്കപ്പെടുകയാൽ ശ്ലൂ: ലിദ്വീനായുടെ അനുഗ്രഹമുണ്ടാകേണമെന്നു അപേക്ഷിക്കയും, ആയതുകാ

രന്നത്താൽ ഒരാം പുണ്യവതി ദൈവത്തൊടു പ്രാർത്ഥിച്ച ദീനസ്ഥിതി പ്രാപിച്ചുകൊടുക്കയും ചെയ്തു. എന്നിട്ടും ദുസ്സുഹൃത്തിൽ ഉൾപ്പെട്ടുപോയവൻ ആ തഴക്കത്തെ മാറ്റുന്നതിനെക്കാൾ, കറുത്ത ദേഹത്തിന്റെ തൊലിയെ വെളുപ്പിക്കുന്നതാകുന്ന ഏറ്റം എളുപ്പം എന്നു പറയുന്നതുപോലെ, മദ്യപാനത്തിൽ തഴങ്ങിപ്പോയ ഒരാം നിർഭാഗ്യന്റെ തന്നിഷ്ടം ഇതൊന്നുകൊണ്ടും മാറാതെ വീണ്ടും ആ തഴക്കദോഷത്തിൽതന്നെ ഉൾപ്പെട്ടു. ഉടനെതന്നെ ദൈവശിക്ഷയായിട്ടു കഠിനമായ ക്ഷാമവും വന്നുകൂടി. ഒരാം ദൈവശിക്ഷയിൽ ഉൾപ്പെട്ടപ്പോൾ ശ്ലീഹന്മാരുടെ പക്കൽ ആളയച്ചു സഹായം അപേക്ഷിച്ചു. അപ്പോൾ ഒരാം പരിശുദ്ധ കന്യക "ഞാൻ മനസ്സാകയും ഇനിക്കു പാട്ടുണ്ടായിരിക്കയും ചെയ്തപ്പോൾ ആയതിന്ന മനസ്സുണ്ടായില്ല. ഇപ്പോൾ ഞാൻ മനസ്സായാലും ദൈവവിധിയെ ഭേദപ്പെടുത്താവതല്ല. ആയതുകൊണ്ടു ഒരാം ദിനത്തിൽനിന്നു സുഖപ്പെട്ട എഴുന്നേൽക്കയില്ല; എങ്കിലും ദൈവം മനസ്സുപോലെ തന്നാരുളുന്നതിന്ന ഞാൻ അപേക്ഷിക്കാം

വെഗത്തിൽ പരിതപിച്ചീ നല്ല കുമ്പസാരം കഴിക്കേണമെന്ന എന്റെ ഗുണദൊഷമായിരിക്കുന്നു.,, എന്നത്തരം പറഞ്ഞയച്ചു. വല്ലൊരുത്തൻ പാപയൊഗ്യത്തിലുൾപ്പെട്ടുകയൊ, പരീക്ഷിക്കപ്പെട്ടുകയൊ, മറെതുവിധത്തിലെങ്കിലും പീഡിക്കപ്പെട്ടുകയൊ ചെയ്തിരുന്നാൽ ആയതു സാമാന്യമായി ദൈവവെളിവാൽ ശ്ലൂ: ലിദ്വീനാ അറികയും, അവരെ അപെക്ഷകളും, ഗുണദൊഷങ്ങളും, പ്രായശ്ചിത്തങ്ങളുംകൊണ്ടു സഹായിക്കയും ചെയ്യുവന്നു.

൨൰. മഹാ പാപിയായി ജീവിച്ചിരുന്നൊരുത്തൻ അവന്റെ പാപാക്രമങ്ങളുടെ ആധിക്യത്തെയുംഭൊരത്തെയുംകണ്ടു ശരണംകെട്ടു ചാതൊരു പട്ടക്കാരനൊടു അവ പറഞ്ഞുകുമ്പസാരിപ്പാൻ മനസ്സാകാതെയിരുന്നു. കടശി എങ്ങനെയെങ്കിലും ശ്ലൂ: ലിദ്വീനായൊടു അവന്റെപാപങ്ങളെയെല്ലാം പറഞ്ഞുറയിക്കാമെന്നു മനസ്സായി. എന്നാൽ ൦രം പുണ്യവതി ഇങ്ങനെ തന്നൊടു ദൊഷങ്ങളെ പറയുന്നതുകൊണ്ടു പാപപ്പൊറുതി കിട്ടുകയില്ല; പട്ടക്കാരനൊടുതന്നെ പറഞ്ഞ മതി

യാവു എന്നു പറഞ്ഞു പാടായ വിരൊധങ്ങ
ളൊക്കയും ചെയ്തിട്ടും അവൻ സമ്മതിക്കാതെ
ഒൊക്കങ്ങളൊക്കെയും ശ്ര: ലിദ്ധീനായൊട്ടു
പറഞ്ഞറിയിച്ചു. ശ്ര: ലിദ്ധീനാ അവന്റെ
പെക്കായി ംരും ഒൊക്കങ്ങളെയെല്ലാം സ
ന്ത ഒൊക്കങ്ങളെപൊലെ പട്ടക്കാരനൊട്ടു
പറകയും, ഇവനു പ്രായശ്ചിത്തം കല്പിക്കെ
ണമെന്നു അപെക്ഷിക്കയും ചെയ്തു. ഇതു കെ
ഴിഞ്ഞതിന്റെശെഷം, തമ്മിൽ പാഞ്ഞിരുന്ന
തുപൊലെ ംരും മഹാ പാപിയായിരുന്ന
മാനുഷൻ ംരും പുണ്യവതിയുടെ അടുക്കൽ
വന്ന നീ ഇപ്പൊൾ എന്റെ ഒൊക്കങ്ങളെ
എല്ലാം കുമ്പസാരിച്ചായിരിക്കുമല്ലൊ; ഞാൻ
ഇനി എന്തു പ്രായശ്ചിത്തം ചെയ്യണംഎന്നു
ചൊദിച്ചു. അപ്പൊൾ ശ്ര: ലിദ്ധീനാ "ഞാ
ൻ ഒരു കാര്യം മാത്രമെ പറയുന്നുള്ളു. അ
തായതു: ഇന്നു രാത്രിയിൽ ഉറക്കത്തിന്നു
പൊകുമ്പൊൾ കട്ടിലും മറ്റും ഇരുംപൊ
ലെ ആയത്തമാക്കി, അതിന്മെൽ ഇടത്തൊ
ട്ടും വലത്തൊട്ടും അല്പമെങ്കിലും തിരിയാ
തെയും അനങ്ങാതെയും മലർന്നുകിടപ്പായി
ംരും രാത്രിമുഴുവനും കഴിക്കണം" എന്നു പ

റഞ്ഞു. ഇയ്യാൾ ഇതു കെട്ട ഇരു അല്പകാല്പ
മാണൊ ഇരു വലിയ പ്രായശ്ചിത്തമായി
കല്പിക്കുന്നതു എന്നു വിചാരിച്ചു, ഒരു പുഞ്ചി
രിയോടെ ഇങ്ങനെതന്നെ വ്യത്യാസമെന്നി
യെ ചെയ്യുകൊള്ളാമെന്നു സമ്മതിച്ചു, വാക്കു
കൊടുത്തുകൊണ്ടു വീട്ടിലെക്കു പൊന്നു. രാ
ത്രിനിദ്രസമയമായപ്പൊൾ കട്ടിൽമെഹ സുഖ
മാംവണ്ണംതയ്യാറാക്കികെറിക്കിടന്നു. അല്പനെ
രംകഴിഞ്ഞപ്പൊൾ, ആ കിടപ്പുകൊണ്ടുള്ള സു
ഖഹീനം സഹിക്കാവതല്ലാതെ വിഷമിച്ചു, ഉ
റങ്ങുവാനും കണ്ണടെപ്പാനുംക്രുടെ മെലാതെ
ആയിതീന്നു. എങ്കിലും പറഞ്ഞ വാക്കു ഓ
ർത്തു, എന്തായാലും വെണ്ടുവതില്ലൊരും കിടപ്പു
തന്നെ വെളുക്കുവൊളം കിടക്കെണമെന്നു ക
ണ്ടതി ൊരും കിടപ്പുകിടക്കയിൽ, ഇതു തുലൊം
അല്പനെരംമാത്രം, ആയതും സുഖമാംവണ്ണം
മെത്തയും തലയിണയുംകൊണ്ടു അലങ്കരി
ച്ച കട്ടിലിന്മെൽ പൂണ്ട ദെഹസുഖത്തൊടെ
യുമാണ കിടക്കുന്നതു. എന്നിട്ടും ഇതു ഇനിക്കു
സഹിപ്പാൻ വഹിയായല്ലൊ? ഞാൻ മഹാ
പാപി; നരകാ ഇനിക്കു തുടന്നിരിക്കുന്നു.
ആയതവസാനമില്ലാത്തതായിരിക്കുന്നു. ഇ

നിക്കിപ്പോൾ ഇരു സുഖമായിട്ടു കിടന്നിട്ടും അങ്ങോട്ടും ഇങ്ങോട്ടും തിരിവാൻ മാത്രം മെലാ എന്നീ വിഷ്ണം കാരണത്താലെ അല്ലനെരത്തെക്കു ഉറങ്ങുവാൻ ക്രുടെ വഹിയാതെ ഞാൻ കഷ്ടപ്പെട്ടുന്നല്ലൊ? നിത്യമായി ഇനിക്കു വരുവാനിരിക്കുന്നതു ഞാൻ എങ്ങനെ സഹിക്കും; ദെഹം മുഴുവനും പ്രണമായി ചീഞ്ഞും, പല രൊഗങ്ങൾ ഒന്നിച്ചു വന്നുകൂടിയിരിക്കയും, ഒരു ഹീനവീട്ടിൽപാക്കയും ചെയ്യുന്ന ശ്ര: ലിദ്വീനാ ദൈവത്തെ പ്രതി എന്നുമാത്രം ക്ഷമിക്കുന്നു!! എന്നീ വിചാരങ്ങളാൽ പിറെദിവസം ദുർമ്മനസ്സും ദുരാഗ്രഹവും നീങ്ങി പുത്തൻ മനുഷ്യനായി പകൎന്നു, ശ്ര: ലിദ്വീനാ പറയുന്നതുപൊലെ കൎമ്പസാരിക്കുന്നതിന്നും, എന്നു പ്രായശ്ചിത്തമെങ്കിലും എടുക്കുന്നതിന്നും ആയത്തമാകയുംചെയ്തു.

൨൭. ംരംശൊമിശിഹായുടെ പങ്കപ്പാടിന്മെലുള്ള നിത്യ ചിന്തയും, അതു കാരണത്താൽ ംരം സ്നെഹത്തിന്റെ മണവാളനായ ംരം ശൊമിശിഹായുടെമെലുള്ള സ്നെഹവും ഇടവിടാതെ ഹൃദയത്തിൽ ജ്വലിച്ചു വൎദ്ധിച്ചു ംരം

ദിവ്യ രക്ഷനാഥന്റെ പങ്കപ്പാടിനെൽ ധ്യാനിക്കുന്നതിനെക്കാൾ ആശ്വാസവും സന്തോഷവും വരുത്തുന്നതു മറെറാന്നുമില്ലായിരുന്നു. ശ്രീ: ലിദ്വീനാ കാണുന്നവക്കൊക്കെക്കും അനുഗ്രഹവും അത്ഭുതവും തോന്നത്തക്കവണ്ണം സുന്ദരാംഗം പ്രണവും, നൊമ്പരവും ദിനവുമായി കിടന്നിരുന്നെങ്കിലും, ഒരുശൊമിശിഹാ അനുഭവിച്ച പാടുകളിനെല്ലുള്ള ഓർമ്മകൊണ്ടു ഇതൊന്നും അല്പമെങ്കിലും സാരമുള്ളതല്ലായെന്നു വിചാരിച്ചു വന്നിരുന്നു. പകപ്പാടിനെല്ലുള്ള ധ്യാനംകൊണ്ടു ക്രൂടക്കൂടെ വലിയ നെടുവീർപ്പിടുകയും, കണ്ണുനീർ ചിന്തുകയും, കരഞ്ഞുകരഞ്ഞു കണ്ണുനീർ എത്തീട്ടു പലപ്പോഴും കണ്ണിൽനിന്നു രക്തംതന്നെ തുള്ളിയായി ഒഴുകുകയുംചെയ്തിരുന്നു. ഇങ്ങനെ ഒഴുകിയിരുന്ന കണ്ണുനീരുകളെ ശ്രീ: ലിദ്വീനാതൊസപ്പുക്കുങ്കൽ എന്നു വിളിച്ചിരുന്നു. ഒരോ കണ്ണുനീർത്തുള്ളികൽ ചിലതു വറാതെയും കുറയാതെയും ഇപ്പോഴും കാത്തു സൂക്ഷിക്കപ്പെട്ടുകയും, അതിൽനിന്നു അത്ഭുതമായ സുഗന്ധം വിശ്രുകയും ചെയ്യുന്നു. ഒരോ പുണ്യവതിയുടെ പുകസ്സുഹവും ആശ്വാസവുമായി

രുന്ന ംസ്തംശൊമിശിഹായെ ശ്ലൂഹ: കുബ്ബാന
വഴിയായിട്ടു കൈക്കൊള്ളുന്നതിന്ന് ഉണ്ടാ
യിരുന്ന സ്നേഹത്തിന്റെയും ആഗ്രഹത്തി
ന്റെയും ആധിക്യത്താൽ, ചിലപ്പോൾ ഒരു
ദിവസം ശ്ലൂഹ: കുബ്ബാന കൈക്കൊള്ളാതിരി
ക്കേണ്ടിവന്നാൽ, ആ ദിവസം ഒരു ആണ്ടു
പൊലെ ദീർഘമായിട്ടു തൊന്നിയിരുന്നു. ശ്ലൂ:
ലിദ്ദീനാഴ്ച ഏകദെശം മുപ്പത്തഞ്ചു വയ
സ്സായിരിക്കയിൽ, ആ നാളിൽ ഭരിച്ചിരുന്ന
ബ: വികാരി നല്ല പഠനവും സാമർത്ഥ്യവു
ള്ളവനെങ്കിലും, മൈവാ നടത്തുന്നതായ അ
സാമാന്യമായ ആരംഭാവസ്ഥകളിൽ ഒട്ടും പ
രിചയമുള്ളവനല്ലാഞ്ഞതുകൊണ്ടും, പിശാചി
ന്റെ വലിയ തന്ത്രം ഹെതുവായിട്ടും, ശ്ലൂഹ:
ലിദ്ദീനായെ വളരെ പീഡിപ്പിക്കയും ഞെ
രുക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ: ംരാ
പുണ്യവതി ജ്ഞാപ്പെച്ച നാൾമുതൽ, ആ
ണ്ടിൽ രണ്ടു പ്രാവശ്യമാണ്ട ശ്ലൂഹ: കുബ്ബാ
ന കൈക്കൊണ്ടുവന്നതു. എന്നാൽ കാൽ
പാദംമുതൽ നെറുകന്തലവരെ ഒരിടവും ഒ
ഴിവില്ലാത്തുള്ള കഠിന വ്യാധിയുടെ ഉഗ്രത
വർദ്ധിച്ചുവരികയും, അതിനൊടെ ംരംശൊ

മിശിഹായുടെ പക്കപ്പാടിങ്കലുള്ള ധ്യാനവും പുറപാം ജാഗ്രതയൊടെ കഴിച്ചുവരികയുംചെയ്തു തുടങ്ങിയപ്പൊൾ, ക്രൂടക്കുടെ ശ്ലൂഹ: കുബ്ബാന കൈക്കൊള്ളുകയും ചെയ്തുവന്നു, സർവ്വാംഗവും വ്യാപിച്ചിരുന്ന ദിനശക്തികാണ്ടു, യാതൊരു ശരീരയാവന അനുഭവിപ്പാനും, യാതൊരു ശരീരാശ്വാസം പ്രാപിപ്പാനും വഹിയാതെ ആയപ്പൊൾ, ഒരൊമിശിഹായുടെ തിരുശ്ശരീരത്തെ കൈക്കൊള്ളുകയും, ഒരം ദിവ്യരക്ഷിതാവിനൊടു ഒന്നിച്ചിരിക്കയും ചെയ്യുന്നതുമാത്രം ഇവങ്ങടെ ആശ്വാസവും സന്തൊഷവുമായിരുന്നു. ഇങ്ങനെയുള്ള സ്ഥിതിയിൽ ബ: വികാരി എന്തൊരു ന്യായത്തെപ്പറ്റിയൊ, ശ്ലൂഹ: ലിദ്യനാസ്സിനൊ ഒരം പരമയാവന കൊടുക്കാതെ മുടക്കുകയും, വലിയ തിരുനാൾ ദിവസങ്ങളിൽ ക്രൂടെയും ഒരം പരിശുദ്ധ ആത്മാവിൻെറ ദാനങ്ങളെയും കണ്ണുനീരുകളെയും കണ്ടു മനസ്സിളകി ആ ദിവ്യഭൊജനത്തെ കൊടുക്കാതെ, വിരൊധിച്ചുതള്ളുകയും ചെയ്തു. ഒരിക്കൽ ശ്ലൂഹ: ലിദ്യനാസ്സ കിടന്ന കിടപ്പിൽതന്നെ കരഞ്ഞു കണ്ണുനീർ ഒഴുക്കുന്നതിനെ

ബ: വികാരി കണ്ടു, എന്തെ കരയുന്നു? എന്നു ചൊദിച്ചു. അപ്പൊൾ ശുദ്ധ: ലിദ്വീനാ "എ ന്തെ൯ അച്ചാ! ഒരംശൊമിശിഹായെ ഓത്തു കൊണ്ടു ആശ്വസിക്കയല്ലാതെ, മറ്റു യാ തൊരു ആശ്വാസവും ആദരവുമില്ലാത്ത ഒരം നിന്നെ൯ അടിയാട്ടി ഒരംശൊമിശിഹായുടെ തിരു ശരീരത്തെ കൈക്കൊണ്ടുകൊണ്ടു ആ ദരിക്കപ്പെട്ടുവാനും ജീവിപ്പാനും ഇട വരു ത്തെണമെയെന്ന അപെക്ഷിക്കുന്ന ഒരം അ പെക്ഷയെ നിന്ദിച്ചുകളയല്ലെ!" എന്നുത്ത രിച്ചു. എന്നിട്ടും ആ വികാരി ഇതൊന്നുകൊ ണ്ടും തെല്ലുപൊലും ഇളകാതെ ത്യജിച്ചുകള ഞ്ഞു. ചിലപ്പൊൾ മറ്റു ദീനക്കാക്കായിട്ടു ശു: കുബ്ബാന എഴുന്നെള്ളിച്ച വഴിയെ കൊണ്ടു പൊയിരുന്നപ്പൊൾ ശുദ്ധ: ലിദ്വീനാ ആ ദിവ്യരക്ഷകനെ ഹൃദയത്തിൽ കൈക്കൊ ള്ളെണമെന്നുള്ള ആഗ്രഹാധിക്യത്താൽ ജ്വലി ച്ചു, ചിലപ്പൊൾ ആ നെരത്തിൽതന്നെ മരി ക്കുമെന്നു തൊന്നത്തക്കവണ്ണും ഭാവം പക ന്നിരുന്നു. രൊഗശക്തി നിമിത്തം ശുദ്ധ: കു ബ്ബാന വായിൽനിന്നു എളുപ്പത്തിൽ കീഴൊ ട്ടു ഇറക്കുവാൻ പാടായിരുന്നില്ലായെങ്കിലും

കൈക്കൊണ്ടിരുന്നപ്പോഴൊക്കയും ബൊധവും ഹൃദയവും അത്ഭുതമായി ശൊഭിച്ചിരുന്നതുകൂടാതെ വാക്കുടെയും വിസ്മയിപ്പാൻതക്കവിധത്തിൽ മധുരമായി പകർന്നിരുന്നു. ക്രൂശാരൊഹണത്തിവിധത്തിൽ കുബ്ബാന കൈക്കൊള്ളുന്നതിന്നു പാടാകാതെയിരുന്നാല്യും, അത്രുചികുറഞ്ഞപ്രകാരത്തിൽ ക്രൂശക്കുടെ ശ്ലൂഹ: കുബ്ബാന കൈക്കൊണ്ടിരുന്നു.

൨.൬. ഇപ്രകാരമായിരിക്കയിൽ, മെല്ലെഞ്ഞെ വികാരി പിശാച്ചിന്റെ തന്ത്രത്താൽ ശ്ലൂ: ലിദിനായെക്കൊണ്ടു ഓരൊരുത്തൻ കണ്ടതും കെട്ടതുമായി പറഞ്ഞിരുന്നതും കെട്ടിരുന്നതും യാതൊന്നും വിശ്വസിക്കാതെ ഇവർ വലിയ കപട ഭക്തിക്കാരത്തിയെന്നും, കൊള്ളരുതാത്തവൾ എന്നും വിചാരിച്ചുവന്നു. ഒരു വലിയ തിരുനാൾദിവസത്തിൽ ശ്ലൂഹ: ലിദിനാ തനിക്കു ശ്ലൂ: കുബ്ബാന കൊടുക്കെണമെന്നു വികാരിയൊടു അപെക്ഷിക്കയും പലരെക്കൊണ്ടും അപെക്ഷിപ്പിക്കയും ചെയ്തു, എങ്കിലും ഒന്നുകൊണ്ടും സാധിച്ചില്ല. ഒരു സ്നെഹാഹം തീപ്പാൻ ഇടവരുത്തെണമെയെന്നു ദൈവത്തൊടും അപെക്ഷിച്ചു. ഏ

കിലും സ്നേഹത്തിന്റെ അഗ്നിയാൽ ഒരു പ്രിയപ്പെട്ട മകളെ ഏറമെറം ശുദ്ധീകരിച്ചു മഹത്വപ്പെടുത്തുവാൻ തിരുമനസ്സായിരുന്ന സർവ്വേശ്വരൻ ഒരു അപേക്ഷയെ തള്ളുവാൻ കൈക്കൊണ്ടില്ല. ഒരു നാളുകളിൽ ശുദ്ധലിദ്ധീനായാതൊരു ശരീരയാവനയും അനുഭവിപ്പാൻ വഹിയാതെയും അനുഭവിക്കാതെയും അത്ഭുതമായിട്ടത്രെ ജീവിച്ചിരുന്നത്. എന്നാൽ ബഃ വികാരി ഇതൊന്നും വിശ്വസിക്കാതെ ശുദ്ധലിദ്ധീനായുടെ യാതൊരു വക ശരീരയാവനയും അനുഭവിപ്പാൻ മെലായെന്ന പറയുന്നതു നെരൊ എന്നു പരീക്ഷിപ്പാൻവെണ്ടി, ക്രൂദാശചെയ്യാത്ത ഒരു ചെറിയ ഓസ്തിയെ ശുദ്ധലിദ്ധീനായുടെ കുമ്പാനയായിട്ടു ഒരു പുണ്യവതിക്കു കൊടുപ്പാൻ നിശ്ചയിച്ചു. മഹാ ദൈവദ്രോഹമായ പാതകത്തെ വികാരി ചെയ്യാനിരിക്കുന്ന എന്ന ദൈവദൂതൻ ശുദ്ധലിദ്ധീനായോടു അറിയിച്ചു. ദൈവമാതാവിന്റെ പിറവിയുടെ തിരുനാൾ ദിവസത്തിൽ ഒരു വികാരി ശുദ്ധലിദ്ധീനായെ കുമ്പസാരിപ്പിച്ചു ദൈവപെടിയും ഭയങ്കര ശിക്ഷകളും ഓർക്കാതെ, ശുദ്ധലിദ്ധീ:

കുമ്പാനയായിട്ടു ഒരു വെറും ഓസ്തിയെ എ
ഴുന്നെള്ളിച്ചു കൊണ്ടുവന്ന ശ്ലൂ: കുമ്പാന
കൊടുക്കുന്നതുപൊലുള്ള വണക്കവും കമ്മ
വും എല്ലാം കഴിച്ചുകൊണ്ടു. ആ വെറും ഓ
സ്തിയെ ഒരു പുണ്യവതിയുടെ നാവിന്മെൽ
വെച്ചു. ആ ക്ഷണത്തിൽതന്നെ ശ്ലൂ: ലിദ്വി
നായുടെ ഹൃദയവും മുഖവും ശരീരം മുഴുവ
നും ഗ്രഹിപ്പാൻമെലാത്തവണ്ണും തീരെ പക
ൻ അല്പനേരത്തെക്കുപൊലും ആ ഓസ്തി
യെ നാവിന്മെൽ നീറുത്തുവാൻ പാടാകാ
തെ ഛർദ്ദിച്ചുകളഞ്ഞു. വികാരി ഇതുകണ്ടതാ
ൻ പ്രവൃത്തിച്ച പാതക കമ്മം ക്രൂടെ നില്ക്കു
ന്നവരുടെമുമ്പാകെ പ്രസിദ്ധമായെക്കും എ
ന്ന ഭയപ്പെട്ടു; എങ്കിലും ഭയമൊന്നുംകാണി
ക്കാതെ ശ്ലൂ: ലിദ്വിനായൊടു കൊപി
ച്ചു: ഒ! മതികെട്ട സ്ത്രീയെ കർത്താവിന്റെ തി
രുശ്ശരീരത്തെ നിന്റെ വായിൽനിന്നു തുപ്പി
കളവാൻ നീ തുനിയുന്നൊ? എന്നു ചൊദി
ച്ചു. അപ്പൊൾ ശ്ലൂ: ലിദ്വിനാ "അച്ചാ!
നമ്മുടെ കർത്താവീശൊമിശിഹായുടെ തിരു
ശരീരവും ഒരു വെറും അപ്പമനുഭുക്കും തമ്മി
ലുള്ള വ്യത്യാസം തിരിച്ചറിവാൻ മെലാത്ത

വണ്ണം അരുവലിയ ഭ്രാന്തി ഞാൻ ആയി പ്പോയി എന്നു അച്ചൻ വിചാരിക്കുന്നോ? രംശൊമിശിഹായുടെ തിരുശ്ശരീരത്തെ ഞാൻ കൈക്കൊണ്ടാൽ അതുകൊണ്ടു എന്റെ ശരീരത്തിന്നു യാതൊരു പകച്ചയും വരാത്തതുകൊണ്ടുതന്നെ അതു കർത്താവിന്റെ തിരുശരീരമാണെന്നു ഇനിക്കറിയാം ഇപ്പോൾ അച്ചൻ ഇനിക്കു തന്ന രം അപ്പത്തെ ഇനിക്കു മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും ഛർദ്ദിപ്പാൻ ഞാൻ നിർബന്ധപ്പെട്ടുന്നു. അതു അധികമായിട്ടു എന്റെ ശരീരവും സ്വഭാവം കൂടെയും ഇതിനെ തൊക്ഷിക്കുന്നു,, എന്നു പറഞ്ഞു. എങ്കിലും നിർഭാഗ്യനായ പട്ടക്കാരൻ ശെഷം പെക്കു ഉരുപ്പാകാതിരിപ്പാൻവെണ്ടി പട്ടാണ്ടയായിട്ടു ശ്ലൂഹന്മാർതന്നെയാണ്ടു കൊട്ടുത്തതെന്നു പറഞ്ഞു രം പുണ്യവതിയെ ശാസിച്ചുകൊണ്ടു പൊകയും ചെയ്തു. ശ്ലൂഹ: ലിദ്വീനാ ആയുസ്സിന്റെ അപ്പത്തെ ഭക്ഷിപ്പാൻ അത്യന്ത പശിയൊടെ ആഗ്രഹിച്ച അമലൊരുഭവമാതാവിന്റെ തിരുനാൾവരെതാമസിച്ചു. ആ തിരുനാൾ സമീപിച്ചിരിക്കയിൽ ഒരുദിവസം ദൈവദൂതൻ മഹാ പ്രഭ

യൊടെ കാണപ്പെട്ട "സഹോദരിയായ ലിദ്ദീനായെ! പെടികെണ്ടു; സങ്കടപ്പെടുകയും വെണ്ടു; താമസിയാതെ ദിവ്യക്ഷേത്രത്തിനെ നീ കാണും; താൻ നിന്നെ വ്യാകുലത്തെ ശമിപ്പിക്കും,, എന്നറിയിച്ചു. ശുദ്ധ: ലിദ്ദീനാ ഒരു വിവരവും പരമാത്മത്തൊടെ ബ: വികാരിയൊട പറഞ്ഞ അദ്ദെഹം ഇതും വിശ്വസിക്കാതെ ആ മുമ്പിലത്തെപ്പൊലെ മൂക്പനായിട്ടതന്നെ സ്വന്ത അഭിപ്രായം വിടാതെയിരുന്നു.

ഒരെ. ബ: വികാരി ശു: ലിദ്ദീനായൊട പിണങ്ങുകമാത്രമല്ല, ഒരും പറഞ്ഞതൈവത്തിന്നെ കാര്യത്തെക്കുറിച്ച പൊതുവായിട്ട ജനങ്ങളുടെ മുമ്പാകെവെച്ചുതന്നെ പല ആക്ഷെപങ്ങളും വിരൊധങ്ങളും പറഞ്ഞതു കാരണത്താൽ ജനങ്ങൾക്കുടെ ഇളകി വലിയ കലഹം ഉണ്ടാക്കുന്നതിന്നും, ഉടനെ സക്കാരാളുകൾ ഒരും കാര്യത്തെപ്പറ്റി വിചാരണകഴിക്കെണമെന്ന മെത്രാനൊട അപെക്ഷിക്കുന്നതിന്നും ഇടയായി. മെത്രാനും ഒരും അപെക്ഷപ്രകാരം സമ്മതിച്ച പല മതിയാകുന്ന ആളുകളൊടെ ശുദ്ധ: ലിദ്ദീനയുടെ

ഭവനത്തിലെക്കു വരുന്നുവെന്ന വികാരി കെ
ട്ടപ്പോൾ നന്നാ പെടിച്ചു ശ്ലൂ: ലിദ്ധീനായു
ടെ പക്കൽ ആളുകളെ അയച്ചു താൻ ചെ
യ്ത അക്രമത്തെക്കുറിച്ചു പകരംവീട്ടാതെ ദയ
വായി കുറഞ്ഞിന്നു മാപ്പുലഭിക്കെണമെന്നു
അപെക്ഷിച്ചു. ശ്ലൂ: ലിദ്ധീനായും ദൈവ
സ്നേഹിക്കും നെരിന്നും ലംഘനംകൂടാതെ ചെ
യ്യാവുന്നതൊക്കയും ചെയ്യാമെന്നു പരഞ്ഞു
കയുംചെയ്തു. മെത്രാനും മനസ്സു അലൊചന
ക്കാരും വന്നതിൽപരമെക്ഷം ഉണ്ടായതൊ
ക്കയും സൂക്ഷമായി പരിശൊധനകഴിച്ചു ക്രു
ടെയുണ്ടായിരുന്ന അനെക ആളുകളുടെ സാ
ക്ഷികൊണ്ടുതന്നെ ആ വികാരിയുടെ തെ
റ്റുകൾ ബൊധപ്പെട്ടു. എങ്കിലും ശ്ലൂ: ലിദ്ധീ
നായുടെ കായ്യാവസ്ഥ സത്യമായി അറ
ിക്കെണ്ടതിനാൽ അദ്ദ്യഹത്തെ ഗുരുപ്പട്ടസ്ഥാ
നത്തിന്നു യാതൊരു ആക്ഷെപം ഭവിക്കാ
തിരിപ്പാൻവെണ്ടി അൽമെനികളെ എല്ലാ
വരെയും നീക്കിക്കൊണ്ടുമെത്രാനും ഗുരുപ്പട്ട
ക്കാരുംമാത്രം തന്റെ വായ്മൊഴി കെൾക്കെ
ണമെന്നു ശ്ലൂ: ലിദ്ധീനായപെക്ഷിച്ചു. അപ്പൊ
കാരും മെത്രാൻതന്നെയായപ്പൊൾ "ചിതാ

വെ! ഞാൻ ഉത്തരിക്കുന്നതിനുമുമ്പിൽ രണ്ടു കാര്യം അച്ചനൊടു അപേക്ഷിക്കുന്നു.,, എന്നു പറഞ്ഞു. അപ്പോൾ "ന്യായമാണെങ്കിൽ നാം ചെയ്യാം,, എന്നു മെത്രാനും ഉത്തരിച്ചതിന്റെശേഷം ശ്ലീ: ലിദ്വീനാ "മുമ്പിനാൽ തന്നെ ഞാൻ ഉൽപ്പെട്ടിരിക്കുന്ന സത്യത്തിന്റെ കെട്ടിൽനിന്നു എന്നെ അഴിക്കേണം, എന്തുകൊണ്ടെന്നാൽ എന്റെ വികാരിയരും കാര്യത്തെപ്പറ്റി എന്നെകൊണ്ടു കഠിനമായ സത്യം ചെയ്യിച്ചു. അയതു കൊണ്ടതിനെക്കാൾ വലിയ അധികാരത്താൽ നിർബന്ധപ്പെടുന്നതിനു മുമ്പിൽ പറവാൻ ഞാൻ തുനിയാഞ്ഞതു. രണ്ടാമതു, എന്റെ വികാരിയച്ചനു ഇതിനെപ്പറ്റിയാതൊരു ഞെരുക്കത്തിനും സങ്കടത്തിനും ഇടവരുത്തരുതു.,, വിരൊധിയായിരുന്ന ഒരുത്തനെക്കുറിച്ചു ഇപ്രകാരം അപേക്ഷിക്കുന്നതു കെട്ടിരുന്നവർ അതിശയിച്ചിരുന്നു. എങ്കിലും അപേക്ഷപൊലെ ചെയ്യാമെന്നു വാക്കുകൊടുത്തു. ഇതിന്റെ ശേഷം ശ്ലീ: ലിദ്വീനാ പറഞ്ഞതായ്തു: "ഇനിക്കു ഇവിടെവെച്ചു സംഭവിച്ചവകളുടെ സത്യത്തെക്കുറിച്ചു ഞാൻ ന

പ്രേമനസ്സായിട്ടു മരിപ്പാൻ ഞാജുരായിരിക്കുന്ന
എന്ന എന്റെ പിതാക്കന്മാരായ നിങ്ങളുടെ
മുമ്പാകെ ഞാൻ സാക്ഷികരിക്കുന്നു. എന്റെ
കർത്താവായ ഔശൊമിശിഹാ കുരിശിന്മെ
ൽ തറെക്കപ്പെട്ട ഒരു പൈതലിന്റെ ഭാക്ഷ
യിൽ എന്റെ കട്ടിലിന്റെ കാൽ ഭാഗത്തിൽ
കാണപ്പെട്ടു. ആ തിരുമെനിയിൽ അഞ്ചു തി
രുമുറിവുകൾ കാണപ്പെട്ടിരുന്നു; ചുറ്റും മഹാ
പ്രകാശവും വീശിയിരുന്നു. അപ്പൊൾ ഞാ
ൻ അങ്ങീന്നു എന്നെ ഉപെക്ഷിച്ചെക്കുമൊ
എന്നു ഭയപ്പെട്ട "ഓ! എന്റെ കർത്താവെ!
പട്ടാങ്ങയായിട്ടു ഞാൻ വിശ്വസിക്കുന്ന ക
ർത്താവു നീതന്നെയാകുന്നെങ്കിൽ നീ ഇവിടെ
നിന്നു മാഞ്ഞുപൊകുംമുമ്പിൽ പട്ടാങ്ങയായി
ട്ടു നീതന്നെയാണു കാണപ്പെട്ടതു എന്നു ഞാ
ൻ അറിയുന്നതിന്നുതക്ക ഒരു അടയാളം നീ
തന്നെച്ചുപൊകെണമെ!" എന്നു ഞാൻ അ
പെക്ഷിച്ചു. അപ്പൊൾ ഒരു ദിവ്യരക്ഷിതാ
വു ഒരു ഓസ്തിയുടെ ഭാക്ഷയായി പകൻ എ
ന്റെ അടുക്കൽനിന്നു. ഞാൻ ഒരു ദിവ്യ ഓ
സ്തിയെ കൈക്കൊള്ളുന്നതിന്നുള്ള അത്യഗ്രഹാ
ധിക്യത്താൽ എരിഞ്ഞ ബഃ വികാരിയുടെ ക

ത്രാൽ ഇതു കൈക്കൊള്ളുകയും ചെയ്തു. എന്നാൽ എന്നെ വികാരിയച്ചൻ ഏതെങ്കിലും തെറ്റായിട്ടു പ്രവൃത്തിച്ചുപോയെങ്കിൽ അദ്ദേഹത്തോടു ക്ഷമിക്കണമെന്നു വീണ്ടും ഞാൻ അപേക്ഷിക്കുന്നു" മെത്രാനും ശേഷമുള്ളവരും ഇതൊക്കയും കേൾക്കയും വെണ്ടുന്ന പരിശോധനകഴിക്കയും ചെയ്തതിന്നെ ശേഷം ശ്ലൂ: ലിദ്വീനായുടെ കുറവില്ലായ്മയും വലിയ പുണ്യതപവും വികാരി ചെയ്തതെറ്റുകളും എല്ലാവക്കും ബോധപ്പെട്ടു.

൨൨. മെല്ലുറഞ്ഞ ദിവ്യരക്ഷിതാവിന്നെ അത്ഭുതമായ പ്രത്യക്ഷതയിൽവെച്ച ശ്ലൂ: ലിദ്വീനായ്ക്കു ൦രംശൊമിശിഹായുടെ അഞ്ചു തിരുമുറിവുകൾക്കു തുല്യമായി അഞ്ചുമുറിവുകൾ സിദ്ധിച്ചു. അവകളുടെ നൊമ്പരം ബഹുഉഗ്രമായിരുന്നെങ്കിലും ആ നൊമ്പരത്തോടുകൂടെ തന്നെ ൦രംശൊമിശിഹായുടെ നേരെയുള്ള സ്നേഹവും വൎദ്ധിക്കയും ശ്ലൂ: കുൎബ്ബാനകൈക്കൊള്ളുന്നതിന്നുള്ള ആഗ്രഹം ഏറ്റം അധികമായി ജ്വലിക്കയും ചെയ്തതിനാലെ കൂടക്കൂടെ ശ്ലൂ: കുൎബ്ബാന കൈക്കൊള്ളുകയും, കൈക്കൊള്ളുന്തോറും വീണ്ടും ൦രം പരമ

അപ്പന്റെ ഭക്ഷിക്കുന്നതിനുള്ള ആഗ്രഹം വ
ർദ്ധിക്കയും ചെയ്തിരുന്നു. ദേഹത്തിൽ പതിഞ്ഞ
സ്നേഹമുദ്രയായ മുറിവുകളെ മറെക്കുന്നതി
ന്ന പടവഴിനൊക്കിയിരുന്നെങ്കിലും ദൈ
വം മറിച്ചു തിരുമനസ്സായിരുന്നതുകൊണ്ടു
സാധിച്ചിട്ടില്ല. കയ്യുറകൊണ്ടു കയ്യിൽ ഉ
ണ്ടായിരുന്ന മുറിവിനെ മറെച്ചിരുന്നെങ്കിലും
അതിൽനിന്നു വീശിയിരുന്ന സുഗന്ധംകൊ
ണ്ടു കയ്യുറയ്ക്കുള്ളിൽ മറെച്ചിരുന്ന പരമമുദ്ര
യെ കണ്ടറിയാത്തവക്കു സന്ദെഹത്തിന്നിട
യായിരുന്നു. ജീവിച്ചിരിക്കയിൽ തന്നെ അ
ഞ്ചുമുറിവുകളൊടുക്രൂടെ ഒരു ഭക്തിക്കാരത്തി
യായ യജമാനസ്ത്രീക്ക ഒരു രാത്രിയിൽ പ്ര
ത്യക്ഷദർശനമാകയും ംരം ദർശനത്താൽ അ
വർ വലിയ ആനന്ദം പ്രാപിക്കയും ചെയ്തു.
പിറെ ദിവസം വെളുത്തപ്പൊൾ തന്നെ ആ
യജമാനസ്ത്രീ ശ്ര: ലിദ്വീനായുടെ അടുക്ക
ൽവന്ന ംരം ഉണ്ടായ ദർശനം നെരുതന്നെ
യൊ എന്നു തിരക്കിത്തുടങ്ങിയപ്പൊൾ ശ്ര:
ലിദ്വിനാ അതെയ്യെന്നും അല്ലായെന്നും ര
ണ്ടും പറയാതെ അവരുടെ കൈമെൽ മുറു
ക്കി പിടിച്ചു "രഹസ്യം രഹസ്യം" എന്നുമാത്രാ

Carmel Monastery,
P. O. Vazhakulam.
Kerala State

പറഞ്ഞയച്ചു.

൨൯. ബ്രിട്ടീക്ഷ രാജ്യത്തിൽ ശ്ലൂ: ലിദ്വീനായെ കാണുകയും പെർകെട്ടുകയും ചെയ്തിട്ടില്ലാഞ്ഞ ഒരുത്തൻ, കാലിൽ ഒരു അസാദ്ധ്യരൊഗംകൊണ്ടു വളരെ പീഡിക്കപ്പെട്ടു ദുഃഖിച്ചു, ഒരിക്കൽ സങ്കടംകൊണ്ടുതന്നെ ഉറങ്ങിയിരിക്കയിൽ, ഒലാന്ദ്യാദെശത്തിൽ ശ്ലൂ: ലിദ്വീനാ പാർക്കുന്ന ഗ്രാമത്തിൽ പൊയെങ്കിലും, അല്ലെങ്കിൽ മറൊരുത്തനെ അയച്ചെങ്കിലും ശ്ലൂദ്ധ: ലിദ്വീനാ കൈകഴുകിയ വെള്ളം കുറെ കൊണ്ടുവരുത്തിച്ചു അതുകൊണ്ടു കാൽ കഴുകിയാൽ സുഖമാകുമെന്നൊരു അരുളപ്പാടുണ്ടായി. പിറെദിവസം വെളുത്ത ഉടനെ ഒരു ദീനക്കാരൻ തന്റെ ശ്ലൂശ്രൂഷിയെ വിളിച്ചു തനിക്കുണ്ടായ അരുളപ്പാടിനു തക്കവണ്ണം ഈ ഗ്രാമത്തിൽ പൊകെണമെന്നും, അവിടെ ലിദ്വീനാ എന്നൊരുത്തി കൈകഴുകിയ വെള്ളം കുറെ കൊണ്ടുവരെണമെന്നും കല്പിച്ചു. അതിൻവണ്ണംതന്നെ ഭൃത്യൻ താമസമെന്നിയെ യാത്ര പുറപ്പെട്ടു, ഒലാന്ദ്യാരാജ്യത്തിൽ ചെന്ന നെസ്സ്വാദമ്മ എന്ന ഗ്രാമം അന്വെഷി

ച്ചു അതിൽ പരിശുദ്ധ ലിദ്വീനായെ കണ്ടെ
ത്തി. താൻ വന്ന കാര്യം പറഞ്ഞ ശേഷം വെ
ള്ളം എടുത്ത അതിൽ കൈ കഴുകി തരേണ
മെന്ന അപേക്ഷിച്ചു പരിശുദ്ധ ലിദ്വീനാ
യും ഉപവി എന്നുള്ള ന്യായത്താലെ അപേ
ക്ഷപ്രകാരം കൊടുക്കയും അതു ബ്രിട്ടീഷരാ
ജ്യത്തിൽ കൊണ്ടുവന്ന ദീനക്കാരന്റെ കാ
ൽ കഴുകി പൂണ്ട സുഖം പ്രാപിക്കയും ചെ
യ്തു. ഇപ്രകാരം ദൈവതിരുമുമ്പാകെയും മാ
നുഷ്യരുടെ മുമ്പാകെയും ഇത്രവലിയ മഹിമ
യും യൊഗ്യതയും മതിപ്പും സിദ്ധിച്ചിരുന്നെ
കിലും ശുദ്ധ: ലിദ്വീനാ യാതൊരു പുണ്യ
വുമില്ല പുണ്യത്തിൽ വദ്ധിപ്പാൻ തുടങ്ങിട്ടുമി
ല്ലായെന്നപൊലെ തന്റെ ജീവിതത്തെ പു
ത്തനാക്കി നൂതന ശുഷ്കാന്തിയൊടെ തന്നെ
ത്താൻ ദൈവത്തിന്നു കാഴ്ചവെച്ച പലരുടെ
ആത്മരക്ഷക്കു വെണ്ടി അപേക്ഷിക്കയും, സ
വ്വാംഗം ഏകപ്രണമായി തന്നെത്താൻ അന
ന്തഞ്ഞവാൻക്രൂടെപാടില്ലാതെയിരിക്കുന്ന സ
ന്ത ശരീര കാഴ്ചത്തിന്മെൽ യാതൊരു വിചാ
രവുമില്ലാതെ പാപികൾ മനസ്സുതിരിഞ്ഞു ര
ക്ഷയുടെ വഴിയിൽ ആകുന്നതിന്നുവെണ്ടി

രാവുമുഴുവനും കരകയും, നിത്യജപങ്ങളെ കാഴ്ചവെക്കയും ചെയ്യുവന്നു. ആയതുകാരണത്താൽ അനേക ആളുകൾ രള്ളമാരുടെ പക്കൽ മക്കൾ ചെല്ലുന്നതുപൊലെ എപ്പൊഴും ചെന്ന ആശ്വാസത്തിന്നടുത്ത സൽഗുണദൊക്ഷങ്ങളെ ചൊദിക്കയും, കടശി അപെക്ഷകൊണ്ടു അവരെ സഹായിക്കെണമെയെന്ന അപെക്ഷിച്ചു, രങ്ങളുടെ കാഴ്ചംമുഴുവനും ംരം പുണ്യവതിക്കു ഏല്പിച്ചുകൊണ്ടുപൊകയും ചെയ്തിരുന്നു. ഒരിക്കൽ ഒരു സന്യാസി ശുദ്ധ: ലിദ്വീനായൊടു "ദൈവത്തിന്ന എന്നിൽ ഏറവും ഇഷ്ടക്കെടുള്ളതും, എന്റെ ആത്മാവിന്ന ഏറവും നാശമുള്ളതും എന്തെന്നായിരുന്നാൽ അതു എന്നിൽനിന്ന നീക്കി തരുന്നതിന്ന ദൈവത്തൊടു പ്രാർത്ഥിക്കെണം,, എന്ന വളരെ താല്പൎയമായി പറഞ്ഞു. ശുദ്ധ: ലിദ്വീനാ ഇതുകെട്ടു "സന്തൊഷത്തൊടെ ചെയ്യാം,, എന്ന പറഞ്ഞു. സന്യാസിയായ ംരം ദെഹം നല്ല ഭക്തിയുള്ളവൻ ആയിരുന്നെങ്കിലും ബഹു സ്വരവാസനയുള്ളവനായിരുന്നതുകൊണ്ടു, ഒരുവ്ധ അഹങ്കാരത്തൊടും മായ്യസൂരിമെലുള്ള ആഗ്ര

ഹത്തോടെയും പാട്ടുകാരനായി നടന്നിരുന്നു. ശുദ്ധ: ലിദ്വീനാ പറഞ്ഞ വാക്കുപോലെ ദൈവത്തോടു പ്രാർത്ഥിച്ചതിൻപ്രകാരം ഇദ്ദേഹത്തിന്റെ സ്വരവൈരൂപ്യം അശേഷം പോയി വലിയ സ്വരസൗഭവും, വികാരവുമായിതീർന്നു.

എന്നാൽ ദൈവീകമായി അത്ഭുതം സംഭവിച്ചുവെന്നു വിചാരിക്കാതെ ഇരിപ്പാൻവെണ്ടി, പലപല വൈദ്യന്മാരോടു ആലോചിച്ചു, പലവിധമായ മരുന്നുകളെ സേവിച്ചു. എന്നാൽ യാതൊരു ഫലവുമുണ്ടാകാതെയിരിക്കയിൽ, അയാൾ കൂടിയിരുന്ന സഭയുടെ സന്ന്യാസികളിൽ ഒരുത്തൻ പുഞ്ചിരി കാണിച്ചു വൈദ്യനോടു പറഞ്ഞതായത: ഇപ്പോൾ ഒരിക്കൽ ലിദ്വീനായുടെ അട്ടുക്കൽ പോയിരുന്നിൽ കർത്താവിന്നു അധികം ഇഷ്ടക്കേടുള്ളതു വല്ലതും ഉണ്ടായിരുന്നാൽ ആയതു നീക്കികളയുന്നതിന്നു കർത്താവിനോടു അപേക്ഷിക്കേണമെന്നു ലിദ്വീനായോടു പറഞ്ഞുവെന്നു ഞാൻ അറിയുന്നു; എന്നാൽ ലിദ്വീനായുടെ അപേക്ഷയാൽ ഇങ്ങനെ സംഭവിച്ചുവെന്നും, വ്യർത്ഥാ വേലചെയ്യുന്നുവെന്നും ഞാൻ വി

ചാരിക്കുന്ന. പുണ്യവാളത്തിയെ നല്ലവണ്ണം അറിഞ്ഞിരുന്ന വൈദ്യൻ ഇതു കെട്ട കാര്യം ഇപ്രകാരംതന്നെ എന്ന ഉറച്ചു, ചുമ്മായിരിക്കുന്നത ഏറ്റം നല്ലതെന്ന ചൊല്ലിമതിയാക്കുകയും ചെയ്തു.

൩൦. ശുദ്ധികരസ്ഥലത്തിൽ കിടന്ന പീഡിക്കപ്പെടുന്ന ആത്മാവുകൾക്കുവെണ്ടി ആ പെക്ഷിക്കുന്നത എതുയൊ പുണ്യപ്പെട്ടതും രക്ഷകുടുത്തതും ആകുന്നുവെന്ന ലിദ്വീനാ ചിന്തിക്കുമാറായിരുന്ന. ഇതിനാലെ ആ ത്രുപികുടുത്ത ആയുധങ്ങളായ നമസ്കാരം, നൊമ്പ, ധമ്മം, പ്രായശ്ചിത്തം മുതലായവകളെ ചെയ്തുകൊണ്ട ആവക്ക സഹായംചെയ്യുന്നതിന്ന പ്രയാസപ്പെട്ടിരുന്ന. രാത്രിസമയത്ത ആത്രുപിയാൽ എടുക്കപ്പെട്ട, ആ സ്ഥലത്തിൽ ഏതുപ്രകാരം തീകത്തി മെലൊട്ടുകാളുന്നുവെന്നും, ആത്മാവുകൾ ഏതുപ്രകാരം ശുദ്ധീകരിക്കപ്പെടുന്നുവെന്നും മഹാ ആലിവൊടുകൂടെ കണ്ടിരുന്ന. ഒരിക്കൽ ഒരു ദൈവദൂതൻ ഒരു ആത്മാവിനെ ചൂണ്ടിക്കാണിച്ച, അതിനെ സഹായിപ്പാൻ മനസ്സാകുന്നൊയെന്ന ചൊദിക്കയിൽ, താൻ അധിക

മായി ആഗ്രഹിക്കുന്നുവെന്ന അറിയിച്ചു അതുകയാൽ നീ മനസ്സാകുന്നെങ്കിൽ എല്ലാവശത്തുനിന്നും കത്തി എരിയുന്ന ജ്വാലയുടെ നടുവിൽക്കൂടെ കടക്കുന്നതിന്ന ആവശ്യമെന്ന ദൈവദൂതൻ പറഞ്ഞു. അപ്പോൾ ഞാൻ സന്തോഷമായി ചെയ്യാമെന്ന ലിദ്വീനാ ഉത്തരമായി പറഞ്ഞു. അപ്രകാരം തീയിൽക്കൂടെ കടന്നുപൊകയിൽ, ആ സ്ഥലത്തിലെ ബാധകർ അങ്ങാട്ടുമിങ്ങൊട്ടും ഞെരുങ്ങിമാറുകയും ആയാരമാവുകൾക്ക സഹായം ചെയ്യാൻ ഇരു ആഗ്രഹിക്കുന്ന ംരം പുണ്യവതിയുടെ ധൈര്യശീലത്തെ അനിഷ്ടതയൊടെ സഹിക്കയും ചെയ്യുന്നതുകണ്ടു കടന്നതിന്റെശെഷം ദൈവദൂതൻ തനിക്ക കാണിച്ച ആരമാവു തീയിൽനിന്ന രക്ഷിക്കപ്പെടുന്നതും, സന്തൊഷങ്ങളാൽ നിറഞ്ഞ മൊക്ഷ രാജ്യത്തിൽ പൊകുന്നതും കണ്ടു. പുണ്യവാളത്തിക്കംരം കാഴ്ച ഉണ്ടായ ആ നാളുകളിൽ മരിച്ച ഒരുത്തന്റെ മകൾ തന്റെ അപ്പന്നവെണ്ടി അപെക്ഷിക്കെണമെന്ന ലിദ്വീനായൊട പറഞ്ഞു. പുണ്യവാളത്തി അയാളുടെ ആത്മാപാടുപീഡകളെ അനുഭവിക്കുന്ന സ്ഥലത്തി

ൽ അരുപിയാലെ എടുക്കപ്പെട്ടു; എന്നതി
ൻറെശേഷം, ദൈവത്തൻ പുണ്യവാളത്തി
യൊടു പറഞ്ഞതായത: നീ അപെക്ഷിക്കാ
മെന്ന പറഞ്ഞൊത്ത ആളിൻെറ അരമം ഇ
താകുന്നു. പുണ്യവാളത്തിയെ ആ ദെഹംക
ണ്ടപ്പൊൾ തൻെറ കൂട്ടുകാരൊടു പറഞ്ഞതാ
യത: ഞാൻ ശുദ്ധികരിക്കപ്പെടുന്നതിന്ന ംരം
സ്ഥലത്തിൽ പ്രവെശിച്ച ആ നാൾമുതൽ ഇ
തുവരെ ംരം കന്യകയുടെ അരമത്തെയല്ലാ
തെ മാംസത്തിൽ ജീവിക്കുന്ന മറൊന്നിനെ
യും ഞാൻ കണ്ടിട്ടില്ല. ംരം നാഴികയിൽ
എന്നൊടു തൻെറ അനുഗ്രഹം ചെയ്യാൻ
തിരുമനസ്സായ സവ്വെശ്വരൻ വാഴ്ത്തപ്പെട്ട
വനാകട്ടെ!! ലിദ്വീനാ അയാൾക്കുവെണ്ടി
അപെക്ഷിക്കയും, തൻെറ ശരീരത്തിൽ അ
ധികം നൊവുപീഡ അനുഭവിക്കയും ചെയ്തു
യിൽ, ആയ്യാരമം അവിടെനിന്ന രക്ഷിക്ക
പ്പെട്ടപ്രകാരം അയാളുടെ ഭാഷ്യയൊടു അ
റിയിക്കപ്പെട്ടുകയും ചെയ്തു.

ലിദ്വീനായുടെ കിടക്കയിൽപക്കൽ, ജന
ത്തിൽ മഹാകീർത്തിയുള്ളവനും ബഹുമാനമുള്ള
വനുമായ ഒരു പട്ടക്കാരനും, ഇയാളൊടുകൂ

ടെ മറ്റനേകം മാനുഷരും ഒരുസമയത്തെ
രുന്നിരുന്നു. അവരുടെ സമീപെ ഒരു പാത്രം
നിറച്ചു കട്ടുകുമണി വെച്ചിട്ടുണ്ടായിരുന്നു. എ
ന്നാൽ ശുദ്ധീകരസ്ഥലത്തിലെ വെദനകളെ
അനുഭവിക്കുന്ന ആത്മാവുകളെ സംബന്ധിച്ചു
സംസാരിക്കയിൽ ആ പട്ടക്കാരൻ പറഞ്ഞ
തായത: ഒരം പാത്രത്തിൽ എത്ര കട്ടുകു മ
ണികൾ ഉണ്ടൊ, അത്രയാണ്ടു ശുദ്ധീകര
സ്ഥലത്തിൽ കിടന്നശെഷം പിന്നീട ഞാൻര
ക്ഷപെട്ടുമെന്ന ഇനിക്ക നിശ്ചയംവന്നാൽ
ഇത്ര വർഷത്തൊളം അവിടെ കിടക്കുന്നതിന്ന
ഞാൻ ഏറ്റം ആഗ്രഹിക്കുന്നു. ഇതിന്ന ലി
ദ്വീനാ നെടുവീർപ്പിട്ടുകൊണ്ടു "അച്ചാ! തങ്ങ
ൾ എന്ത പറയുന്നു? ഇതിൽവണ്ണം ദൈവ
അനുഗ്രഹത്തിൽ അല്പംമാത്രം ആശ്രയിക്കുന്നു
തെന്തെ? ശുദ്ധീകരസ്ഥലം എന്താകുന്നുവെ
ന്നും, അവിടെകിടക്കുന്ന ആത്മാവുകൾ എ
ന്തൊരു പീഡകൾ അനുഭവിക്കുന്നുവെന്നും
തങ്ങൾ അറിഞ്ഞിരുന്നാൽ നിശ്ചയമായി ഒ
രുനാളും ഇങ്ങനെ പറയാഞ്ഞെനെ,, എന്നു
ത്തരിച്ചു. ഏതാനും ദിവസം കഴിഞ്ഞിട്ടു,
ആ പട്ടക്കാരൻ മരിച്ചു; അപ്പൊൾ സ്നെഹി

തന്മാർക്കുടി അദ്ദേഹത്തിന്റെ ആരോഗ്യാവസ്ഥ കൊണ്ടു ലിദ്വിനായൊട്ടു ചോദിക്കയിൽ, ലിദ്വീനാ ജീവിതത്തിന്റെ സുകൃതംകൊണ്ടു അദ്ദേഹത്തിന്റെ ആരമം രക്ഷസ്ഥലത്തിൽ ആയിരിക്കുന്നു; എങ്കിലും ജീവിതകാലത്തിൽ കർത്താവിന്റെ പക്കൽപ്പാട്ടിന്മേൽ അധിക ശരണംവെച്ചിരുന്നെങ്കിൽ, ഏറ്റവാനന്നായിരുന്നതുമെന്നിയെ, ശുദ്ധീകരവിധിത്തിപ്പോ ഏറ്റവും അനുകൂലമുള്ളതായിരുന്നെന്നെ. ആകയാൽ ദൈവത്തെ ഭയപ്പെടുന്നത എത്ര ജ്ഞാനമുള്ളതെന്നും, കർത്താവിൽ ആശ്രയിക്കുന്നത എത്ര രക്ഷയുള്ളതെന്നും സൂക്ഷ്മമായിരിക്കുന്നു. എന്തെന്നാൽ, ഭയം മനസ്സിനെ നിഗളത്തിൽനിന്ന കാത്തുരക്ഷിക്കയും ശരണം, മനസ്സുക്ഷീണിച്ച വീഴാതാൻ തുണെക്കയുംചെയ്യും,, എന്ന പറഞ്ഞു. ശുദ്ധീകരസ്ഥലത്തിൽ ഉരിരുപ്പെട്ടുന്ന ആരമാവുകളുടെ രക്ഷയ്ക്കായി ലിദ്വിനാ നടത്തിയിരുന്ന സുകൃത കൃത്യങ്ങളും, അനുഭവിച്ചിരുന്ന പാടുകളും നിമിത്തം, വിശേഷമായി ഓരോ തിരുനാളുകളിൽ പല ദൈവീക ആശ്വാസങ്ങൾ ഒരും പുണ്യവതിക്കു ലഭിച്ചിരുന്നു.

നമ്മുടെ പരിശുദ്ധ കന്യക ഇങ്ങനെയുള്ള പരമശങ്ങളുടെ ശ്രേഷ്ഠം, വിശേഷ സുഗന്ധവർഗ്ഗങ്ങളുടെ പെട്ടകംപോലെ ബഹു സൌരഭ്യം ദേഹത്തിൽ നിന്നു വീശിയിരുന്നു എന്നു പലരും സത്യംചെയ്തു സാക്ഷീകരിക്കുന്നതു നാംതന്നെ കേട്ടു. എന്തുകൊണ്ടെന്നാൽ, വാകെട്ടിയഒരു ദ്രാക്ഷാരസപ്പാത്രംപോലെ അടങ്ങിയിരിപ്പാൻ വഹിയാതെ, പാർത്തിരുന്ന ചെറുഭവനവും, അപ്പോടെ കൂടിയിരുന്ന സകലരെയും ഒരുവക ഭാഗ്യ വാസന വീശി പരിമളത്താൽ നിറെച്ചിരുന്നു. ഇത സാധാരണ സംഭവിച്ചപ്രകാരം വിശ്വസ്ഥരായ ചില ആളുകൾ പരിശോധിച്ചു കണ്ടറിഞ്ഞു. പലപ്പോഴും ഓരോരുത്തരുപായേന മറിയാ പുണ്യവതിയുടെ നെഞ്ചിന്നരുകളുടെ മുഖം അടുപ്പിച്ചു, അതിൽനിന്നു വീശിയിരുന്ന അത്ഭുത പരിമള ആവി അനുഭവിച്ചിരുന്നു. എന്തുകൊണ്ടെന്നാൽമറിയാ പുണ്യകന്യകയുടെ നെഞ്ച കർത്താവിൻറതിരഞ്ഞെടുക്കപ്പെട്ട പരിമള പാത്രവും, പരമ സുഗന്ധങ്ങളുടെ ഇരിപ്പിടവും എന്നതന്നെ തോന്നിയിരുന്നു. അത്ര അധിക സന്തോഷപൂർണ്ണതയിൽ അടങ്ങി

യിരിപ്പാൻ കഴിയുന്നതെങ്ങനെ എന്ന പല പ്പോഴും ചൊദിച്ചതിന്ന പുണ്യവാളത്തി പരമാത്മത്തൊടെ "കത്താവ എന്നെ ദീനങ്ങളിൽ എന്നെ താഴ്ത്തുന്നത ഇനിക്ക നല്ലതായിരിക്കുന്നു; അല്ലെങ്കിൽ അങ്ങെ ആശാസങ്ങളുടെ ഭാരം സഹിപ്പാൻ ഇനിക്ക കഴിയാഞ്ഞെനെ. ആകയാൽ ആശാസങ്ങൾ സംപൂർണ്ണമായിരിക്കയിൽ, പിന്നീട നിർഭാഗ്യപ്പെട്ട ശരീരത്തിൽ പറയാവതല്ലാത്ത പീഡകൾ അനുഭവിപ്പാൻ ഞാൻ പഠിക്കുന്നു. അഹങ്കാരംകൊണ്ട പൊങ്ങാതെ ഭയംകൊണ്ട സ്ഥിരപ്പെടുന്ന ആശാസമത്രെയാകുന്ന നല്ലത,, എന്ന ഉത്തരിച്ചു. ഇപ്രകാരം ലിദ്വീനാ പലപല ജ്ഞാന ഉല്ലാസ സ്ഥലങ്ങളിൽ കൊണ്ടുപൊകപ്പെട്ടിരുന്നു. എന്നാൽ ഉടനെ കളിവിട്ട പാഠകശാലയിൽ പിന്തിരിയുന്ന പൈതങ്ങൾക്ക സംഭവിക്കുന്നതുപൊലെ, ഗുരുവായ ഒരംശാകത്താവിന്റെ വടി അവരെ ഞെരുക്കിയിരുന്നു. ആശ്ചൎയ്യമായ ഒരു സംഗതിയെന്തെന്നാൽ: ഇവർ ഒരിക്കലും കണ്ടിട്ടില്ലാത്ത ആശ്രമങ്ങളെയും, മൂരികളെയും പണിസ്ഥലങ്ങളെയും, അവകളിൽ വസിക്കുന്ന

ആളുകളെയും അത്ഭുതമായി അറിഞ്ഞിരുന്നു. ഒരിക്കലും കണ്ടിട്ടില്ലാതിരിക്കയിൽ, എങ്ങനെ അവരെ അറിയുന്നു എന്ന സന്ന്യാസികൾ ചൊദിച്ചതിന്ന, തമ്പുരാൻ ഇനിക്കൊരം മനൊഹ്രണാചെയ്യു എന്ന പറഞ്ഞു. ബ്രിയലെ നഗരിയിൽ പാർത്തിരുന്ന ഒരു സന്ന്യാസശ്രെക്കുൻ ശ്രുദ്ധ: ലിദ്വീനായൊടുകൂടെ സംസാരിച്ചിരിക്കുമ്പൊൾ, ലിദ്വീനാ മെൽ പറഞ്ഞ ദെഹത്തിന്റെ ആശ്രമത്തിൽതന്നെ തന്റെ ജീവിതകാലം മുഴുവനും കഴിച്ചിരുന്നതുപൊലെ, അതിന്റെ അവസ്ഥ മുഴുവനും വിവരമായി ആ ശ്രെക്കുനെ പറഞ്ഞുകെൽപ്പിച്ചു. ആഗൈസ്റ്റ നിവാസിയായ വിലെൽമൂസ എന്നയാളുടെ എൻറിക്കുസ എന്ന കുമാരൻ, ഇയാൾ അറിയാതെ കത്തുസിയാൻ സഭയിൽ സന്ന്യാസിയായി കൂടിയിരുന്നു. അതിന്റെ ശെഷം വിലെൽമൂസ ശ്രുദ്ധ: ലിദ്വീനായുടെശ്രുതികെട്ടൊരം കന്യകയെ കാണ്മാൻ ചെന്നപ്പൊൾ, ലിദ്വീനാ ഉടൻ ഇയ്യാളെ പെർചൊല്ലി സപ്തി പാഞ്ഞിട്ട, മകന്റെ ശ്രുഭമായ വർത്തമാനങ്ങൾകൊണ്ട ആയാളൊടു സംസാരിപ്പാൻ തുടങ്ങി. വിലെൽ

മുസ താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു കു
ട്ടി തന്നെ പെർപറഞ്ഞ വിളിക്കുന്നതു കേ
ട്ട ബഹു വിസ്മയിച്ചു, അങ്ങനെ സംഭവി പ
റവാൻ കാരണമെന്തെന്ന ചൊദിച്ചു. അതി
ന്ന ലിദ്വീനാതന്റെ മകൻ ദൈവകൃപയാ
ൽ കുഞ്ഞുനിയാൻ സന്യാസിയായി കൂടിയിരി
ക്കുന്നവല്ലൊ; അതിനാൽ അങ്ങയ്ക്കു നാം
അളവില്ലാത്ത സ്നേഹംചെയ്യാൻ കടമായി
രിക്കുന്നു. എന്ന ഉത്തരിച്ചു. എന്നാൽ മഠ
പലരെപ്പൊലെ ഇയാളും ദൈവത്തിന്റെ
രഹസ്യങ്ങൾ ശൊധനചെയ്യാൻ മനസ്സായി
രിക്കയിൽ, പുണ്യവാളത്തി ഉത്തരമായി "എ
ത്രയും പ്രിയമുള്ള സഹൊദരാ! താൻ ദയ
വിചാരിച്ച, എന്നെ അരിഷ്ടിപ്പിക്കല്ലെ, ഞാൻ
നമ്മുരാൻ ഇനിക്ക നൽകുന്നവയുടെ ഇലക
ൽ ഉപവിയെക്കുറിച്ച ഓരൊരുത്തക്ക ഭാഗി
ച്ചുകൊടുക്കുന്നു: എന്നാൽ തായിത്തണ്ടിനെ
ഒരു നാളും കൊടുക്കുന്നതല്ല" എന്ന പറഞ്ഞു
ഒരു വചനങ്ങളാൽ ദൈവരഹസ്യങ്ങളെ അ
വിവെകമായി തിരക്കാതിരിക്കെണമെന്നുകാ
ണിച്ചു. ഒരു പുണ്യവതി എത്രപ്രാവശ്യം ഒരു
ശൊമിശിഹായെ ക്രിസ്ത്യാനികൾ കുഴപ്പെട്ടി

രുന്നപ്രകാരത്തിൽ കണ്ടുവെന്നും, എത്രപ്രാ
വശ്യം പുണ്യവാളന്മാരുടെ സംസർഗ്ഗംകൊ
ണ്ട ആനന്ദിച്ചുവെന്നും, എഴുതിയാൽ അധി
കദിവ്യമായിപ്പോകും. പലപ്പോഴും ഒരംപു
ണ്യവതിയുടെ മുഖിയിൽ ശൊഭിച്ചിരുന്ന പ്ര
കാശജ്വാലയുടെ ആധിക്യത്താൽ, മുഖക്ഷ
തീപിടിച്ചതത്രെ എന്നകരുതി പലരും ഓടി
ക്കൂടുന്നതിന്ന സംഗതിയായി. എന്നാൽ പു
ണ്യവാളത്തി ഇരുവളരെ പ്രകാശത്താൽ ചൂ
ഴപ്പെട്ടിരിക്കുന്ന എന്ന കാൺകയിൽ, ഭയ
ന്ന ഭ്രമിച്ച, ഇവരുടെ മുഖത്തിൽനിന്നവീ ശി
യിരുന്ന രശ്മി സഹിപ്പാൻ പാടായിരുന്നി
ല്ല. സ്വഭാവത്താലെ ആ ശൊഭയെ ഒരു
ക്ഷണനെരത്തെക്കുക്കുടെ സഹിപ്പാൻ മെലാ
തിരിക്കയിൽ, എങ്ങിനെ അതിനെ സഹിക്കു
ന്ന എന്ന ശെഷംപെർ ചൊദിക്കയിൽ, ഇ
വർ ഉത്തരമായി "വരപ്രസാദത്തിൻെറയും
ദൈവചിന്തയുടെയും വെട്ടവും നാം കാണു
ന്ന ഒരൊ വെട്ടവും തമ്മിൽ, സൂക്ഷ്മം സൂക്ഷ്മ
ത്തിൻെറ ഒരു കതിരുംപൊലെ ദൂരവ്യത്യാസമു
ണ്ട: നമ്മുടെ ക്ഷീണമുള്ള കണ്ണു സ്വഭാവവെ
ട്ടം സഹിക്കാതിരിക്കയും, ദൈവീകവെട്ടം സ

ഹിക്കയും ചെയ്യുന്നെങ്കിൽ അതിശയപ്പെട്ടു വാനും ഇല്ല. അതെന്തെ കണ്ണിനെ ഉണ്ടാക്കിയ ആൾ ഇങ്ങനെയുള്ള വെട്ടം തരുമ്പോൾ, അതു കാണ്മാനുള്ള വശവും തരും.,,

൩.൨. ഒരിക്കൽ കച്ചവടക്കാർ അനേക കപ്പലുകളൊന്നിച്ചു, ഓരിടത്തിൽ യാത്രകഴിപ്പാൻ നിശ്ചയിച്ചു. അവരുടെ കൂട്ടത്തിൽ ബഹു ദൈവഭക്തനും ലിദ്വീനായ്ക്കു ബഹു പ്രിയനുമായ സാമത്ഥ്യപ്പെട്ട ഒരു മാലുമിയുണ്ടായിരുന്നു. ഇയ്യാൾ ഓരോ യാത്രകഴിക്കുമ്പോഴൊക്കയും ലിദ്വീനായുടെ ജ്ഞാത്തിന്നു തന്നെ കൊല്ലിക്ക പതിവായിരുന്നു. ഇപ്രകാരം കൂട്ടുകാർ ഒന്നിച്ചുകൂടിയപ്പോൾ അയാൾ ലിദ്വീനായോടു ആലൊചന ചൊദിപ്പാൻ വന്നു. കപ്പല്ലുകാർ കടമുള്ള ദിവസത്തിൽ യാത്രപുറപ്പെടണമെന്നു ആലൊചിച്ചിരിക്കയിൽ, തന്നൊടു യാത്രപറയാതെ പുറപ്പെടരുതെന്നു ലിദ്വീനാ മെല്ലവണ്ണം മാലുമിയൊടു കല്പിച്ചു. ആകയാൽ, അയാൾ നിശ്ചയിക്കപ്പെട്ട ദിവസത്തിൽ വന്നുവെങ്കിലും, ശെഷംപെർ യാത്രയ്ക്കു നിശ്ചയിച്ചിരുന്നതുകൊണ്ടു, നന്നാ മനസ്സുകെ

ടായിട്ടീരു വന്നത. ലിദ്ദീനാ അയാളൊ
ടു പറഞ്ഞതെന്തെന്നാൽ: "സഹൊദരാ!
ശെഷംപെർ നിശ്ചയിച്ച ദിവസത്തിൽ താ
ൻ യാത്രപുറപ്പെടല്ലെ; ഇതിന്നുള്ള കാരണ
മെന്തെന്ന പിന്നീടു താൻ ഗ്രഹിക്കും,, എന്നാ
ൽ അയാൾ താൻ തനിയെ ആയിപ്പൊകു
മെന്നും മറവർക്കുട്ടമായിപൊകുന്നവെന്നും
മറ്റും പല ന്യായങ്ങൾ പറഞ്ഞു കാണിക്കയി
ൽ, ലിദ്ദീനാ "താൻ അവരൊടുക്കുടെപൊ
കെണ്ട; താൻ തനിയെ പൊകെണ്ടിവന്നാ
ലും, കർത്താവു തന്നൊടുക്കുടെ ഉണ്ടായിരി
ക്കയും, തനിക്ക ശുഭമായ യാത്ര കിട്ടുകയും
ചെയ്യും,, ഇതുകെട്ട മാലുമി വിസ്മയിച്ചു; എ
ന്നവരികിലും, ഒരം കന്യകയുടെ വാക്കിന്ന
വഴങ്ങി. മറവർ സന്തൊഷിച്ചുകൊണ്ടും ഇ
യ്യാളെ ഉപദിച്ചു ആക്ഷെപിച്ചുകൊണ്ടും യാ
ത്രപുറപ്പെട്ടു. ഇയ്യാൾ ദുഃഖത്തൊടുക്കുടെ വീ
ട്ടിൽ പിന്തിരിഞ്ഞു. മറവർ പുറപ്പെട്ടിട്ട കു
റഞ്ഞൊരു നെരത്തെക്ക തക്കമുള്ള കാറും
ശുഭമായ യാത്രയും കിട്ടി. പിന്നീടു കടല്ക്ക
ള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു. ഇപ്രകാരം
കപ്പൽയുദ്ധം തുടങ്ങിട്ട ഇവരുടെ കപ്പലുക

ളിൽ പലതും പിടിക്കപ്പെട്ടു, പലതും സമു
ദ്രത്തിൽ താണു. കപ്പല്ലാരെയും പടയാളി
കളെ ഒക്കയും ശത്രുക്കൾ അടിമകളായി പി
ടിച്ചുകൊണ്ടുപൊയി. അപ്പൊൾ മെല്ലറഞ്ഞ
മാലുമി യാത്രപുറപ്പെട്ടു. എന്നാൽ ഒരുമൊ
ശമെന്നിയെ ഭദ്രമായി കാപ്പുങ്ങളൊക്കയും
തീർത്തു, നിറച്ചു ചരക്കുകളും കെറി, മഹാ ദ്ര
വ്യ സമ്പത്തുകളൊടുക്കുടെ പിന്തിരിഞ്ഞു.
ഒരിക്കൽ ന്നെടം പട്ടണത്തുകാരുടെമെൽ
ദൈവകൊപം സമീപിച്ചിരിക്കയിൽ, ലി
ദ്വീനാ തന്നെറ സ്നെഹിതന്മാരിൽ ചിലരൊ
ടു, "നമ്മുടെ ജനങ്ങൾക്കുവെണ്ടി ഞാൻ ക
ർത്താവിനൊടു പ്രാർത്ഥിച്ചു; എന്നാൽ പല പ്ര
കാരത്തിൽ അങ്ങിനെ നിശ്ചയിച്ചാറെ, തീ
കൊണ്ടുമാത്രം നാം ശിക്ഷിക്കപ്പെടുന്നത അ
ങ്ങെ അനുഗ്രഹത്തിന്നെറ ഒരു അടയാളമാ
യിരിക്കുന്നു,, എന്നു പറഞ്ഞു. എന്നാൽ തീ ക
ത്തി അഗ്നിജ്വാല എങ്ങും വ്യാപിച്ചിരിക്ക
യിൽ, ലിദ്വീനായുടെ മുറിക്കു സമീപെ കി
ടന്നിരുന്ന വിറകുകളെ മാറി സമീപിച്ചിരു
ന്ന തീയിൽനിന്നു പുണ്യവാളത്തിയെ രക്ഷി
പ്പാൻ മനസ്സായിരുന്ന ചില പരമാർത്ഥിക

ളൊട്ടു എല്ലായും പ്രിയമുള്ളവരെ! ഞാൻ ഇതുവരെ കിടന്നതുപൊലെ ഇവിടെതന്നെ കിടപ്പാൻ നിങ്ങൾ അനുവദിപ്പിൻ; തീ എന്നൊട്ടു യാതൊരുപദ്രവവും ചെയ്കയില്ല,, എന്നു പറഞ്ഞു. എന്നുവരികിലും അവർ സമ്മതിക്കാതെ, കരുതിയിരുന്നതുപൊലെ സാധിപ്പാൻ നിശ്ചയിച്ചു. എന്നാൽ ലിദ്ദീനാ ഒരു മൊശവുമെന്നിയെ സുഖമായിരുന്നു.

൯൰. ഒരിക്കൽ വസന്ത ശക്തിപ്പെട്ടിരിക്കയിൽ, ലിദ്ദീനായുടെ ദെഹത്തിൽ വിശെഷമായി രണ്ടു അടയാളം കാണപ്പെട്ടു. അപ്പൊൾ ശ്ലൂ: കുമ്പാന കൊടുക്കെണമെന്ന അപെക്ഷിക്കയാൽ, മുമ്പിൽ പറഞ്ഞിട്ടുള്ള വികാരി പുണ്യവാളത്തിയുടെ അടുക്കൽ വന്നു. എന്നാൽ വസന്ത പകരുമെന്നവെച്ചു, വായും മൂക്കും മൂടി, ബഹു പെടിയൊടുകൂടെയാണ വന്നിരുന്നത. അതകണ്ടു പുണ്യവാളത്തി "അച്ചാ! തൊടുന്നതുകൊണ്ടൊ, മണംകൊണ്ടൊ പകരുന്നതിന്ന എന്നിൽ യാതൊരു വ്യാധിയും ഉണ്ടായിരിക്കുന്നില്ല. എന്നാൽ ഞാൻ പതിവിൽ എന്നിയെ ഞെരുങ്ങപ്പെ

ട്ടുന്നവെങ്കിൽ, ഇത മനുഷ്യരുടെയും സ്വഭാവത്തിന്റെയും പ്രവൃത്തിയല്ല. ദൈവത്തിന്റെ പ്രവൃത്തിതന്നെയത്രെയാകുന്നു. എന്നു പറഞ്ഞു. ഇതുകെട്ടു വികാരി ലജ്ജിച്ചു ഒന്നും മിണ്ടിയില്ല. എങ്കിലും പിന്നീടു തുനിവുകാണിച്ചുകൊണ്ടു "നീ ംരംലൊകം വിട്ടു പരലൊകത്തിലെക്കു പുറപ്പെട്ടുന്നതുവരെ ഞാൻ ജീവിച്ചെങ്കിൽ കൊള്ളായിരുന്നു" എന്നു പറഞ്ഞു. അതിന്നു ലിദ്ധീനാ "എന്റെ അച്ഛാ! എന്റെ അവസാനം കാണ്മാൻ അച്ഛന്നു ഇടകൂട്ടുകയില്ല; മരിച്ചു, അച്ഛന്റെ അവസാനം കാണ്മാൻ ഇനിക്കു ഇടയാകും. അതുകൊണ്ടു ദൈവതിരുമുമ്പിൽ എങ്ങനെ കാണപ്പെട്ടുവാൻ മനസ്സാകുന്നൊ, അതിൻ പണ്ണും അച്ഛന്റെ ഭവനത്തെ വിധയപ്പെടുത്തിക്കൊള്ളെണം" എന്നു ഉത്തരിച്ചു. വികാരി അപ്പൊൽ തന്റെ പതിവിന്നുതക്കവണ്ണും, ംരം കന്യകയുടെ വചനം കൂട്ടാക്കിയില്ല. അല്പം കഴിഞ്ഞപ്പൊൽ ദൈവത്താൽ ശിക്ഷിക്കപ്പെട്ടു, ശ്രീ: ലിദ്ധീനാ പറഞ്ഞതു നെരുതന്നെ എന്നു ഗ്രഹിച്ചു. അതിനാൽ ആളയച്ചു അവക്കു വിരൊധമായി സന്ദെ

ഹവും ഉക്കുരയും കൊണ്ട പ്രവൃത്തിച്ചിരുന്ന അബ്ദുത്തെക്കുറിച്ച പൊരുതിപറഞ്ഞതുക്കുടാതെ, തനിക്കുവെണ്ടി ദൈവത്തൊട്ട പ്രാർത്ഥിപ്പാനും അപെക്ഷിച്ചു. എന്നാൽ അദ്ദെഹത്തിന്ന സുഖമില്ലെന്ന ഒരും പരിശുദ്ധ കന്യക കെട്ടപ്പൊൾ, മനസ്സലിവുതൊന്നി ഒരു പരമാർത്ഥപ്പെട്ട കുമ്പസാരം കഴിച്ച, അന്യവസ്തുക്കൾ ഒക്കയും വീട്ടി, മരണം സൂക്ഷമായി സമീപിച്ചിരുന്നതുപൊലെ, തനതു വിട്ടുകാര്യങ്ങൾ താല്പര്യമായി ക്രമപ്പെട്ടുത്തുവാൻ അദ്ദെഹത്തൊട്ട അപെക്ഷിച്ചു. എന്നാൽ അദ്ദെഹം ഒരും കന്യകയുടെ വാക്ക പ്രമാണിക്കാതെ താൻ വല്ലൊരു അന്യവസ്തു അപഹരിച്ച അടക്കിയിരിക്കുന്നപ്രകാരം ഓക്കുന്നില്ലെന്ന തിരികെ ആളയച്ച പറയിപ്പിച്ചു. അതുകയാൽ, അദ്ദെഹത്തിന്റെ സുബൊധം മയങ്ങിയിരിക്കുന്ന എന്ന കണ്ട, വീണ്ടും ആളയച്ച ഏതു വസ്തുക്കളാകുന്ന അന്യായമായി വെച്ചിരിക്കുന്നതു എന്ന പറഞ്ഞറിയിച്ചു. എന്നാറെ അദ്ദെഹം ഒരും ഉപകാരം ഒരു ആക്ഷെപമായി വിചാരിച്ച, ഒരും കന്യകയുടെ ഗുണദൊഷം വിഷമാക്കി പകർത്തുകയും, ഇപ്പ്ര

കാരം മരിക്കയും ചെയ്തു. എന്നാൽ എങ്ങനെയുള്ളവനായി പിന്നീട ദൈവതിരുമുമ്പാകെ കാണപ്പെട്ടു എന്നിത ആങ്ങെക്കുമാശ്രം അറിയാം.

൯൬. ൦രം പുണ്യവതിക്ക ദീനംപിടിച്ചിട്ട ഇരുപത്തെട്ടുവഷ്മായിരിക്കയിൽ, ൦രംശൊമിശിഹായെക്കുറിച്ച വെദസാക്ഷിയായി മരിപ്പാൻ പറയാവതല്ലാത്ത ആഗ്രഹമായിരുന്നു. അപ്പൊൾ ഒരു പരവശത്തിൽ വിവിധവണ്ണമുള്ള രത്നങ്ങൾകൊണ്ട അലങ്കരിക്കപ്പെട്ടിരുന്ന ഒരു പരമകിരീടത്തെ കത്താവു ഇവക്കു കാണിച്ചുകൊടുത്തു. എന്നാൽ ൦രം കിരീടം മുഴുവനും പണിതീന്നിട്ടില്ലാഞ്ഞു. പരവശം തീന്നപ്പൊൾ അത എന്തൊരു മുടിയായിരിക്കുമെന്ന വിചാരിച്ചിരുന്നു. ഇപ്രകാരം തന്നെറ ശരീരത്തെ പീഡിപ്പിച്ചുകൊണ്ട, ആ കിരീടത്തിന്ന തന്നെ യൊഗ്യമാക്കെണമെന്ന കത്താവിനൊടു പ്രാത്ഥിച്ചു. എന്നാൽ തന്നെറ അല്പ യൊഗ്യതകൾ ഇത്ര വിശെഷമുടിക്ക പരിഛെദം പൊരാ എന്ന വിചാരിച്ച, ൦രംശൊമിശിഹായുടെ അരുതിയില്ലാത്ത യൊഗ്യതകളും, അങ്ങിന്ന നമ്മെപ്രതി അ

നുഭവിച്ച സകടങ്ങളും ഓർത്ത ചിന്തിപ്പാൻ തു
ടങ്ങി; ഇവയൊട തനതു പീഡകളുടെ അ
ല്ലുമായ അഭ്യാസങ്ങളും ചെയ്തുകൊണ്ട, താൻ
യാതൊന്നും ചെയ്തിട്ടില്ലാ എന്ന വിചാരിച്ച,
കത്താവിനെ നൊക്കി ഒരംവണ്ണം അപെക്ഷി
ച്ചുപറഞ്ഞു. "നല്ല ഒരംശൊയെ! ഏതൊരു
ശരീര ബന്ധങ്ങളും, പിശാചുക്കളുടെ ഉപദ്ര
വങ്ങളും, ലൊകനിന്ദയും, മാനുരുടെ ഞെരു
ക്കങ്ങളും സഹിക്കയും, തന്നെത്തന്നെ ഇല്ലായ്മ
യായി വിചാരിക്കയുംചെയ്യുന്നാതെ നിന്റെ
പിന്നടിയിൽ നടപ്പാൻ ആക്കുകഴിയും? ആ
കയാൽ, നിന്റെ വഴികളിൽ എന്നെ വെ
ക്കയും, നിന്റെ പിന്നടിയിൽ ഞാൻ മാറാ
തെ നടപ്പാൻ ഇനിക്ക കൃപചെയ്കയും ചെയ്ക,,
ഇങ്ങനെ കത്താവിനൊടു പ്രാത്ഥിച്ചിരിക്ക
യിൽ, ബുഹ്ത്ര നാട്ടിലെ അധിപതിയായ
പിലിപ്പൂസ എന്നയാൾ ഒള്ളാണ്ടിൽ അഭി
ഷെകം ചെയ്യപ്പെട്ടിരുന്നു. ഇയാൾ സ്നൂടം
പട്ടണത്തിൽ വന്നപ്പൊൾ, ഇയാളുടെ ചില
പടയാളികൾക്കുടി മിശിഹായുടെ ഒരം ചി
റാഴ്മക്കാരത്തിക്ക വിരൊധമായി ആലൊ
ചിച്ചു. എന്തുകൊണ്ടെന്നാൽ, പുണ്യകന്യക മി

ശിഷ്യന്റെ തിരുശ്ശരീരമല്ലാതെ മറ്റൊന്നാ
തൊരു അന്നപാനവും അനുഭവിച്ചുവന്നിരു
ന്നില്ല എന്ന അവർ കെട്ടിരുന്നു. ഇപ്രകാ
രം അവർ വികാരിയുടെ അടുക്കൽവ
ന്ന ബഹുമാനം കാണിപ്പാനായി അദ്ദേഹ
ത്തിന്റെ ജ്ഞാനപുത്രിയെ കാണ്മാൻ ആഗ്ര
ഹിക്കുന്നു എന്ന ബഹു ആചാരവാക്കായി പ
റഞ്ഞു. വികാരി വിശ്വസിച്ച അവരെയും കൂ
ട്ടിക്കൊണ്ടു പരിശുദ്ധ ലിദ്വിനായുടെ അടു
ക്കൽവന്നു. അവർ വീട്ടിൽ പ്രവെശിച്ച ഉ
ടനെ വാതിലും അടെച്ചു, ഭ്രാന്തന്മാരെപ്പോ
ലെ ചിരിച്ചു അട്ടഹാസിച്ചു കലഹിപ്പാൻ തു
ടങ്ങി. ഒരു പുണ്യകന്യക കുഞ്ഞാടിനെപ്പോ
ലെ മൌനമായിരുന്നു. എന്നാൽ വികാരി
അത്യന്തം വ്യസനിച്ചു, നല്ലവാക്കു പറഞ്ഞു
അവരെ ശമിപ്പിപ്പാൻ പ്രയാസപ്പെട്ടിരുന്നു.
അവർ ലജ്ജകെടായി അദ്ദേഹത്തെ കന്യക
യുടെ ചങ്ങാതിയും, ദുസ്നേഹിതനും എന്നു വി
ളിച്ചു ആക്ഷെപിച്ചു തള്ളുകയും, അതിന്റെ
ശെഷം വീട്ടുകാരിലൊ, അയല്പക്കാരിലൊവെ
ച്ചു യാതൊരുത്തനും അവരുടെ മഠവൈറി
ക്കു എതിർപ്പാൻ തുനിയാതിരിക്കയിൽ, ചില

വ്യാധികൾകൊണ്ടു പീഡിക്കപ്പെട്ടും, മഹാ ദരിദ്രനത്താൽ വീർത്തുമിരുന്ന ശരീരത്തെ ഒരു ഒക്ഷുർ; ഒരു ലജ്ജകൂടാതെ അവലക്ഷണവിധമായി സ്പർശിച്ചു ശോധനചെയ്വാൻ തുടങ്ങി. ഇതുപൊരാഞ്ഞിട്ട, ലിദ്വീനായുടെ മെൽ എത്രയും അവലക്ഷണമായ ഭൂതകൾ ചൊല്ലി, മൂശാ, വെശ്യസ്ത്രീ, കൊതിച്ചി എന്നി പ്രകാരം വിളിച്ചിരുന്നതുകൂടാതെ, ഒരു കന്യകയുടെ ദേഹത്തിലുണ്ടായിരുന്ന മുറിവുകളിന്മെൽ മറ്റു അനേക മുറിവുകളെയും ഏല്പിച്ചു. അതിന്റെ ശേഷം രക്തത്താൽ നിറഞ്ഞതന്തു കൈകൾ കഴുകീട്ടു, വീണ്ടും ആക്ഷേപങ്ങളും, പരിഹാസവാക്കുകളും പറയുന്നതിന്നായി പിന്തിരിഞ്ഞുവന്നു. ശ്ലീ: ലിദ്വീനാ ശൂന്യാകിടന്നിരുന്നു. മുറിവുകളിൽനിന്ന രക്തം പുറപ്പെട്ടു, കിടന്നിരുന്ന വൈക്കോലിലും സമീപെ ഉണ്ടായിരുന്ന തുണികളിലും ഒഴുകിയിരുന്നു. എന്നാൽ കടശി, ആ നിർഭാഗ്യപ്പെട്ടവരുടെ മെൽ ദൈവകോപമുണ്ടാകും എന്ന ശ്ലീ: ലിദ്വീനാ ഭയന്ന അവരെ നൊക്കി: "ദൈവം എന്നിൽ പ്രവൃത്തിക്കുന്നതു മൊശമായി പൊരുൾതിരിക്കു

ന്നതിന്മെൽ നിങ്ങൾക്ക പെടിതൊന്നാത്തത
എന്തെ? നിങ്ങളുടെമെൽ വരുവാനിരിക്കുന്ന
തെന്തെന്ന നിങ്ങൾ അറിയുന്നില്ലെ?„ എന്ന
പറഞ്ഞു. അവർ ഏറമായി ചിരിച്ച അട്ട
ഹാസിച്ച ഒരു വിശെഷ പ്രവൃത്തിചെയ്യുന്ന
പൊലെ സന്തൊഷിച്ചുകൊണ്ട, അവിടെനി
ന്ന പുറപ്പെട്ടു. ംരം സംഗതി പട്ടണത്തിൽ
പ്രസിദ്ധമായപ്പൊൾ, ഭക്തിയുള്ള സ്ത്രീകൾ
എരുയും അടക്കമുള്ള ംരം പരിശുദ്ധ കന്യക
യൊട്ട ചെയ്യപ്പെട്ട അന്യായത്തെക്കുറിച്ച വള
രെ ദുഃഖിച്ച പ്രലാപിച്ചു. എന്തുകൊണ്ടെ
ന്നാൽ, സ്ത്രീജനങ്ങളുടെമെൽ എപ്പൊഴും ബ
ഹുവണക്കമായിരുന്ന ഒള്ളാണ്ടുകാരുടെ ഇ
ടയിൽ ഇതിൽവണ്ണമുള്ള സാഭവം ഒരിക്കലും
ഉണ്ടായികെട്ടിരുന്നില്ല. തങ്ങളുടെ തലവന
റിയാതെ ഇപ്രകാരമുള്ള അതിക്രമം പ്രവൃ
ത്തിപ്പാൻ തുനിഞ്ഞ ആ ദുഷ്ടമനുഷ്യക്ക വി
രൊധമായി ജനങ്ങളിൽ സംസാരംതുടങ്ങി.
വിശെഷിച്ച ജനങ്ങളിൽവെച്ച പ്രധാനികൾ
ലിദ്വീനായുടെ അടുക്കൽവന്ന, തങ്ങൾ അ
ധികാരികളൊട്ട ആവലാധി ബൊധിപ്പിക്കും
എന്നുപറഞ്ഞ, ആശ്വാസിപ്പിപ്പാൻ ശ്രമിച്ചി

രുന്നു. എന്നാൽ പുണ്യവാളത്തി അവരോടു "നിങ്ങൾ അധികാരിയെ അരിഷ്ടിപ്പിക്കയും ആയാളുകളെപ്രതി നിങ്ങളുടെ കൈകൾ അശുദ്ധമാക്കയും ചെയ്യരുതെന്നു ഞാൻ അപേക്ഷിക്കുന്നു. പകരംവീട്ടുചെയ്യുന്നതു പരലൊകത്തിൽ ഉണ്ടു; ആയാളുടെ വിധി സമീപിച്ചും ഇരിക്കുന്നു,, എന്നു പറഞ്ഞു. ഒരം കനുക പറഞ്ഞതു പട്ടാങ്ങതന്നെ ആയിരുന്നു. ആ അന്യായക്കാരിൽ ഒരുത്തൻ സമുദ്രത്തിൽ മുങ്ങിച്ചത്തു; ഒരുത്തൻ ഭ്രാന്തുപിടിച്ചു ചത്തു; മറെറാരുത്തൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു; നാലാമത്തവൻ ദിനത്തിൽ വീണാലിടപീനായുടെ അടുക്കൽ ആളയച്ചു പൊറുതി അപേക്ഷിച്ചു. പിന്നീടു കത്താവിന്റെ ഒരം ശുശ്രൂക്കാരി തനിയെ കിടക്കയിൽ, ഒരു ദൈവദൂതൻ സൂര്യനെപ്പോലെ പ്രകാശം വീശിക്കൊണ്ടു കാണപ്പെട്ടു; "എരുയുംപ്രിയമുള്ള സഹൊദരിയെ! സന്തുഷ്ടി, നീ മുഴുവനല്പാത്തതായികണ്ടു, ആ മുടി ഇപ്പൊൾ പൂർണ്ണമായിരിക്കുന്നു. ആ മനുഷ്യരുടെ ലജ്ജാകെട്ട സ്പർശനം കാരണം നീ രക്ഷിതാവിനെ അനുകരിപ്പാൻ തുടങ്ങിയെന്നു അറിഞ്ഞുകൊ

ൽക. ആക്ഷേപങ്ങളും നിന്റെ തീക്ഷ്ണത്തിൽ ഏറെ മുറിവുകളും, നീ ആ കിരീടത്തിൽ കണ്ട തികയാഞ്ഞ രത്നങ്ങൾ അത്രെ."

൨൭. അപ്പോൾ ഒരു അധിപതി പടയാളികളൊടുകൂടി തന്റെ ദേശം പട്ടണം കാക്കുന്നതിന്ന വന്നു. ഇയാൾ ലിദ്ദീനായിൽ ദിവസംപ്രതി സംഭവിച്ചിരുന്ന അത്ഭുതസംഗതികളും, ഓരോ കന്യകയൊടു ചെയ്യപ്പെട്ടിരുന്ന അന്യായങ്ങളും കെട്ടാറെ, കാര്യത്തിന്ന സൂക്ഷം വരുത്തേണമെന്ന കരുതി, മര്യാദയും മിടുക്കുമുള്ള ചില പടയാളികളെ വിളിച്ച, ഏതാനും ദിവസത്തേക്ക ലിദ്ദീനായുടെ വീട്ടിൽ കാവലായി നിന്ന സൂക്ഷിക്കേണമെന്നും, കെട്ടിരുന്നവ നേരാണെങ്കിൽ സൂതിക്കയും, നേരല്ലെങ്കിൽ ശിക്ഷിക്കയും ചെയ്യേണമെന്നും കല്പിച്ചയച്ചു. അവർ കല്പനപൊലെ ലിദ്ദീനായുടെ വീട്ടിൽ പ്രവെശിച്ച, വീട്ടുകാരെ ഒക്കയും അകറ്റി ഒരു വിധവയെ ഒഴിയെ മറ്റാരെയും അവിടെ കെറിയിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ഓരൊ വിധവക്കു ലിദ്ദീനായെ ചെന്ന കാണ്മാൻ മെലധികാരി അനുവദിച്ചിരുന്ന. എങ്കിലും ഇവരെ

യും ആത്മാവും കാവല്ക്കാർ വെണ്ടുന്ന പരിശോധന കഴിച്ചിട്ടെ കൊടുപ്പു എന്ന കല്പിച്ചിരുന്നു. പടയാളികൾ ഇപ്രകാരം കാത്തുകൊണ്ട ഒമ്പതുദിവസത്തോളം ലിദ്വീനായുടെ വീട്ടിൽ താമസിച്ചു. അതിന്നിടെക്ക യാതൊരു ദിവസവും ഓരോ പുണ്യകന്യക എരുയും ഇമ്പമുള്ള പരമധ്യാനത്തിൽ മുഴുകി ദൈവത്തിൻപക്കൽ എടുക്കപ്പെടാതിരുന്നില്ല. ഒമ്പതാം ദിവസം കഴിഞ്ഞപ്പോൾ, പടയാളികൾ ലിദ്വീനായൊട്ട യാത്രചൊല്ലി, തങ്ങൾ അധികാരിയുടെ അടുക്കൽ അമ്പരെ വളരെ സൂതിക്കുമെന്ന പറഞ്ഞിട്ട, തങ്ങൾക്കുവെണ്ടി ദൈവത്തൊട്ട പ്രാർത്ഥിപ്പാൻ സാദ്ധ്യമായി അപെക്ഷിച്ചു. അതെന്തുകൊണ്ടെന്നാൽ പുണ്യവാളത്തി യാതൊരു അന്നപാനവും അനുഭവിക്കാത്ത പ്രകാരം ആ ദിവസങ്ങളിൽ അവർ കണ്ടുബൊധിച്ചിരുന്നു.

൯൩. കൊളൊനിയ പട്ടണത്തുകാരനായ ജെരാർദ്സ എന്ന ഒരു ബാലകൻ ലൊകമായവും മാംസവശീകരങ്ങളും ഒക്കയും വിട്ടുപെക്ഷിപ്പാൻ നിശ്ചയിച്ച, ഏതുവിധത്തിൽ തന്റെ ഓരോ ആലൊചന സാധിക്കെണമെ

ന്ന ചൊദിക്കുന്നതിന്ന, ലിദ്ധീനായുടെ അടു
ക്കൽ വന്നു. ഇപ്രകാരത്തെ കണ്ടഉടനെ, ലിദ്ധീ
നാ കുട്ടപടയാളിയെ കണ്ടതുപൊലെ, ബ
ഹുമുഖപ്രസാദം കാട്ടി.

അവർതമ്മിൽ ജ്ഞാനകാര്യങ്ങൾകൊണ്ട
സംസാരിച്ചു തുടങ്ങിയിരിക്കയിൽ, ജെരാർദ്ദ
സ: "ലിദ്ധീനാ! മാനുഷ സംസർഗ്ഗത്തിൽനിന്നു
അകന്ന ഒരു ദൂരദെശത്തിൽ പൊയി ദൈ
വത്തെമാത്രം വിചാരിച്ചുകൊണ്ട, ഒരു ത
നിജീവിതം കഴിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു;
ഇതിന്ന എജീപ്ത നാട ഇനിക്ക ബൊധിക്ക
ന്നു. പക്ഷെ അവിടെ ജീവിതത്തിന്ന ദിഷ്ട
തിയുള്ളവ കിട്ടായ്കകൊണ്ട, ദൈവത്തെ പ
രീക്ഷിക്കുന്ന എന്നതൊന്നിയെക്കും എന്നീ
ഭയം ഉണ്ട," എന്ന പറഞ്ഞതിന്ന, ലിദ്ധീനാ
ഉത്തരമായി "പ്രിയമുള്ള സഹൊദരാ! ഭ
യപ്പെടെണ്ട; ധൈര്യത്തൊടുകൂടെ ആദ്യം
ക്ഷമയ്ക്ക ഒരുങ്ങിക്കൊൾക; എന്തുകൊണ്ടെ
ന്നാൽ ആ വിസ്താരവനത്തിൽ നീ പ്രവെ
ശിക്കുമ്പൊൾ, ആദ്യം അത നിനക്ക അത്ര
ബൊധിക്കയില്ല.; എന്നാൽ മൂന്നാം ദിവസം
സൂര്യൻ അസ്തമിക്കുന്നതിന്നുമുമ്പിൽ, അല്ലയാ

വനു നിനെക്കു കിട്ടും, ഒരു യാഖന ദിവ
സംപ്രതി വൎദ്ധിച്ചും വരും. ഇപ്പോൾ നീ ക
ലപ്പയ്ക്കു കൈപിടിച്ചിരിക്കുന്നു; ഇനി ധൈ
ൎയ്യമില്ലാത്ത ഒരു പടയാളി ആകായ്കയാൽ മ
നസ്സുണ്ടെങ്കിൽ, പിടിച്ച കൈ വീണ്ടു വിട
രുതു, എന്നു പറഞ്ഞു. ഒരു കന്യകയുടെ ഉണ
ൎത്സാക്കളാൽ ജെരാർദ്ദൂസ ധൈൎയ്യപ്പെട്ടു,
മിശിഹായുടെ സ്നേഹത്തെപ്രതി എന്തെങ്കി
ലും ചെയ്യുന്നതിന്നു സന്തോഷമുള്ളവനായി
തീൎന്നു. അതിന്റെശേഷം ലിദ്ദീനായൊടു
യാത്രയുംചൊല്ലി, ഏതാനും കൂട്ടുകാരും ഒ
രുമിച്ചു എജ്ജീപ്തു നാട്ടിലെക്കു പുറപ്പെട്ടുപൊ
യി; എന്നാൽ ഒരു കൂട്ടുകാർ ആ ഭയങ്കര
വനവും, ദുഷ്ടമൃഗങ്ങളുടെ ഗുഹകളും, അസ്വത്തി
ന്റെ കഷ്ടാമവും മറുംകൊണ്ടു ഭയന്നു, ജെ
രാൎദ്ദിനെയും വിട്ടുപിരിഞ്ഞുപൊന്നു. ജെരാ
ൎദ്ദ് ഒരു മരത്തിന്മെൽ തന്റെ വാസസ്ഥലം
സ്ഥാപിച്ചു, ഇപ്രകാരം ദൈവഭക്തിയിൽ
മെൽക്കുമെൽ വൎദ്ധിച്ചു, ലിദ്ദീനാ പറഞ്ഞിട്ടു
ണ്ടായിരുന്നതുപൊലെ, പരമയാഖനയുടെ
വൎദ്ധന സിദ്ധിക്കയും, മാലാഖാമാരുടെ സം
ഭാഷണത്തിന്നു യൊഗ്യമാകയുംചെയ്തു. ഇങ്ങ

നെ പരമധ്യാനം കഴിച്ചുവരുമ്പോൾ, പല പ്പോഴും അരുപിയാലെ ലിദ്ധീനായെ കണ്ടുവന്നിരുന്നു. അപ്പോൾ ലിദ്ധീനായുടെ സഹോദരൻ മരിക്കയാൽ, ഒരു പുണ്യവതിക്ക പതിവായിരുന്ന പരവശം കുറെ നാളത്തെക്ക നിന്നുപൊയി; അതിന്റെ കാരണം സഹോദരന്റെ മരണത്താൽ കൊണ്ട ദുഃഖം കുറെ അധികമായിപ്പോയതത്രെ. എന്തുകൊണ്ടെന്നാൽ, ഇയാൾ വയസ്സനായ അപ്പന്റെ നെരെ ബഹുവിശ്വസ്ഥനും, പുണ്യവാളത്തിയൊടു ബഹു സ്നേഹമുള്ളവനും ആയിരുന്നതുകൊണ്ട, ഇവക്ക ഇയാളുടെ നെരെ വളരെ പ്രിയമായിരുന്നു. ഇപ്രകാരം അല്പമായി മാനുഷകെല്പുക്ഷയത്തിൽ ഉൾപ്പെട്ടതിനാൽ, പതിവായിരുന്ന ആ പരവശത്തിന്റെ ദാനം കുറെനാളത്തെക്ക നീങ്ങിപ്പോയി. ആകാലത്തിൽ ഇംഗ്ലാണ്ട നാട്ടിലെ മെത്രാൻ തിരുയാത്രയായി ശുദ്ധമാകപ്പെട്ട ഭൂമിയും, സീന പർവ്വതവും, മറെറ പുണ്യവാന്മാരുടെ തിരുസ്ഥലങ്ങളും ചെന്ന സന്ദർശിച്ചുവരുമ്പൊൾ, എജിപ്ത നാട്ടിലും എത്തി, അവിടെ ഉയരമുള്ളതും ഇല നിറെച്ചുള്ളതും ആയ

ഒരു ദിവസത്തിൽ (ദൈവഭക്തനായ) ജെരാ
ട്ടിന്റെ കൊച്ചുമുറി ഇരിക്കുന്നത കണ്ടപ്പോ
ൾ ആദ്യം വിസ്മയിച്ചുനിന്നു. അതിന്റെശേ
ഷം ധൈര്യപ്പെട്ടു, താൻ ചൊടിപ്പാൻപൊകു
ന്ന ചൊദ്യങ്ങൾക്ക ഉത്തരം പറയെണമെ
ന്ന അയാളൊടു സാദ്ധ്യമായി യാചിച്ചു. അ
പ്പൊൾ ജെരാട്ട് മെലിൽനിന്ന ടുക്കി കീഴെ
തിരിച്ചു, മെത്രാനൊടും അദ്ദെഹത്തിന്റെ കൂ
ട്ടുകാരൊടും സംസാരിപ്പാൻതുടങ്ങി. എന്നാൽ
ദെഹം തുലൊം പുക്കിയായിരുന്നാലും മു
ഖം മാലാഖാമാക്കിത്തതായിരുന്നു. അപ്പൊ
ൾ മെത്രാൻ ബഹു ആചാരത്തൊടെ; പിതാ
വെ നിങ്ങൾ ഇവിടെ പാത്തുവരുന്നത എ
ത്രനാളായി! ഇങ്ങനെ കാട്ടുമൃഗങ്ങളുടെ മ
ദ്ധ്യെ പാത്തു വരുമ്പൊൾ വാഴ്ച യാവനന്ന
നുഭവിക്കുമാറുണ്ടൊ? ഒട്ടുക്കും യാതൊരു ശരീ
രത്തൊജനവും രസിക്കാതെ ലൊകത്തിൽ ജീ
വിച്ചുവരുന്ന വല്ലൊരുത്തൻ ഉണ്ടെന്നറിവു
ണ്ടൊ എന്ന ചൊദിച്ചു. അതിന്ന ഉത്തരമായി
വനവാസി "ഞാൻ ഇവിടെ വസിച്ചുവരുന്ന
പന്ത്രണ്ടവർഷത്തിന്നിടയിൽ യാതൊരു മനുഷ്യ
രെയും കണ്ടിട്ടില്ല; ഒരിക്കൽ ഇസ്രായെൽ മ

ക്കൽക്ക കിട്ടിയിരുന്നതുപൊലെ ഇനിക്കും
എതുയും രുചിയുള്ള അപ്പം ആകാശത്തുനി
ന്ന നൽകപ്പെടുന്നു. ബത്താവി നാട്ടിൽ സ്മൂ
ർണ്ണം പട്ടണത്തിൽ മഹാ രൊഗക്കാരത്തിയായ
ഒരു കന്യക ഉണ്ട്; ഇവർ യാതൊരു അന്ന
പാനം അനുഭവിപ്പാറില്ല: ഇവർ എന്നെ
ക്കാൾ ബഹു പുണ്യവതിയും, ക്ഷമകൊണ്ട മി
ശിഹായ്ക്ക അതിതുല്യവും പ്രിയവും ഉള്ളവ
രും ആകുന്നു. എന്നാൽ ഇവർ എന്നൊട്ട
ഒരുമിച്ച പരമകാഴ്ചങ്ങളിൽ എടുക്കപ്പെട്ടമാ
റായിരിക്കയിൽ, ഏതാനും ദിവസമായി അ
വരുടെ സന്നിധി ഇനിക്ക ഇല്ലാതിരിക്കുന്ന
തുമെന്നിയെ, ഇങ്ങനെയുള്ള പരവശത്തി
ൽവെച്ച ഞാൻ കണ്ടുവന്നിരുന്നതു, ഇപ്പൊ
ൾ കാണുന്നുമില്ല എന്ന പറഞ്ഞിട്ട, പിന്നെ
യും, ദൈവം അനുവദിക്കയാൽ, അവർ ത
നിക്ക പ്രിയമുള്ളവരുടെ മരണത്തെക്കുറിച്ച
കുറെ അധികം സങ്കടപ്പെടുന്നു എന്ന ഞാൻ
അറിയുന്നു. ഇതിനാൽ ആ ദിവ്യാശ്വാസ
ങ്ങൾ കുറെനെരത്തെക്ക നീക്കപ്പെട്ടു എന്നും
ഞാൻ വിചാരിക്കുന്നു. എന്നാൽ നിങ്ങൾ പി
ന്തിരിയുമ്പൊൾ, ഒള്ളാണ്ട ദെശത്തിൽ ക്രൂടെ

പിന്തിരിയുമെങ്കിൽ, ഞാൻ ഒരു വനത്തിൽ പാഞ്ഞുതുടങ്ങീട്ട എത്രവക്ഷമായിയെന്നും, ഇവിടെ പ്രവെശിച്ചപ്പൊൾ ഇനിക്ക എത്ര വയസ്സു ഉണ്ടായിരുന്നു എന്നും, കടശി എന്തു കാരണംകൊണ്ടു ഒരു ദിവസങ്ങളിൽ അവരുടെ സന്നിധികണ്ടു സന്തൊഷിപ്പാൻ ഇനിക്ക ഇടയായില്ലെന്നു ഒരു കുറുകയൊട്ട നിങ്ങൾ ചൊദിക്കെണമെന്നു ഞാൻ അപെക്ഷിക്കുന്നു എന്നും പറഞ്ഞു. അതിന്റെ ശെഷം മെത്രാനും ശെഷമ്പെരും, ഒരു പുണ്യത്തെ ഹത്തിൽനിന്നു പിരിഞ്ഞു. ഇങ്ങനെ ദീഘ്രയാത്രകഴിച്ചു ഒള്ളാണ്ടിൽ വന്നശെഷം പറഞ്ഞിരുന്ന ചൊദ്യങ്ങൾ ലിദ്വീനായൊട്ടു ചൊദിച്ചു. ലിദ്വീനാ ഉത്തരിച്ചതെന്തെന്നാൽ: ശെഷമ്പെരുടെ വിധിക്ക വിരൊധിക്കാതെകണ്ടു, ഇനിക്ക തൊന്നുന്നത പറയാം: അയാൾ പതിനെഴുവക്ഷമായി വനത്തിൽ ജീവിക്കുന്നതു. വനത്തിൽ പൊയപ്പൊൾ അയാൾക്ക പത്തൊമ്പത വയസ്സായിരുന്നു. ഞാൻ ഇവിടെ ലൊകരുടെ ഇടയിൽ സഞ്ചരിക്കുന്നതിനാൽ മനസ്സുണ്ടെങ്കിലും, ഇല്ലെങ്കിലും, ലൊകസംബന്ധമായവ കെൾക്കുന്നു. അതുകയാൽ ഇട

ക്കിടെക്ക എന്നിൽ പൊടിപിരളുകയുള്ളു, ഇപ്പ്
കാരം പരമകാരുണ്യങ്ങളുടെ ചിന്തയിൽ ക്ഷി
ണിച്ചുപൊകയും, മാനുഷരിൽനിന്ന മാറി
പൊധംകൊണ്ട ആകാശത്തിൽ വസിക്കുന്ന
അയാൾ എന്നെ കാണാതെയും ഇരിക്കുന്നെ
കിൽ, അതിശയമല്ല. എങ്കിലും എന്റെ സ
ഹൊദരന്റെ മരണത്തിൽ എന്റെ ദുഃഖം
കുറെ അധികമായിപ്പൊയെന്നും, ഇതിനാൽ
ആ പരവശങ്ങൾ ഇനിക്ക നീങ്ങിപ്പൊയെ
ന്നും തങ്ങളൊട്ട ഞാൻ ഏറ്റുപറയുന്നു. പി
ന്നീട ഉടനെ തുലാം ൨൦ാം ൟ മെല്ലാഞ്ഞ
ജൊർജ്ജസ് വനവാസി മരിച്ചു എന്നും, ആ
യാളുടെ ആത്മാ മൊക്ഷത്തിൽ കരെറുന്ന
ത താൻ കണ്ടുവെന്നും വെളിപ്പെടുത്തി.

൩൫. ഒരം പരിശുദ്ധ കന്യക താൻ മരി
ക്കുന്നതിന്ന ഏറിയകാലം മുമ്പെ തന്നെയും
തന്റെ മരണം പലപ്പൊഴും പറഞ്ഞറിയിച്ചു.
ദൈവീക കാഴ്ചകളുടെ ആദ്യത്തിൽ താൻ ഏ
തുയും അലങ്കാരമുള്ള വൃക്ഷാ തളിർ നിറെ
ഞ്ഞിരിക്കുന്നത കണ്ടുവെന്നും, അപ്പൊൾ ആ
വൃക്ഷത്തിന്റെ വളച്ചു തിരുകയും അതിന്റെ
തളിർകൾ പനിനീർ പൂക്കുങ്ങളായി തീരുക

യുംചെയ്യാതെ, താൻ മരിക്കുമില്ലെന്ന തെ വർത്തമാനം പറയുന്നത കെട്ടുവെന്നും, കുമ്പസാരക്കാരനൊട്ട പറഞ്ഞറിയിച്ചു. ജീവാത്മാ യപ്പോൾ, ആ വൃക്ഷം വളരുന്നതിന്നൊ എന്ന ചൊദിക്കയിൽ പുണ്യവാളത്തി ഉത്തരമായി; അതിന്റെ പൂണ്ടുവളർച്ച തീരാറായി എന്നും, തളിർകളിൽനിന്ന പനീർ പുഷ്പങ്ങൾ പുറപ്പെട്ടിരിക്കുന്ന എന്നും, അതിനാൽ തന്റെ ജീവാത്മാം അടുത്തിരിക്കുന്നതിന്മെൽ തനിക്ക സന്ദെഹമില്ലെന്നും പാഞ്ഞു. ഒരിക്കൽ ഒരം പുണ്യകന്യക തനിയെ കിടക്കയിൽ മൊക്ഷത്തിൽ എടുക്കപ്പെട്ട, മൂന്ന പ്രവെശനംകണ്ടു, ആദ്യത്തെതരണ്ടും കടന്നു കഴിഞ്ഞപ്പോൾ, മൂന്നാമത്തെതിൽ നമ്മുടെ സൂയ്യന്റെ കതിർകളെക്കാൾ ആയിരം മടങ്ങ അധികം ശൊഭയുള്ള കതിർകൾ പ്രകാശിക്കുന്നത കണ്ടു അതിലൊട്ടു പ്രവെശിപ്പാൻ ഭാവിക്കയിൽ, യൊഹന്നാൻ പെരിഎന്നൊരം പുണ്യകന്യകയുടെ മരിച്ചിരുന്ന മുത്തപ്പൻ നയഭാവത്തൊടു പുണ്യവാളത്തിയെ കൊണ്ടുവാനായി എതിരട്ടുവന്നു; എങ്കിലും ഒട്ടുകം പുണ്യവാളത്തിയെ നൊക്കി; "എരുയും പ്രിയപ്പെ

ട്ടമകളെ! ഇവിടെ പ്രവെശിപ്പാൻ ഇതുവ
രെയും നിനക്ക അനുവാദമായിരിക്കുന്നില്ല്ല.
ശുദ്ധികരസ്ഥലങ്ങളിൽ കിടക്കുന്നവർ ഇനി
യും നിന്റെ സഹായങ്ങൾ ആഗ്രഹിക്കുന്നു.
എന്നാൽ താമസംകൊണ്ടു നിന്റെ പുണ്യ
യൊഗ്യതകൾ സംപൂർണ്ണമാകയും ചെയ്യും: നി
ന്നെക്കുറിച്ചു ദൈവം നിശ്ചയിച്ചിരിക്കുന്നവ
ഒക്കയും നീ തികച്ചതിന്റെശെഷം, ഞങ്ങ
ളൊടു ഒരുമിച്ചു വാഴുന്നതിന്നു ഇവിടെ നീ
വരും, എന്നു കല്പിച്ചു. അതിന്റെ ശെഷം പ
രവശം തിന്നുപ്പോൾ കണ്ടിരുന്ന ആ മഹത്വ
ത്തെ ഏറിവൊടെ ആഗ്രഹിച്ചിരുന്നാലും,
ദൈവസ്തുതിക്കായിട്ടും തന്റെയും ശെഷമ്പെ
രുടെയും ആത്മരക്ഷയ്ക്കായിട്ടും അങ്ങിനെ തി
രുമനസ്സാകുന്നത ഒക്കയും സഹിപ്പാൻ പൂർണ്ണ
സമ്മതത്തൊടെ വഴങ്ങിയിരുന്നു. പിന്നെ രാ
ത്രിയുടെ ശെഷം പകലും, പീഡകളുടെ ശെ
ഷം ദൈവപുരുഷനും ഉണ്ടായിനാൽ, ഒരു സ
ന്ന്യാസ ഇരുപുണ്യവാളത്തിയുടെ അടുക്കൽ
വന്നപ്പോൾ, ദിവ്യമണവാളനായ മിശിഹാ
യുടെ കണ്ടുകാഴ്ച ഉണ്ടായി എന്നു നിശ്ചയ
പ്പാൻ തക്കവണ്ണം ആരു അധിക വിശെഷ സു

ഗന്ധം ശ്രീാണിച്ചു. അതിന്റെ ശേഷം ഇരുവരും മോക്ഷാനന്തരത്തെക്കുറിച്ചു സംസാരിക്കുയിൽ, ഒരു പുണ്യകന്യക ആഗ്രഹത്താൽ എതിഞ്ഞു, "അച്ചാ! പാടുണ്ടാകുമെങ്കിൽ പൊസഹാനാളുകളിൽ അച്ചൻ എന്റെ അടുക്കൽ വീണ്ടും വരണം. എന്നാൽ ജീവനൊടെ എന്നെ കാണുകയില്ലെങ്കിൽ, അപ്പോൾ ഇനിക്കുവെണ്ടി പ്രാർത്ഥിക്കണം,, എന്ന അപെക്ഷിച്ചു പറഞ്ഞു. സാക്ഷാൽ ഒരു പുണ്യവതി പൊസഹ നാളിൽ മരിക്കുമെന്നു മുൻക്രുട്ടി അറിയിച്ചിരുന്നാലും, മരിക്കുമ്പോൾ താൻ തനിയെ ഉണ്ടായിരിക്കാവു എന്നകരുതിയിരുന്നതിനാൽ, ഇന്നദിവസമെന്ന തിരിച്ചുപറഞ്ഞിട്ടില്ലാഞ്ഞു. എന്നാൽ മരിക്കുമ്പോൾ, ദൈവം വല്ല അത്ഭുതങ്ങൾ ചെയ്യുമൊ എന്നു ചിലർ ചൊദിച്ചതിന്ന, ഇവർ ഉത്തരമായി "പരമാർത്ഥികളായ ആളുകൾ എന്റെ മരണത്തിങ്കൽ, അത്ഭുതങ്ങൾ കാണാമെന്ന വിചാരിക്കുന്നു; എന്നാൽ കാണുകയില്ല. എങ്കിലും തമ്പുരാൻ എന്റെ മരണശെഷം, എന്നെക്കുറിച്ചു ചെയ്യാൻ തിരുമനസ്സായിരിക്കുന്നതു എന്തെന്ന ഇനിക്കു വിധിപ്പാൻ പാടുള്ളതല്ല.

എന്നാൽ ഞാൻ മരിച്ചിട്ട, മുപ്പത്തുദിവസത്തിനകം ഞാൻ അടക്കം ചെയ്യപ്പെട്ടുന്നിടത്തു നിന്ന എന്നെ മാറ്റരുതെന്ന ഇപ്പോൾ ഇവിടെ ഉള്ളവരും, ഇപ്പോൾ ഇവിടെ ഇല്ലാത്തവരുമായ എന്റെ സ്നേഹിതന്മാരൊക്കയൊടും ഞാൻ അപേക്ഷിക്കുന്നു, എന്നപറഞ്ഞു. പ്രേതസംസ്കാരത്തിന്ന ആവശ്യമുള്ളതൊക്കയും ദൈവഭൃതനിൽനിന്ന അറിഞ്ഞ, മുമ്പിൽക്രൂട്ടി ആയത്തമാക്കുവാൻ കല്പിച്ചിട്ട, മരിച്ചതന്റെ ദേഹം താമസമെന്നിയെ, അടക്കം ചെയ്യേണമെന്ന വീട്ടുകാരൊടു ഗുണദൊഷമായി പറഞ്ഞിരുന്നു.

നവ്വ. എന്നാൽ തന്റെ ജീവാന്ത്യം സമീപിച്ചുവെന്ന കാണുകയിൽ, വീട്ടുകാരെ ഒക്കയും വിളിച്ചുവരുത്തീട്ട വല്ലപ്രകാരത്തിൽ അവരിൽ ആരെ എങ്കിലും ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ, ആയത തന്നൊടു പൊറുക്കേണമെന്ന അപേക്ഷിച്ചു. എന്നാൽ അവർ ഒരും കരുകയൊടുകൂടെ കണ്ണുനീർ ചിന്തിക്കൊണ്ട "എനുയും പ്രിയമുള്ള സഹൊദരിയെ! നീ ഞങ്ങളെ യാതൊരു സംഗതിയിലും ഉപദ്രവിച്ചിട്ടില്ലല്ലൊ; മരിച്ച സകല പുണ്യങ്ങളുടെയും, അ

ത്തുതക്ഷമയുടെയും ദൃക്സാന്നങ്ങൾ നീ അറിയിച്ചു. നീ നിന്റെ മണവാളന്റെ പക്കൽ ചെല്ലുമ്പോൾ, ഞങ്ങളെ ഓർക്കണമെന്നു അപേക്ഷിക്കുന്നു, എന്നു പറഞ്ഞു. അതിന്റെ ശേഷം പെസഹായുടെ അറുതി ദിവസം വന്നപ്പോൾ, പറയാവുതല്ലാത്ത സന്തോഷത്താൽ നിറഞ്ഞു, ഉയിർത്ത എഴുന്നേറ്റ മിശിഹായുടെ മഹത്വത്തിൽ, അല്പനേരത്തേക്കു മാത്രമെങ്കിലും, പറഞ്ഞൊപ്പിച്ചുകൂടാത്തവിധത്തിൽ മുഴുകി, ഇരുപതുകാലം ശിക്ഷിക്കപ്പെട്ട തന്റെ അടിയാട്ടിയെകടശിയായിട്ടെങ്കിലും അങ്ങു സുഗന്ധവർഗ്ഗങ്ങളുടെ പരിമളത്തിനു വലിപ്പവും, ഒരു മരണത്തിന്റെ പാറാവിൽനിന്നു എടുപ്പവും കർത്താവിനൊടു അപേക്ഷിച്ചു. എന്നാൽ വീട്ടുകാരിൽ ആരും ഇല്ലാതെ ഒരു കുറുകരനെന്നു അറിയിരിക്കയും, പെസഹാദിവസം കാലത്തുതന്നെ പരമധ്യാനത്തിൽമുഴുകിയിരിക്കയും ചെയ്തപ്പോൾ, ഒരുശൊമിശിഹാ അങ്ങു പരിശുദ്ധമാതാവിനൊടും, ശ്ലീഹന്മാരൊടും, അനേക ശുദ്ധമാക്കപ്പെട്ടവരൊടും, മൈവഭൃതന്മാരൊടും ഒരുമിച്ചു തന്റെ അടുക്കൽ വരുന്നതുകണ്ടു. എന്നാൽ ഒരുശൊ

മിശിഹാ അവരുടെ കട്ടിലിന്മേൽ കിടത്തുവ
ശത്തും, കന്യാസ്ത്രീമറിയം ഇടത്തുവശത്തും ഇ
രിക്കയും, ശെഷംപേർ ക്രമമായി കട്ടിലിന്ന
ുറവും വളഞ്ഞും ഇരിക്കയും ചെയ്തു. പിന്നെ
ഒരു അലങ്കരിക്കപ്പെട്ട ചെറുമെശയും, അ
തിന്മെൽ തിരു സ്നെഹിന്മേറ പാത്രംപോലെ
എരുയും അലങ്കാരമുള്ള പാത്രവും, എരുയും
വിശെഷ അഴകുള്ള ഒരു കുരിശിനെയും,
മുറി മുഴുവനും അതിശയമായി പ്രകാശിപ്പി
ച്ചിരുന്ന ബഹു ശൊഭയുള്ള ഒരു തിരിയും ക
ണ്ടു. അപ്പൊൾ, ഒരൊ കന്യകയുടെ ദെഹം
പാദം മുതൽ തലവരെ, എണ്ണമില്ലാത്ത പി
ഡകളാൽ ബാധിക്കപ്പെട്ടിരുന്നു. എന്നാൽ ഇ
താ, രക്ഷനാഥൻ പട്ടക്കാക്കുത്ത വസ്ത്രങ്ങൾ
ധരിച്ചു, മരിപ്പാറായിരിക്കുന്നവക്കതിരുസ്നെ
ഹത്തുകൊണ്ട പൂശുമാറാകുന്ന അവയവങ്ങൾ
ഒക്കയിലും പൂശുന്നപ്രകാരം ഗ്രഹിച്ചു. എ
ന്നാൽ രക്ഷിതാവ യാതൊരു വചനവും ഉ
ച്ചരിക്കുന്നത കെട്ടില്ല. അതിന്മേറ ശെഷം ക
ർത്താവു, തിരിയെ ഇവരുടെ കൈയിൽ കൊ
ടുത്തിട്ട, തന്മേറ മാതാവിനൊടുകൂടെ പിടി
ച്ചിരുന്നു. മെല്ലവന്ന കുരിശ്ശ ഒരൊ കന്യകമരി

ക്കുന്നതുവരെയുള്ളും കാണപ്പെടാത്ത പ്രകാരം അവിടെ നിന്നിരുന്നു. ഇപ്രകാരം പൂചപ്പെട്ടുകഴിഞ്ഞശേഷം, കുത്താവിനെ നൊക്കി താൻ മരിച്ചിട്ട ശ്രുഷ്ടീകരസ്ഥലത്തിൽപൊകാതെ, ചൊവ്വെ അങ്ങെപകൽ ചെരുന്നതിനുവെണ്ടി തന്റെ ജീവാത്മാം അത്ര അധികനൊമ്പരങ്ങളാലും, പീഡകൽകൊണ്ടും ഞെരുക്കമുള്ളതാകെണമെന്ന അപെക്ഷിച്ചു. "ഇങ്ങനെതന്നെ, മകളെ! നീ അപെക്ഷിക്കുന്നതുപൊലെതന്നെ സംഭവിക്കും. ഇന്നുള്ള രണ്ടാംപക്കം എന്റെ പിതാവിന്റെ രാജ്യത്തിൽ ശെഷം കന്യകളൊടു ഒരുമിച്ചു നീ അല്ലെലൂയ പാട്ടും എന്നു അരുളിച്ചെയ്തിട്ട മറയപ്പെട്ടുപൊയി. അതിന്റെ ശെഷം ൦രം കന്യകതന്നൊടുകൂടെ നിന്നിരുന്നതൊ വല്ലതുനൊടു ബഹുസ്നെഹമായി സംസാരിച്ചിരുന്നു. പിറെ ദിവസം കാലത്തുതന്നെ ൦രം കന്യകയുടെ കുമ്പസാരക്കാരൻവന്നു. എന്തുകൊണ്ടെന്നാൽ, രാത്രി ൦രം കന്യകതന്മാരൊടും, ശ്രുഷ്ടമാകപ്പെട്ടവരൊടുംകൂടെ ആനന്ദിക്കുന്നതു ഇദ്ദെഹം അരുപിയാലെ കണ്ടിരുന്നു. എന്നാൽ വന്നപ്പൊൾ

അനുഭവിച്ച സുഗന്ധത്തിന്റെ ആധിക്യത്താൽ
ഭ്രാന്തുപിടിച്ചതുപൊലെ, നിലവിളിച്ച "സ
ഹൊദരി! നിന്നൊടുക്കുടെ ഞാൻ സന്തൊ
ഷിച്ച മംഗലംപറയുന്നു; എന്തുകൊണ്ടെന്നാൽ
ഒരു രാത്രിയിൽ കന്ത്താവു നിന്നൊടുക്കുടെ താ
മസിച്ചുവെന്നും, അങ്ങെ പക്കൽനിന്ന ഒരുവി
ശെഷസുഗന്ധം പുറപ്പെട്ടുവെന്നും ഞാൻ അറി
യുന്നു,, വെന്നുപറഞ്ഞു. അതിന്ന പുണ്യവാള
ത്തി "അയൊഗ്യയായ എന്നെ കന്ത്താവ ത
ന്റെസന്ദർശനത്തിന്നയൊഗ്യമാക്കിയതുകൊ
ണ്ട അങ്ങെക്ക സ്തുതിയായിരിക്കട്ടെ; എന്നാൽ
വെഗത്തിൽ എന്റെ ശരീരനൊമ്പരങ്ങളും,
പീഡകളും വർദ്ധിക്കുമെന്ന അച്ചൻ അറിഞ്ഞി
രിക്കെണം,, എന്ന ഉത്തരമുചു. എന്നാൽ മര
ണത്തെക്കുറിച്ച ഒന്നും അദ്ദെഹത്തൊടു അറി
യിച്ചില്ല; അതെന്തെ യാതൊരു മനുഷ്യരുടെയും ആശ്വാസം കൂടാതെ തനിയെ കിട
ന്ന മരിക്കെണമെന്ന ദിവ്യനാളത്തെക്കു കന്ത്താവിനൊടു അപെക്ഷിച്ചിട്ടുണ്ടായിരുന്നു.

൯൯. പെസഹാ കഴിഞ്ഞിട്ട മൂന്നാം ദിവ
സമായപ്പൊൾ, അന്ന താൻ മരിക്കുമെന്ന
നിശ്ചയമായി അറിഞ്ഞു, അധികം പ്രിയമുള്ള

വിട്ടുകാരിൽവെച്ചു തല്ക്കാലം പാടായവരെ
ഒക്കയും വിളിച്ചുകൂട്ടി; നിങ്ങളുടെപക്കൽ ഞാ
ൻ മനോഹ്രണം കണ്ടെത്തിയെങ്കിൽ, ഒരം ദി
വസത്തിൽ ഞാൻ തനിയെ ഇരിപ്പാനും വ
ല്പെതും ആവശ്യമുണ്ടെങ്കിൽ പറയുന്നതിന്ന
എന്റെ കൊച്ചുമരുമകൾ ബാർട്ടുവിനസമാ
ശ്രം എന്നോടുകൂടെ ഇരിപ്പാനും അനുവദി
ക്കണമെന്ന അപെക്ഷിച്ചു. ഇപ്രകാരം അ
വർ എല്ലാവേളും ദൂരെപൊയശെഷം, ഒരം
പൂണ്യകന്യക തന്റെ അവസാനം മനോവി
ശ്വാസത്തോടുകൂടെ കർത്താവിന്ന ഏല്പിപ്പാ
നും, ഴുഴുമണിമുതൽ ഉച്ചകഴിഞ്ഞ നാലുമ
ണിവരെ ഉള്ളിലെദീന വ്യാകുലങ്ങളാലും,
ഉഗ്രമായ ഞരമ്പുവലികൾകൊണ്ടും, ഇരുപ
തുപ്രാവശ്യം നെഞ്ചിൽനിന്ന ഭയകര ഓക്കാ
നംകൊണ്ട കുട്ടികൂടെയും, നുക്കനുക്കായി
ഛർദ്ദിച്ചതിനാലും, പറഞ്ഞൊപ്പിക്കരുതാത്ത പീ
ഡയനുഭവിച്ചു. കടശി മരണാവസ്ഥയിലാ
യി, വലിയ പ്രയാസത്തോടുകൂടെ തന്റെ
കൊച്ചു മരുമകനൊടു, എന്റെ മകനെ!
ഞാൻ എന്തൊരു പീഡ അനുഭവിക്കുന്നു എ
ന്ന എന്റെ അച്ചൻ അറിഞ്ഞിരുന്നെങ്കിൽ

കൊള്ളായിരുന്നു. പൈതൽ ഇതുകേട്ടു വള്ള
രെ കലങ്ങി പ്രലാപിച്ചു. കുമ്പസാരക്കാര
നെ വിളിപ്പാൻ മനസ്സാകുന്നോ എന്നു ചൊ
ദിച്ചു. എന്നാൽ പൂണ്ണ്യവാളത്തിക്കു ഒന്നും പ
റവാൻ പാടില്ലെന്നു കണ്ടു; തീരെ വശംകെ
ടുമെന്നു ഭയന്നു നിലവിളിച്ചു, കുമ്പസാരക്കാ
രനെയും, ചില വീട്ടുകാരെയും വിളിച്ചു, അ
വർ പ്രലാപിച്ചുകൊണ്ടു ഓടിവന്നു. അ
പ്പോൾ പൂണ്ണ്യവാളത്തി മരിച്ചുകിടന്നിരുന്നു.
അതിനാൽ സകലക്കും പറയാവതല്ലാത്ത സ
ങ്കടംകൊണ്ടു, എന്തുചെയ്യുണമെന്നു അറിയാ
തെ, വ്യസനിച്ചിരുന്നു. കടശി വീടു മുഴുവ
നും കലക്കവും പ്രലാപവും ആയിരിക്കയി
ൽ കുഞ്ഞീന എന്ന പെരായിഒരു സ്ത്രീ, ലിട്ടീ
നാതന്റെ വലത്തുകൈയെക്കുറിച്ചു പറഞ്ഞി
രുന്ന ഒരു വചനം ഓർത്തു, കൂട്ടുകാരത്തിക
ളെ നൊക്കി, ഒരു കന്യകയുടെ വലത്തുകൈ
ഇടത്തുകൈയൊടുകൂടിയിരിക്കുന്നോ എന്നു
നമുക്കുനൊക്കാ എന്നുപറഞ്ഞു. എന്തുകൊണ്ടെ
ന്നാൽ ഇവർ മരിക്കുന്നതിന്നുമുമ്പിൽ ഇരു
കൈകൊണ്ടും ദൈവത്തെ സ്തുതിക്കുമെന്നു
ജ്ഞാപിച്ചിരിക്കുമ്പോൾ പറഞ്ഞിട്ടുണ്ടായിരുന്നു

രിനാൽ ഇത്ര ഇവരുടെ മരണത്തിന്റെ നിശ്ചയമുള്ള അടയാളമായിരിക്കും എന്നു പറഞ്ഞു. ഇപ്രകാരം അവർ നൊക്കിയാറെ, കൈവിരലുകൾ തമ്മിൽ ചെന്നിരിക്കുന്നത കണ്ടതുക്കുടാതെ, മൂന്നു വക്ഷമായി കറുകറുത്ത ദെഹത്തെ മുറുക്കിയിരുന്ന മുള്ളരഞ്ഞാണം ദൈവദൂതന്റെ കൈകളാൽ ശരീരത്തിൽനിന്ന എടുക്കപ്പെട്ടിട്ട, അതിന്റെ കെട്ടുകൾ കറുകറുത്ത ദെഹത്തിൽ ബന്ധിക്കപ്പെട്ടിരുന്നതുപൊലെതന്നെ അഴിയപ്പെടാതെ ഇരിക്കുന്നപ്രകാരവുംകണ്ടു. ൦രം തപക്കരുവ ഇതുവരെ കാക്കപ്പെട്ടുന്നതുക്കുടാതെ, അതിൽനിന്ന അതിശയമായ പരിമളം വീശിയും വരുന്ന. സാക്ഷാൽ ഇത എന്റെ കൈകൊണ്ടതന്നെ ഞാൻ തൊട്ടതുക്കുടാതെ ഇത പിശാചുക്കൾക്ക ബഹുപകയും സങ്കടവും ഉള്ളതെന്നും പരീക്ഷിച്ചറിഞ്ഞു.

൫൦. ൦രം പരിശുദ്ധകന്യക മരിച്ചതിന്റെ ശെഷം, ഇവരുടെ കുമ്പസ്സാരക്കാരൻ രാത്രി കട്ടിലിന്മെൽ കിടക്കുമ്പൊൾ, ചുണ്ടും കഴുത്തും മുഴുവനും പൊൽകൊണ്ടുള്ളതും കാലുകൾ കുവന്നപ്രകാശിച്ചിരുന്നതും, ചിറകുകൾ വെ

ള്ളിനിറമായിരുന്നതുമായ ഒരു മീപ്രാവി
ന്റെ രൂപത്തിൽ ഒരു കന്യകയുടെ ആത്മാ
മോക്ഷത്തിലെക്ക പറക്കുന്നതുകണ്ടു; ഒരു പ
ട്ടക്കാരന്റെ സഹോദരിയായ ഒരു കന്യക
ലിദ്വീനയുടെ തിരുശ്ശരീരം കാത്തുവരുമ്പോ
ൾ, അല്പമായി മന്ദിച്ചിരിക്കുന്ന സ്ഥിതിയിൽ
ഒരു പുണ്യവതിയുടെ ആത്മാവ് മാലാഖാമാരാ
ൽ ആകാശത്തിൽ കരേറ്റപ്പെടുന്നതും, ഭാ
ഗ്യപ്പെട്ടവരുടെ ആത്മാക്കൾ ബഹു പ്രകാശം
വീശിക്കൊണ്ടു എതിരെല്ലിന്നവന്ന വളരെ
സന്തോഷം കാട്ടിക്കൊണ്ടെ "പ്രിയമുള്ള കൊ
ച്ചു ലിദ്വീനയെ ആഗ്രഹംപൊലെ നീ വ
ന്നുചെന്നു; നിന്റെ വരവ ഞങ്ങൾക്കു പുത്ത
നായ സന്തോഷം വരുത്തുന്നു" എന്ന പറയു
ന്നതും കണ്ടു. മറുപല കന്യകകൾക്കും ഭക്തി
യുള്ള സ്ത്രീകൾക്കും ഒരു പുണ്യവതിയുടെ വി
ശേഷ മഹത്വത്തെ വെളിപ്പെടുത്തുന്ന പല
കാഴ്ചകൾ ഉണ്ടായി. എന്നാൽ ആഗ്രഹങ്ങള
ടെ മനുഷ്യനായ ഇവരുടെ കുമ്പസ്സാരക്കാര
ൻ പെസഹായുടെ നാലാംദിവസത്തിൽ ഒരു
കന്യകയുടെ തിരുശ്ശരീരം വെക്കപ്പെട്ടിരുന്ന
സ്ഥലത്ത വന്നപ്പോൾ ഇവരുടെ ജീവിതകാ

ലത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത അപൂ
വ്വപരിമളം അനുഭവിച്ചു. ഒരു ദേഹം മുട്ടുകു
ത്തി തിരുശ്ശരീരം വണങ്ങിയതിന്റെശേഷം
അതകാത്തുകൊണ്ടുനിന്നിരുന്ന ഒരുത്തിയൊ
ടു ഒരു കന്യകയുടെ മുഖം തുടപ്പാൻ പ്രമാ
ണിച്ചു. അപ്രകാരംചെയ്തു ഉടനെ എത്രയും
സാമർത്ഥ്യപ്പെട്ട ഒരു ചിത്രമെഴുത്തുകാരനാൽ
ഭംഗിയായി എഴുതപ്പെട്ട ഒരു രൂപം പൊ
ലെ മുഖംമുഴുവനും വെണ്മയുള്ളതായി കാ
ണപ്പെട്ടു. ശേഷം ശരീരം മുഴുവനും അപ്പൊ
ൾതന്നെ എത്രയും ശോഭയുള്ള വണ്ണം ഇ
ന്നുപൊലെ വടവും, ഉരുപ്പും മൂണ്ടുവും ഉള്ള
തായിതീൎന്നു. വിശേഷിച്ചു, സ്വഭാവത്താലെ
ഒരു ജീവിച്ചിരിക്കുന്ന ആളിന്ന ഉണ്ടാകുവാ
ൻ പാടില്ലാത്ത അത്രവലിയ അഴക ഒരു
കന്യകയുടെ ദേഹത്തിന്ന സൎവ്വശക്തനായ
സൎവ്വേശ്വരൻ നൽകി മുൻപറഞ്ഞവണ്ണം ദി
വ്യദൂതന്മാർ സ്പൎശിച്ച ശരീരത്തിന്റെ മു
ന്നസ്ഥലത്ത ചുവന്ന നൂലുപൊലെയുള്ള അ
ടയാളം ശേഷിച്ചിരുന്നു. രാപകലും ഒരു ദേ
ഹം കാത്തുകൊണ്ടു നിന്നിരുന്ന കന്യകകൾ ത
ങ്ങൾക്ക വിശപ്പും, ദാഹവും ഉറക്കവും ഒന്നും

ഇല്ലെന്നും, ആയത പരിമളത്തിന്റെ ആശ്ച
ര്യമായ ഇമ്പവും, തിരുശ്ശരീരത്തിന്റെ സദാ
യുള്ള കാന്ത്യയാൽ അനുഭവിച്ചിരുന്ന സന്തു
ഷ്ടിയും കൊണ്ടതുയെന്നും സാക്ഷികരിച്ചി
രിക്കുന്നു. എന്നാൽ ഒരും കന്യകയുടെ മര
ണശ്രുതി എങ്ങും പരന്നാറെ, അനുഭവിച്ച
പല ദിനങ്ങൾകൊണ്ടും, ദൈവീക ആശാ
സങ്ങളുടെ പെരുപ്പവും, ജീവിതത്തിന്റെ പു
ണ്യതപവും സാംഗോപാംഗവും കൊണ്ടും എ
ങ്ങും കീർത്തിയായി മതിക്കപ്പെട്ടിരുന്ന കന്യ
കയെ മരിച്ചശേഷമെങ്കിലും ഒന്നു കാണുന്ന
തിന്നുവെണ്ടി നാനാഭാഗത്തുനിന്നും അനേ
കമ്പേർവന്നുകൂടിയിരുന്നു. അപ്പോൾ വന്നുകൂ
ടിയിരുന്ന പൈതങ്ങളിൽവെച്ചു, അപ്പോൾ
തള്ളയുടെ മുലകുടിച്ചിരുന്ന ഒരു പൈതൽ ക
ന്യകയുടെ തിരുശ്ശരീരം കണ്ട ഉടനെ, മുല
പ്പാല കുട്ടാക്കാത്തതുപൊലെ മുഖത്തെളി
പൊടുക്കുടെ കൈക്കുപ്പി, കാണുന്നവർ കര
വാനും, കഠിന ഹൃദയങ്ങൾ ഇളകി പരിശു
ദ്ധ ശരീരത്തിന്ന തക്കവണക്കം ചെയ്വാനും
തക്കവണ്ണും അത്രവലിയ ആചാരത്തൊടുക്ക
ടെ കൊച്ചുകണ്ണുകൾ തിരുശ്ശരീരത്തിൽ പ

തിച്ച ശ്രീകൃഷ്ണൻ ചിരുന്നു. പരലോക വാസത്തിൽ ഭാഗ്യപ്പെട്ടിരുന്ന ഒരു കന്യകയുടെ നിമ്മല പ്പെട്ട ആത്മാവിന്റെ വാസമായിരുന്ന തിരുശ്ശരീരം അപ്പോൾതന്നെ ഒരു ഭൂമിയിൽ മനുഷ്യർ വണങ്ങിയിരുന്നു. കുമ്പസ്സാരക്കാരനും മറ്റുപലരും, പുണ്യവാളത്തി അപേക്ഷിച്ചിരുന്നതുപോലെ അവരെ വെഗം അടക്കംചെയ്യാൻ ആഗ്രഹിച്ചിരുന്നാലും അടക്കപ്പെടുന്നതിനുമുമ്പിൽ, അധികാരികാണ്മാൻ വരുമെന്ന പറഞ്ഞിരുന്നതുകൊണ്ട, അപ്രകാരം ചെയ്യാൻ തുനിഞ്ഞില്ല. അതിനാൽ സ്സെക്കേദം പട്ടണത്തിന്റെ അധിപതിയും, മെലധികാരി വരുന്നതുവരെക്കു അടക്കപ്പെടുന്നതിനു മുടക്കി. എന്നാൽ കടശി അധികാരി വരുമെന്ന ഒരു ശരണമില്ലാതിരിക്കയിൽ, ശ്ലൂ: യൊഹന്നാന്റെ നാമത്തിലുള്ള ഇടവകപ്പള്ളിയിൽ മഹാ ആഘോഷത്തോടെ അടക്കംചെയ്യപ്പെട്ടു. ഒരു പരിശുദ്ധകന്യക ഉറങ്ങുന്നു മെടം ഉറാംനു- മരിച്ചു.

